Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം VACHAKAM

CHICAGO
Vol. 5 / Issue 50/ Pages32
08
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 24

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

www.vachakam.com
news@vachakam.com
canada@vachakam.com



No-Bill Hospital

## നോ-ബിൽ മിഷൻ:

കിടപ്പുരോഗികൾ, മരണാസന്നർ, വാർദ്ധക്യ സഹജമായ അസുഖം മൂലം ദുരിതം അനുഭവിക്കുന്നവർ എന്നിവർക്കായി സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ ദീർഘകാല അടിസ്ഥാനത്തിൽ നൽകുന്നു, ക്യാഷ് കൗണ്ടറുകളോ ബില്ലുകളോ ഇല്ലാത്ത ഹോസ്പിറ്റൽ. ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ എല്ലാവർക്കും സാന്ത്വന പരിചരണം നൽകുന്നു.

### ഞങ്ങളുടെ സൗജന്യ സേവനങ്ങൾ:

- ഹോസ്പിറ്റൽ അഡ്മിഷൻ, താമസം
- ഡോക്ടേഴ്സ് കെയർ & നഴ്സിംഗ് കെയർ
- സെൻട്രലൈസ്ഡ് ഓക്സിജൻ സപ്പോർട്ട്
- ICU നിലവാരത്തിലുള്ള മെഡിക്കൽ ബെഡുകൾ
- രോഗികൾക്കും ബൈസ്റ്റാൻഡർമാർക്കും ഭക്ഷണം
- പാലിയേറ്റീവ് മരുന്ന്
- ഫിസിയോതെറാപ്പി
- ഡയാലിസിസ്
- അൾട്രാസൗണ്ട് സ്കാനിംഗ്
- എക്കോ ടെസ്റ്റ്
- ഡെന്റൽ കെയർ

ശാന്തിഭവന്റെ ഗ്ലോബൽ നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്യുന്നതിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

**Support No Bill Mission:**
**Zelle: +1 (302) 580-7390**

### *Our Patrons*



Archbishop
***Mar Andrews Thazhath***
Chief Patron



Bishop
***Mar. Vincent Samuel***
Patron



Bishop
***Mar Joy Alappat***
Patron

### *The Visionaries Behind India's First 'No-Bill' Hospital Model*



V.Rev. Sister
***Maria Chiara FSC***
Co Founder



***Rev.Fr. Joy Koothur***
Co Founder,
CEO & Trustee



***Sr. Beatrice Scalinci FSC*** (Late)
Co - Founder

**ShanthiBhavan**
**Palliative Hospitals**
**The First Palliative Hospital in INDIA**
The Power of Palliative Care
● Pallissery, **Thrissur** ● Vattappara, **Thiruvanthapuram**
+ 91 487 - 66 11 600, + 91 9744342009
office@shanthibhvan.in| www. shanthibhvan.in

Palliative International
Compssion Beyond Borders

**SHANTHI BHAVAN**
**PALLIATIVE INTERNATIONAL INC.**
- **UNITED STATES**, +1 (302) 580-7390, +1 (302) 520 5311
- **AUSTRALIA** +61 493 217 501, +61 3 9111 2473
- **ITALY** +39 800 683 866

www.palliativeinternational.com

Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

CHICAGO
Vol. 5 / Issue 50/ Pages 32
08
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 24

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

www.vachakam.com
news@vachakam.com
canada@vachakam.com

## യു.എസ് ആരോഗ്യ മേഖലയിൽ ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതി വേട്ട



# വ്യാജ ക്ലെയിമുകളിൽ മിന്നൽ നടപടിയുമായി ഭരണകൂടം

അമേരിക്കൻ ആരോഗ്യമേഖലയെ പിടിച്ചുലച്ച ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതിക്കഥ പുറത്തുകൊണ്ടുവന്ന് ട്രംപ് ഭരണകൂടം. അവയവം, കോശം മാറ്റിവെക്കൽ ക്ലെയിമുകളുടെ മറവിൽ കേവലം ആറ് വർഷത്തിനിടെ 7,100 ശതമാനത്തിന്റെ അവിശ്വസനീയമായ തട്ടിപ്പാണ് നടന്നതെന്ന് കണ്ടെത്തി. വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം നടത്തിയ പരിശോധനയിലാണ് ഞെട്ടിക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയത്.2019ൽ ഏകദേശം 200 മില്യൺ ഡോളറായിരുന്ന അവയവ-കോശ മാറ്റിവെക്കൽ ക്ലെയിമുകളുടെ തുക 2025 ആയപ്പോഴേക്കും 1,440 കോടി ഡോളറിലേക്ക് കുതിച്ചുയരുകയായിരുന്നു. തട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി സെന്റേഴ്സ് ഫോർ മെഡിക്കെയർ ആൻഡ് മെഡിക്കെയ്ഡ് സർവീസസ് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും മാർച്ച് മാസം മുതൽ സമർപ്പിക്കപ്പെട്ട ക്ലെയിമുകളിൽ 96 ശതമാനവും നിരസിക്കുകയും ചെയ്തു. നിലവിൽ സി.എം.എസ് അഡ്മിനിസ്ട്രേറ്റർ ഡോ. മെഹ്മത് ഓസിന്റെ മേൽനോട്ടത്തിൽ ഈ വർഷം മെയ് വരെ

ശേഷം പേജ് 8ൽ

'തൂഫാൻ' ഇളംകാറ്റാകരുത്
(സെർജി ആന്റണി എഴുതുന്നു) ...... പേജ് 06

താക്കറേ മറന്ന 'റിവേഴ്സ് റെമിറ്റൻസ്' വ്യാധി കേരളത്തിൽ .............. പേജ് 15

ഹഡ്സൺ നദീതീരത്തൊരു മൃതശരീരം ......................... പേജ് 19

അഴിമതിയുടെ കൂമ്പാരമേഘങ്ങൾക്ക് താഴെ വിറച്ചും വിറങ്ങലിച്ചും .... പേജ് 24

പിടിച്ചതിലും വലുത് അളയിൽ! ......................... പേജ് 25

സെമി കാണാതെ മടങ്ങുമോ സി.പി.എം? ....................... പേജ് 27

## ഒബാമകെയർ പ്രീമിയം 14% വരെ കൂടിയേക്കും

# ഇടത്തരം കുടുംബങ്ങൾക്ക് ഇരുട്ടടി!




അഫോർഡബിൾ കെയർ ആക്ട് (ഒബാമകെയർ) വഴി ഹെൽത്ത് ഇൻഷുറൻസ് എടുത്ത ഇടത്തരം വരുമാനക്കാരായ അമേരിക്കക്കാർക്ക് അടുത്ത വർഷവും ആശ്വാസം ലഭിക്കാൻ സാധ്യതയില്ലെന്ന് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നു. വിപണിയിലെ ഇൻഷുറൻസ് കമ്പനികൾ തുടർച്ചയായ രണ്ടാം വർഷവും പ്രീമിയം തുകകളിൽ രണ്ടക്ക വളർച്ചാ നിരക്കാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ആരോഗ്യ ഗവേഷണ സ്ഥാപനമായ കെ.എഫ്.എഫ് നടത്തിയ പുതിയ വിശകലനം അനുസരിച്ച്, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ ഇൻഷുറൻസ് കമ്പനികൾ അടുത്ത വർഷത്തേക്ക് ശരാശരി 14 ശതമാനത്തിന്റെ പ്രീമിയം വർദ്ധനവാണ് മുന്നോട്ടുവെച്ചിരിക്കു

ശേഷം പേജ് 8ൽ

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ജോലി ഉപേക്ഷിക്കുന്നത് മടുത്തിട്ടല്ല! അമേരിക്കൻ തൊഴിൽ വിപണിയിലെ ചരിത്രപരമായ ഇടിവിന് പിന്നിലെ കാരണം ഇതാണ്

അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ കനത്ത ആശങ്കയിലാഴ്ത്തിക്കൊണ്ട് രാജ്യത്തെ തൊഴിൽ പങ്കാളിത്ത നിരക്ക് 61.5% ആയി താഴ്ന്നിരിക്കുന്നു. കോവിഡ് മഹാമാരിയുടെ സമയമൊഴിച്ചു നിർത്തിയാൽ കഴിഞ്ഞ 50 വർഷത്തിനിടയിലെ (1976 ന് ശേഷമുള്ള) ഏറ്റവും കുറഞ്ഞ നിരക്കാണിത്. ജൂൺ മാസത്തിൽ മാത്രം 7,20,000 ആളുകളാണ് തൊഴിൽ സേനയിൽ നിന്ന് പുറത്തുപോയത്. എന്നാൽ, തൊഴിൽ ലഭിക്കാത്തതുകൊണ്ട് ആളുകൾ മടുത്തു സ്വയം പിന്മാറുന്നതാണെന്ന പരമ്പരാഗത സാമ്പത്തിക നിഗമനങ്ങൾ ഇവിടെ പൂർണ്ണമായി ശരിയല്ലെന്ന് ഇൻഡീഡ് ഹയറിംഗ് ലാബിലെ സാമ്പത്തിക വിദഗ്ദ്ധയായ ലോറ ഉൾറിച്ച് വ്യക്തമാക്കുന്നു.

ഇത് തൊഴിലവസരങ്ങളുടെ കുറവല്ല, മറിച്ച് ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്ത ലേബർ സപ്ലൈ പ്രതിസന്ധിയാണ്.



## തലമുറകളുടെ മാറ്റവും വിരമിക്കലും

തൊഴിൽ ശക്തിയിലെ ഈ വൻ തകർച്ചയ്ക്ക് പിന്നിലെ ഏറ്റവും വലിയ കാരണം തലമുറ മാറ്റവും വിരമിക്കലുമാണ്. ബേബി ബൂമർ തലമുറയിൽപ്പെട്ട ദശലക്ഷക്കണക്കിന് ആളുകൾ ഒരേസമയം വിരമിക്കൽ പ്രായത്തിലേക്ക് എത്തുന്ന ഡെമോഗ്രാഫിക് ക്ലിഫ് അമേരിക്കൻ തൊഴിൽ മേഖലയെ വൻതോതിൽ ബാധിച്ചിരിക്കുന്നു. ഇൻഡീഡ് ഹയറിംഗ് ലാബ് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം 2025 നും 2032 നും ഇടയിൽ യു.എസ് തൊഴിൽ സേനയിൽ നിന്ന് ഏകദേശം 3.7% അഥവാ 59 ലക്ഷത്തോളം തൊഴിലാളികളുടെ കുറവുണ്ടാകും. ഇത് തടയാനാകാത്തവിധം അമേരിക്കൻ സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധരുടെ വിലയിരുത്തൽ.

## കുടിയേറ്റ നയങ്ങളും തൊഴിലാളികളുടെ പ്രായ ഘടനയും

കുടിയേറ്റ നയങ്ങളിലുണ്ടായ കർശനമായ മാറ്റങ്ങളാണ് പ്രതിസന്ധിയുടെ ആഴം കൂട്ടിയ മറ്റൊരു ഘടകം. യു.എസ് ബ്യൂറോ ഓഫ് ലേബർ സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റ പ്രകാരം, അമേരിക്കൻ സ്വദേശികളായ തൊഴിലാളികളേക്കാൾ ഉയർന്ന തൊഴിൽ പങ്കാളിത്ത നിരക്കുള്ളവരാണ് കുടിയേറ്റക്കാർ. കുടിയേറ്റക്കാരുടെ പങ്കാളിത്ത നിരക്ക് 66.3% ആയിരിക്കുമ്പോൾ സ്വദേശികളുടേത് 61.6% മാത്രമാണ്. പുരുഷന്മാരുടെ കാര്യത്തിൽ ഈ വ്യത്യാസം വളരെ വലുതാണ്. കുടിയേറ്റ പുരുഷന്മാരിൽ 76.9% പേരും തൊഴിൽ വിപണിയിലുള്ളപ്പോൾ സ്വദേശികളിൽ ഇത് 65.8% മാത്രമാണ്.

കൂടാതെ കുടിയേറ്റക്കാരിൽ 70.1% പേരും ജോലി ചെയ്യാൻ ഏറ്റവും അനുയോജ്യമായ 25 നും 54 നും ഇടയിൽ പ്രായമുള്ളവരാണ്. കുടിയേറ്റം കുറയുമ്പോൾ തൊഴിൽ ശക്തിയുടെ ശരാശരി പ്രായം ഉയരുകയും ഉൽപ്പാദനക്ഷമതയെ അത് ബാധിക്കുകയും ചെയ്യുന്നു.

## എഐ ഉണ്ടാക്കുന്ന തൊഴിൽ വിടവും മേഖല തിരിച്ചുള്ള പ്രതിസന്ധിയും

മറ്റൊരു പ്രധാന വെല്ലുവിളി കൃത്രിമ ബുദ്ധിയുടെ ദ്രുതഗതിയിലുള്ള വളർച്ചയും തൊഴിൽ മേഖലയിലെ പൊരുത്തക്കേടുകളുമാണ്. പുതിയ ബിരുദധാരികളും യുവാക്കളും പ്രധാനമായും തിരഞ്ഞെടുക്കുന്ന ഐ.ടി, ഫിനാൻസ്, പ്രൊഫഷണൽ ബിസിനസ്സ് സർവീസസ് തുടങ്ങിയ മേഖലകളെയാണ് എ.ഐ ഏറ്റവും കഠിനമായി ബാധിക്കുന്നത്. കൂടുതൽ എ.ഐ കടന്നുവരുന്ന സാഹചര്യത്തിൽ ഈ മൂന്ന് മേഖലകളിലെയും മൊത്തം തൊഴില്ലായ്മ നിരക്ക് 2025 ലെ 4% ൽ നിന്ന് 2032 ഓടെ 12% ആയി ഉയരാം. ഐ.ടി മേഖലയിൽ ഇത് 21.2% വരെ ഉയർന്നേക്കാം.

അതേസമയം ആരോഗ്യം, നഴ്സിംഗ്, ഗവൺമെന്റ്, നിർമ്മാണം, ഹോം ഹെൽത്ത് എയ്ഡ് തുടങ്ങിയ മേഖലകളിൽ കടുത്ത തൊഴിലാളി ക്ഷാമം നേരിടുന്നുണ്ട്. ഉദാഹരണത്തിന് ന്യൂ മെക്സിക്കോയിൽ 39.2% ഫിസിഷ്യൻമാരും 60 വയസ്സിന് മുകളിലുള്ളവരാണ്. എന്നാൽ ഉയർന്ന യോഗ്യതാ മാനദണ്ഡങ്ങളും കുറഞ്ഞ വേതനവും കാരണം യുവാക്കൾ ഇത്തരം മേഖലകളിലേക്ക് കടന്നുവരാൻ മടിക്കുന്നു. എ.ഐ സാങ്കേതിക വിദ്യ വികസിക്കുന്നുണ്ടെങ്കിലും, ആരോഗ്യനിർമ്മാണ മേഖലകളിലെ തൊഴിലാളി ക്ഷാമത്തിന് പരിഹാരമാകാൻ എ.ഐക്ക് സാധിക്കുന്നില്ല.

## കുടുംബ സമ്പത്തും നേരത്തെയുള്ള വിരമിക്കലും

ബേബി ബൂമർ തലമുറയിൽ നിന്ന് അടുത്ത തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടാനിരിക്കുന്ന ഭീമമായ സ്വത്തും തൊഴിൽ പങ്കാളിത്തത്തെ ബാധിക്കുന്നുണ്ട്. സാമ്പത്തികമായി ഭദ്രതയുള്ള കുടുംബങ്ങളിലെ ആളുകൾ നേരത്തെ വിരമിക്കാനോ തൊഴിൽ വിപണിയിൽ നിന്ന് മാറിനിൽക്കാനോ ഇത് കാരണമാകുന്നു. നിലവിൽ 72%73% അമേരിക്കക്കാരും തങ്ങൾ സാമ്പത്തികമായി സുരക്ഷിതരാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ചുരുക്കത്തിൽ, കേവലം തൊഴിലില്ലായ്മയോ സാമ്പത്തിക മാന്ദ്യമോ മാത്രമല്ല, മറിച്ച് ജനസംഖ്യാ വ്യതിയാനവും കുടിയേറ്റ നയങ്ങളും സാങ്കേതികവിദ്യയുടെ കടന്നുവരവും ചേർന്നാണ് അമേരിക്കൻ തൊഴിൽ വിപണിയിൽ ചരിത്രപരമായ ഈ മാറ്റങ്ങൾ സൃഷ്ടിക്കുന്നത്.

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

# ട്രംപിന്റെ ഫ്രീഡം ഫ്യുവൽ പെട്രോൾ പമ്പുകൾ: കുറഞ്ഞ നിരക്കിലെ ഇന്ധനത്തിന് പിന്നിലെ യാഥാർത്ഥ്യമെന്ത്?

വാഷിംഗ്ടൺ: ഫിലാഡൽഫിയ മേഖലയിലെ ഇന്ധന ഉപയോക്താക്കൾക്ക് വലിയ ആശ്വാസമായി ട്രംപ് ഭരണകൂടത്തിന്റെ പിന്തുണയോടെ ഫ്രീഡം ഫ്യുവൽ എന്ന പേരിൽ പുനർനാമകരണം ചെയ്ത പെട്രോൾ പമ്പുകൾ പ്രവർത്തനമാരംഭിച്ചു. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പിന്തുണയുള്ള ഈ പദ്ധതിയിലൂടെ ഗാലന് 3.47 ഡോളർ എന്ന കുറഞ്ഞ നിരക്കിലാണ് പെട്രോൾ വിതരണം ചെയ്യുന്നത്.

സമീപത്തുള്ള മറ്റ് പല പമ്പുകളിലും




ഇന്ധനവില ഉയർന്നുനിൽക്കുമ്പോൾ, ഈ കുറഞ്ഞ നിരക്ക് സാധാരണക്കാരായ ഡ്രൈവർമാർക്ക് വലിയ ആശ്വാസമാകുന്നുണ്ട്. രാജ്യത്ത് ഇന്ധനവില കുറയ്ക്കാൻ പ്രസിഡന്റ് ട്രംപ് നേരിട്ട് ഇടപെടുന്നു എന്നതിന്റെ തെളിവായിട്ടാണ് വൈറ്റ് ഹൗസ് സോഷ്യൽ മീഡിയയിലൂടെ ഈ സംരംഭത്തെ ഉയർത്തിക്കാട്ടുന്നത്.

യു.എസ്-ഇറാൻ സംഘർഷങ്ങളെ തുടർന്ന് ആഗോള വിപണിയിൽ എണ്ണ വില വർദ്ധിച്ചിരുന്ന പശ്ചാത്തലത്തിൽ, അമേരിക്കയുടെ 47-ാമത് പ്രസിഡന്റായ ട്രംപിനോടുള്ള ആദര സൂചകമായാണ് 3.47 ഡോളർ എന്ന വില നിശ്ചയിച്ചിരിക്കുന്നത്. പെൻസിൽവാനിയ, ന്യൂജേഴ്സി മേഖലകളിലായി ആകെ 25 ഇന്ധന പമ്പുകളാണ് ഈ ശൃംഖലയുടെ ഭാഗമായി റീബ്രാൻഡ് ചെയ്തിരിക്കുന്നത്. എന്നാൽ, ഇന്ധനം നിറയ്ക്കാനെത്തുന്ന ഭൂരിഭാഗം ഉപയോക്താക്കളും ഇതിന് പിന്നിലെ രാഷ്ട്രീയ നീക്കങ്ങളെക്കുറിച്ചോ ട്രംപ് ഭരണകൂടത്തിന്റെ പങ്കിനെക്കുറിച്ചോ ബോധവാന്മാരല്ല.

കോളജ് വിദ്യാർത്ഥികളും ചെറുകിട വ്യാപാരികളും ദൈനംദിന യാത്രക്കാരുമെല്ലാം ഇതിനെ ഒരു സാമ്പത്തിക ലാഭമായി മാത്രമാണ് കാണുന്നത്. ദൈനംദിന ജീവനോപാധിക്കായി വാഹനം ഉപയോഗിക്കുന്നവർക്ക് വിലയിലെ ചെറിയൊരു കുറവുപോലും പ്രതിമാസ ബജറ്റിൽ വലിയ വ്യത്യാസമുണ്ടാക്കുന്നുണ്ട്. അതേസമയം ഫ്രീഡം ഫ്യുവൽ ശൃംഖലയുടെ സാമ്പത്തിക സ്രോതസ്സിനെക്കുറിച്ചോ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കമ്പനിയെക്കുറിച്ചോ ഉള്ള വ്യക്തമായ വിവരങ്ങൾ വൈറ്റ് ഹൗസ് ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല.

എണ്ണക്കമ്പനികൾ സ്വന്തം ലാഭവിഹിതം കുറച്ചാണ് ഈ നിരക്കിൽ വിൽക്കുന്നതെന്നാണ് ഭരണകൂടത്തിന്റെ വിശദീകരണമെങ്കിലും, ഈ പദ്ധതിയുടെ സുതാര്യതയെക്കുറിച്ച് മാധ്യമങ്ങൾ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

## റീ...പോളിംഗ്




*കശുവണ്ടി വികസന കോർപ്പറേഷനിലെ അഴിമതി പ്രതികളെ തള്ളാതെ കോൺഗ്രസ്*

# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി മത്സരം സെപ്തംബർ 6ന്

ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12-ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ് സെപ്തംബർ ആറിന് നടത്തപ്പെടുമ്പോൾ ലോകത്തിലെ തന്നെ ഏറ്റവും വലിയ സമ്മാനത്തുകയാണ് ഇത്തവണയും നല്കപ്പെടുക. 11111 അമേരിക്കൻ ഡോളർ (ഏകദേശം പത്തുലക്ഷത്തിലധികം ഇന്ത്യൻ രൂപ) ഒന്നാം സമ്മാനമായി നൽകപ്പെടുന്ന മറ്റൊരു വടംവലി ടൂർണമെന്റും ആഗോള മലയാളി സമൂഹത്തിലില്ല എന്നതുകൊണ്ട് തന്നെ വടംവലിയുടെ ലോകകപ്പ് എന്നാണ് ഷിക്കാഗോ സോഷ്യൽക്ലബ്ബിന്റെ വടംവലി ടൂർണമെന്റ് അറിയപ്പെടുന്നത് തന്നെ.




കഴിഞ്ഞ 12 വർഷങ്ങളായി ഒന്നാം സമ്മാനമായ മാണി നെടിയകാലായിൽ മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും ക്യാഷ് പ്രൈസും നല്കികൊണ്ടിരിക്കുന്നത് ക്ലബ്ബ് മെമ്പർ കൂടിയായായ ജോയി നെടിയകാലയിലും കുടുംബവുമാണ്. വടംവലിക്ക് പ്രവാസി നാടുകളിൽ പ്രൊഫഷണൽ മനം നൽകികൊണ്ട് തുടർച്ചായി പന്ത്രണ്ടാം തവണയാണ് ഷിക്കാഗോയിൽ വടംവലി ടൂർണമെന്റ് നടത്തിവരുന്നത്. ഓസ്ട്രേലിയ. ഇറ്റലി, യു.കെ, കുവൈറ്റ്, അയർലണ്ട്, കാനഡ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നായി ടീമുകൾ വടംവലിയിൽ പങ്കുചേർന്നിട്ടുണ്ട്.

ഇത്തവണയും നിരവധി അന്താരാഷ്ട്ര ടീമുകൾ മത്സരത്തിൽ പങ്കെടുക്കും. വടംവലി മത്സരങ്ങൾ ഇത്തവണ ഷിക്കാഗോയ്ക്കടുത്ത് ബെൻസൺവില്ലിലുള്ള എനർജി ഇൻഡോർ സ്പോർട്സ് കോപ്ലക്സിലാണ് നടത്തപ്പെടുക. സെപ്തംബർ 6ന് ഈ ടൂർണമെന്റിൽ പങ്കെടുക്കുവാനും, സാക്ഷികളാകുവാനും ഏവരെയും ക്ഷണിക്കുന്നതായും സംഘാടക സമിതിക്ക് വേണ്ടി ക്ലബ്ബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മറ്റി ചെയർമാൻ സിറിയക്ക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.

◗ *അനിൽ മറ്റത്തിക്കുന്നേൽ*



# ടീം ഇന്റഗ്രിറ്റിക്ക് അറ്റ്ലാന്റയിൽ ഉജ്വല സ്വീകരണം

2026-28 ലെ ഫൊക്കാന തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചു അറ്റ്ലാന്റ സന്ദർശിച്ച ടീം ഇന്റഗ്രിറ്റി നേതാക്കൾക്ക് അറ്റ്ലാന്റയിലെ പ്രമുഖ സംഘടനകളായ ഗാമയും അമ്മയും ചേർന്ന് വമ്പിച്ച സ്വീകരണം നൽകി.

ജൂൺ 27നു നടന്ന മീറ്റ് ദി ക്യാൻഡിഡേറ്റ് പരിപാടിയിൽ 'അമ്മ പ്രസിഡന്റ് റോഷെൽ മെറാൻഡ്സ്, മുൻ പ്രസിഡന്റ് ജിത്തു വിനോയ്, ഗാമ മുൻ പ്രസിഡന്റ് സതി നാഗരാജൻ, അറ്റ്ലാന്റ റീജിയണൽ വൈസ് പ്രസിഡന്റ് അനിൽ കുമാർ പിള്ള, 2026-28 ലെ റീജിയണൽ പ്രസിഡന്റ് സ്ഥാനാർഥി ലോന ബാബു, അറ്റ്ലാന്റയിലെ പ്രമുഖ വ്യവസായി ജോർജ് മേലേത് തുടങ്ങിയവർ നേതൃത്വം നൽകി. അമ്മയിൽ നിന്നും, ഗാമയിൽ നിന്നുമുള്ള എല്ലാ ഡെലിഗേറ്റ്സും ഭാരവാഹികളും സന്നിഹിതരായിരുന്ന മീറ്റിംഗിൽ ടീം ഇന്റഗ്രിറ്റി സ്ഥാനാത്ഥികളായ ഫിലിപ്പോസ് ഫിലിപ്പ് (പ്രസിഡന്റ്), സന്തോഷ് നായർ (ജനറൽ സെക്രട്ടറി), ആന്റോ വർക്കി (ട്രെസ്സുറർ), ഷൈമി ജേക്കബ് (നാഷനൽകമ്മിറ്റി), അനിൽ പിള്ള (നാഷണൽ കമ്മിറ്റി), ലോണ ബാബു (Incoming RVP) എന്നിവർ ഫൊക്കാനയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ടീം ഇന്റഗ്രിറ്റിയുടെ പ്രകടന പത്രിക അവതരിപ്പിക്കുകയും ചെയ്തു.

വടക്കേ അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തെ ഫൊക്കാനയോടൊപ്പം ചേർത്ത് നിർത്തി ഈ പ്രദേശങ്ങളിലെ ഏറ്റവും കഴിവുറ്റ മലയാളി നേതാക്കളെ ഒരുമിപ്പിച്ചു നിർത്തി ശക്തമായ മലയാളി സമൂഹമായി മുന്നോട്ട് കൊണ്ടുപോകുക എന്നതാണ് ടീം ഇന്റഗ്രിറ്റിയുടെ ലക്ഷ്യം.

മലയാളി അസോസിയേഷനുകൾ, സാംസ്കാരിക സംഘടനകൾ, മതസാമൂഹിക കൂട്ടായ്മകൾ എന്നിവ വഴി പുതിയ കുടിയേറ്റക്കാർക്ക് പിന്തുണയും ഐക്യവും നൽകാൻ ടീം ഇന്റഗ്രിറ്റിക്ക് കഴിയുമെന്നും, ഇത് സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുമെന്നും ജനറൽ സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ അഭിപ്രായപ്പെട്ടു. ഫൊക്കാനയുടെ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ഫൊക്കാന മെഡിക്കൽ കാർഡ് കേരളത്തിലെ എല്ലാ ജില്ലകളിലേക്കും, ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് കൂടുതൽ പ്രദേശങ്ങളിൽ തുടങ്ങുവാനും ടീം ഇന്റഗ്രിറ്റി പ്ലാൻ ചെയ്തിട്ടുണ്ടന്നും സന്തോഷ് നായർ പറഞ്ഞു.

ഫൊക്കാന കേരളത്തിൽ തുടങ്ങി വെച്ചിരിക്കുന്ന ഭവന നിർമ്മാണ പദ്ധതി എല്ലാ തടസ്സങ്ങളും മാറ്റി ഫണ്ട് സമാഹരിച്ച് ഊർജിതമായി ഉടൻതന്നെ തുടങ്ങാനാണ് പദ്ധതി ഇട്ടിരിക്കുന്നത് എന്നും ട്രെസ്സുറർ സ്ഥാനാർഥി ആന്റോ വർക്കി എടുത്ത് പറഞ്ഞു. ഫൊക്കാനയുടെ വരുവചലവ് കണക്ക് കൂടുതൽ സുതാര്യമാക്കുമെന്നും ആന്റോ ഉറപ്പു നൽകി.

ജോർജ് മേലേത് ടീം ഇന്റഗ്രിറ്റി അംഗങ്ങളെ സദസ്സിനു പരിചയപ്പടുത്തി. നിലവിലെ RVP അനിൽ പിള്ള എംസി ആയി മീറ്റിംഗ് നിയന്ത്രിച്ചു. 2026-28 ലെ ഞഢജ സ്ഥാനാർത്ഥി ലോണ ബാബു തന്റെ വിജത്തിന് മുൻപിൽ പ്രവർത്തിച്ച ഏവർക്കും നന്ദി അറിയിക്കുകയും ടീം ഇന്റഗ്രിറ്റിക്കു പിന്നിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നും അഭ്യർത്ഥിച്ചു.

# ഫൊക്കാനയുടെ മികച്ച റീജിയനുള്ള അവാർഡിന് അപേക്ഷ ക്ഷണിച്ചു

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ കൂട്ടായ്മ ആയ ഫൊക്കാന മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന റീജിയനെ ആദരിക്കുന്നതിനായും പ്രത്യേക അവാർഡുകൾ നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു.

സാമൂഹിക സേവനം, സാംസ്കാരിക പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, യുവജനവനിതാ ശാക്തീകരണം, ഫൊക്കാനയുടെ മികച്ച സംഭാവനകളായ ഫൊക്കാന മെഡിക്കൽ കാർഡ്, പ്രെവിലേജ് കാർഡ്, ഫൊക്കാന ഹെൽത്ത് ക്ലിനിക്കുമായി സഹകരിച്ചുള്ള പ്രവർത്തനം, ഫൊക്കാന കൺവെൻഷന് റീജിയന്റെ സംഭാവന തുടങ്ങി ഫൊക്കാനയുടെ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിലുള്ള സജീവ പങ്കാളിത്തവും വിവിധ മേഖലകളിലെ സമഗ്ര മികവാണ് അവാർഡിനുള്ള പ്രധാന മാനദണ്ഡങ്ങൾ.

ഫൊക്കാനയുടെ വിവിധ റീജിയനുകൾ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ച വെച്ചത്, അതിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച റീജിയന് 'ബെസ്റ്റ് റീജിയൻ അവാർഡ്' നൽകുന്നതാണ് എന്ന് ഈ കമ്മിറ്റിയുടെ പ്രവർത്തനോദ്ഘാടനത്തിൽ തന്നെ പറഞ്ഞ കാര്യമാണ്.

ഫൊക്കാനയുടെ എല്ലാ റീജിയനുകൾക്കും ഈ അവാർഡിനായി അപേക്ഷിക്കാമെന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

റീജിയന്റെ ആക്ടിവിറ്റി റിപ്പോർട്ട് ഫൊക്കാന വൈസ് പ്രസിഡന്റ് വിപിൻ രാജിന് അയച്ചു കൊടുക്കേണ്ടുന്നതാണ്, 703-307-8445 or CsabnÂ:vipiumon@gmail.com

ഈ വർഷത്തെ ഫൊക്കാന അന്താരാഷ്ട്ര കൺവൻഷൻ ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ കൽഹാരി റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്ററിൽ വച്ചാണ് നടക്കുന്നത്. ഈ കൺവൻഷനിൽ വെച്ചായിരിക്കും അവാർഡു ജേതാക്കളെ പ്രഖ്യാപിച്ച് ആദരിക്കുക.

# പീറ്റർ കുളങ്ങരയും സിറിയക് കൂവക്കാട്ടും എൻ.കെ. ലൂക്കോസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് അഡ്വൈസറി ചെയർസ്



ഷിക്കാഗോ : 19-ാമത് എൻ.കെ. ലൂക്കോസ് വോളിബോൾ ടൂർണമെന്റിന്റെ അഡ്വൈസറി ചെയേഴ്സായി പീറ്റർ കുളങ്ങരയെയും സിറിയക് കൂവക്കാട്ടിനെയും തെരഞ്ഞെടുത്തു. സെപ്തംബർ 5-ാം തീയതി ബെൻസൻ വില്ലയിലെ എനർജി സ്പോർട്സ് ക്ലബ്ബിൽ വച്ച് നടത്തപ്പെടുന്ന എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിന്റെ നല്ല നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് ഈ അഡ്വൈസറി കമ്മിറ്റിയായിരിക്കും.

2004 ൽ ഷിക്കാഗോയിൽ വച്ച് തുടക്കം കുറിച്ച എൻ.കെ. ലൂക്കോസ് മെമ്മോറിയൽ നാഷണൽ വോളിബോൾ ടൂർണമെന്റിന്റെ നാളിതു വരെ നടന്ന എല്ലാ ടൂർണമെന്റുകളിലും സുപ്രധാന പങ്കു വഹിച്ചവരാണ് ഇരുവരും. നോർത്ത് അമേരിക്കൻ മലയാളി വോളിബോൾ ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഇവരുടെ കീഴിൽ ടൂർണമെന്റ് ചെയർമാനായി ജിനു പുന്നശ്ശേരിയും ജനറൽ കൺവീനറായി മാത്യു തട്ടാമറ്റവും പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. നോർത്ത് അമേരിക്കയിലെ വോളിബോൾ കായികപ്രേമികളെ സെപ്തംബർ 5-ാം തീയതി നടക്കുന്ന ഈ ടൂർണമെന്റിലേക്ക് സംഘാടകസമിതി സ്വാഗതം ചെയ്യുന്നു.

# രാമായണ മാസാചരണം: കെ.എച്ച്.എൻ.എ ചിത്രരാമായണ വെബിനാർ സംഘടിപ്പിക്കുന്നു

വടക്കേ അമേരിക്കയിലെ മലയാളി ഹിന്ദുക്കളുടെ ദേശീയ സംഘടനയായ കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ), രാമായണ മാസാചരണത്തിന് മുന്നോടിയായി പ്രത്യേക ചിത്രരാമായണ വെബിനാർ സംഘടിപ്പിക്കുന്നു. 2026 ജൂലായ് 12 ഞായറാഴ്ച രാവിലെ 11:30ന് EST/രാത്രി 9:00ന് IST ന് സൂം മുഖേനയാണ് പരിപാടി നടക്കുക.

പ്രശസ്ത എഴുത്തുകാരനും കവിയും വിവർത്തകനുമായ ഡോ.എ.പി. സുകുമാർ, സുകുമാർ കാനഡ, തന്റെ "Ramayanam – A Concise Rendering" എന്ന പുസ്തകത്തെ ആസ്പദമാക്കി സചിത്ര രാമായണ അവതരണം നടത്തും.

ജൂലായ് 17 മുതൽ ആഗസ്റ്റ് 16 വരെ കർക്കിടക മാസത്തോടനുബന്ധിച്ച് ലോകമെമ്പാടുമുള്ള മലയാളികൾ രാമായണ മാസമായി ആചരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലേതുപോലെ കെ.എച്ച്.എൻ.എയും ഈ വർഷവും രാമായണ മാസത്തിൽ എല്ലാ ദിവസവും ഓൺലൈൻ രാമായണ പാരായണം സംഘടിപ്പിക്കുന്നുണ്ട്. ഇതിനായി അൻപതോളം പേർ ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കെ.എച്ച്.എൻ.എ പ്രസിഡന്റ് ടി. ഉണ്ണികൃഷ്ണൻ അറിയിച്ചു.

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിന്റെ ആത്മാവും സാരവും നിലനിർത്തി, കർക്കിടക മാസത്തിലെ മുപ്പത് ദിവസങ്ങളിൽ വായിച്ചു തീർക്കാവുന്ന രീതിയിൽ സംക്ഷിപ്തമായി രൂപകൽപ്പന ചെയ്ത കൃതിയാണ് ഡോ. സുകുമാറിന്റെ ചിത്രരാമായണം. മൂലഗ്രന്ഥത്തിന്റെ സാരാംശം നഷ്ടപ്പെടാതെ ലളിതവും വ്യക്തവുമായ ഭാഷയിൽ നിത്യപാരായണ ഭാഗങ്ങൾ അവതരിപ്പിക്കുന്ന ഈ കൃതി, എല്ലാ പ്രായക്കാരെയും രാമായണത്തിന്റെ ആത്മീയ ലോകത്തിലേക്ക് ക്ഷണിക്കുന്നതാണെന്ന് സംഘാടകർ അറിയിച്ചു.

ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ച "Ramayanam – A Concise Rendering" എന്ന പുസ്തകം ആമസോണിൽ ലഭ്യമാണ്. മലയാളത്തിലുള്ള ചിത്രരാമായണം ഗുരുവായൂരിലെ തീരഭൂമി പബ്ലിക്കേഷൻസാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഈ പുസ്തകം എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടിന് പകരമല്ല; മറിച്ച്, അനശ്വരമായ രാമായണത്തെ കൂടുതൽ ആഴത്തിൽ വായിക്കാനും മനസ്സിലാക്കാനും പ്രേരിപ്പിക്കുന്ന ഒരു സഹായക കൃതിയാണെന്നും സംഘാടകർ വ്യക്തമാക്കി.

Zoom Meeting ID: 893 5777 6193, Passcode: 649083

കൂടുതൽ വിവരങ്ങൾക്ക്: ഗോപിനാഥ പിള്ള +1-832-938-6427

◗ *ഡോ. എ.പി. സുകുമാർ*



# ഷിക്കാഗോ സീറോ മലബാർ രൂപതയുടെ രജതജൂബിലി കൺവൻഷന് ജൂലൈ 9 (വ്യാഴം) തിരിതെളിയും

വിശ്വാസത്തിന്റെ, ഐക്യത്തിന്റെ, നന്ദിയുടെ മഹാസംഗമത്തിലേക്ക് വിശ്വാസികൾ യാത്ര തിരിച്ചു തുടങ്ങി, ഇനി നാലു ദിനങ്ങൾ സീറോ മലബാർ സഭയുടെ കണ്ണുകളും ഹൃദയവും ഷിക്കാഗോയിലേക്ക്



ഷിക്കാഗോ: ഇന്ത്യക്ക് പുറത്ത് സ്ഥാപിതമായ ആദ്യ സിറോ മലബാർ രൂപതയായ ഷിക്കാഗോ സെന്റ് തോമസ് രൂപതയുടെ ഒരു വർഷം നീണ്ടുനിന്ന സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിച്ചുകൊണ്ട്, നാല് ദിവസം നീണ്ടുനിൽക്കുന്ന മഹാ കൺവൻഷന് ജൂലൈ 9, വ്യാഴം തിരിതെളിയും.

അമേരിക്കയിലെത്തന്നെ പ്രസിദ്ധമായ ഷിക്കാഗോ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ, ജൂലൈ 9 മുതൽ 12 വരെ നടക്കുന്ന സമ്മേനത്തിൽ ഷിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി മൂവായിരത്തിഅഞ്ഞൂറോളും പ്രതിനിധികൾ പങ്കെടുക്കും. കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സിറോ മലബാർ സഭയുടെ ആത്മീയ നേതാക്കളും കൺവൻഷനിൽ എത്തിച്ചേരുമെന്ന് കൺവൻഷൻ ഭാരവാഹികൾ അറിയിച്ചു. ഇതോടൊപ്പം രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേകജൂബിലിയും ആഘോഷിക്കുന്നു.

2001 മാർച്ച് 13നു, സ്വർഗീയനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയാൽ സ്ഥാപിതമായ ഷിക്കാഗോ രൂപത ഇരുപത്തഞ്ചു വർഷംകൊണ്ട് അഭൂതപൂർവമായ വളർച്ചയാണ് കൈവരിച്ചത്. രൂപതയുടെ കീഴിൽ ഇപ്പോൾ പതിനാല് ഫൊറോനകളിലായി, അമ്പത്തിനാല് ഇടവകകളും മുപ്പത്തിമൂന്ന് മിഷൻ സെന്ററുകളും, എഴുപതിനായിരത്തോളും വിശ്വാസികളും എഴുപതിൽപരം വൈദികരുമുണ്ട്. അതുപോലെ 12000ൽ ഏറെ കുട്ടികൾ ഈ രൂപതയ്ക്കു കീഴിൽ വിശ്വാസ പരിശീലനവും നടത്തിവരുന്നു.

ജൂലൈ 9 വ്യാഴാഴ്ച വൈകിട്ട് 3.30ന് മാർ ജേക്കബ് അങ്ങാടിയത്തിന്റെ കാർമികത്വത്തിൽ നടക്കുന്ന കുർബാനയോടെ കൺവൻഷൻ ആരംഭിക്കും. തുടർന്നു നടക്കുന്ന പൊതു സമ്മേളനം സിറോ മലബാർ സഭ അധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്യും. രൂപത ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ, കർദിനാൾ മാർ ജോർജ് കൂവക്കാട്ട്, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ, കൊളംബസ് ബിഷപ്പ് മാർ ഏൾ ഫെർണാണ്ടസ്, സിറോ മലങ്കര സഭ ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ് തുടങ്ങിയവർ സംസാരിക്കും.

കൺവൻഷന്റെ സായാഹ്നങ്ങളെ കൂടുതൽ ആകർഷകമാക്കാൻ നിരവധി കലാപരിപാടികൾ അണിയറയിൽ ഒരുങ്ങുന്നു. ഇതിൽ, കൺവൻഷൻ തുടങ്ങുന്ന ജൂലൈ 9, വ്യാഴാഴ്ച രാത്രി ഗസ്റ്റ് ആർട്ടിസ്റ്റുകളായ പ്രസിദ്ധ സിനിമ താരം പദ്മശ്രീ ജയറാമും സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും സീറോമലബാർ കലാകാരന്മാരും ചേർന്നൊരുക്കുന്ന 'താള വിസ്മയം' എടുത്തുപറയേണ്ടതാണ്. കൂടാതെ വിവിധ ദിവസങ്ങളിൽ അരങ്ങേറുന്ന മെഗാ മാർഗ്ഗംകളി, ഡാൻസ് മത്സരം, എന്നിവയിൽ താൽപ്പര്യമുള്ളവർക്ക് പങ്കെടുക്കാൻ അവസരം ഉണ്ട്. വെള്ളിയാഴ്ച നടക്കുന്ന പാരിഷ് ഫെസ്റ്റ് പരിപാടിയിൽ ഇടവക തലത്തിലുള്ള പരിപാടികൾ ഒരുങ്ങുന്നു. കുട്ടികൾക്കും യുവ ജനങ്ങൾക്കും വിവിധങ്ങളായ സ്പോർട്സ്, ഡാൻസ് പരിപാടികളിലും പങ്കെടുക്കാം. കൂടാതെ ലീഡർഷിപ്പ് പ്രോഗ്രാമുകൾ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളും യുവജനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൺവൻഷൻ സെന്ററിൽ പൗരാണിക 'ജറൂസലേം' പുന:സൃഷ്ടിക്കുന്നു: കൺവൻഷനിൽ പങ്കെടുക്കനായി അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽനിന്നും മക്കോർമിക് സെന്ററിൽ എത്തിച്ചേരുന്ന പ്രതിനിധികൾ ആസ്വദിക്കുന്നത് പൗരാണിക ജറൂസലേമിൽ എത്തിച്ചേർന്ന അനുഭവമായിരിക്കും. അവിടെ നിങ്ങളോടു കുശലം ചോദിക്കുന്നത് ക്രിസ്തു ശിഷ്യൻമാരോ, ജറൂസലേം സ്ത്രീകളോ, ഒരുപക്ഷേ ഭാരത സഭയുടെ അപ്പസ്തോലനായ തോമാസ്ലീഹാതന്നെയോ ആയിരിക്കാം! കഴുതപ്പുറത്തുസഞ്ചരിക്കുന്ന ക്രിസ്തുവിനേയും, ശിഷ്യൻമാരേയും അവിടെ കണ്ടാലും അത്ഭുതപ്പെടേണ്ടതില്ല!

പരസ്പരം പരിചയപ്പെടുന്നതിനും, പരിചയങ്ങൾ പുതുക്കുന്നതിനും, സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുമെല്ലാം ഉപരി, അമേരിക്കയിൽ വളരുന്ന നമ്മുടെ മക്കളേയും മഹത്തായ സിറോ മലബാർ വിശ്വാസത്തിന്റെയും പൈതൃകത്തിന്റേയും ഭാഗമായി നിലനിർത്തുന്നതിനും ഷിക്കാഗോ കൺവൻഷൻ സഹായകരമാകും.

കൂടാതെ, അനന്തമായ ദൈവ പരിപാനയിൽ, വിശ്വാസ വളർച്ചയുടെ കാൽനൂറ്റാണ്ട്പൂർത്തിയാക്കുന്നഈഅവസരത്തിൽ, സിറോ മലബാർ സഭാ തലവൻ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനോടും, കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിൽ പിതാവിനോടും, രൂപത അദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്പിതാവിനോടുംരൂപതയുടെപ്രഥമമെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനോടും, കൂടാതെ നിരവധി പിതാക്കമാരോടും, സഭയിലെ വിവിധ വൈദികരോടും സന്യസ്തരോടും, ആത്മായരോടൊപ്പവും ഒരേ കൂടാരത്തിൽ കീഴിൽ ഒരുമിച്ചിരുന്നു ദൈവത്തിനു നന്ദി പറയുന്നതിനും, പ്രാർഥിക്കുന്നതിനും, വചനം ശ്രവിക്കുന്നതിനും, അപ്പം മുറിക്കുന്നതിനും, ആശയ വിനിമയും നടത്തുന്നതിനുമുള്ള നാല് ദിനങ്ങൾ, അതെത്ര സന്തോഷപ്രദമായിരിക്കും!

*ഷോളി കുമ്പിളുവേലി*






മാറുന്ന കാലം 28

# ‘തൂഫാൻ’ ഇളംകാറ്റാകരുത്



സെർജി ആന്റണി

മയക്കു മരുന്നു വിപണി ആഗോള വ്യാപാരത്തിന്റെ ഒരു ശതമാനം വരും എന്നാണ് കണക്ക്. അത്ര ചെറുതൊന്നുമല്ല ഈ ഒരു ശതമാനം. പ്രതിവർഷം ശരാശരി 42,600ലക്ഷം ഡോളർ മുതൽ 65,200 ലക്ഷം ഡോളർവരെ വരും ഈ കച്ചവടം. അതിവിപുലമാണ് ഈ കള്ള വിപണി. ലഹരിവസ്തുക്കളുടെ കൃഷി, അതിന്റെ നിർമാണം, കടത്ത്, പ്രാദേശിക കച്ചവടം തുടങ്ങി വലിയൊരു ചങ്ങലയുണ്ട് ഈ കള്ളക്കച്ചവടത്തിന്.

ഐക്യരാഷ്ട്ര സഭയുടെ ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം അഥവാ യുഎൻഒഡിസിയുടെ 2026ലെ റിപ്പോർട്ടിൽ ഇക്കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. പുതിയ പുതിയ ലഹരിവസ്തുക്കളുടെ വരവ് ആശങ്കാജനകമായൊരു അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണെന്നും അവയിൽ ചിലത് മുമ്പുണ്ടായിരുന്നതിനേക്കാൾ അപകടകരമാണെന്നും യുഎൻഒഡിസിയുടെ എക്സിക്യുട്ടീവ് ഡയറക്ടർ മോനിക്ക ജുമ ചൂണ്ടിക്കാട്ടുന്നു.

ലോകമെമ്പാടുമായി 33 കോടി ആളുകൾ സ്ഥിരമായി ലഹരി ഉപയോഗിക്കുന്നു. ആറു കോടിയിലേറെപ്പേർ ലഹരി ഉപയോഗത്തിന്റെ ഭാഗമായ ഗുരുതര രോഗങ്ങളുമായി കഴിയുന്നു. ലോകജനസംഖ്യയുടെ പതിനാറിൽ ഒരാൾ ലഹരി ഉപയോഗിക്കുന്നുണ്ടെന്നാണ് യുഎന്നിന്റെ കണക്ക്.

2024ലെ കണക്കു പ്രകാരം ലോകമെമ്പാടും 59 ലക്ഷം ആളുകളാണ് ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെട്ടത്. ഇതിൽ മൂന്നിൽ രണ്ടു ഭാഗവും ലഹരി ഉപയോഗിച്ചതിന്റെയോ കൈവശം വച്ചതിന്റെയോ പേരിൽ നിയമ നടപടി നേരിട്ടവരാണ്. 37 ലക്ഷം പേർക്കെതിരേ പ്രോസിക്യൂഷൻ നടപടി ഉണ്ടായി. 2024ൽ മാത്രം 22 ലക്ഷംപേർ ലഹരി അനുബന്ധ കേസുകളിൽ ശിക്ഷിക്കപ്പെട്ടു.

ഇന്ത്യയിലേക്കു വന്നാൽ ഇതൊരു ലഹരി കടത്തു മേഖലയായാണു കണക്കാക്കുന്നത്. അഫ്ഗാനിസ്ഥാൻ, ഇറാൻ, പാക്കിസ്ഥാൻ ഉൾപ്പെടുന്ന ഗോൾഡൻ ക്രസന്റിനും മ്യാൻമർ, ലാവോസ്, തായ്‌ലൻഡ് ഉൾപ്പടുന്ന ഗോൾഡൻ ട്രയാംഗിളിനും ഇടയിലുള്ള ഇന്ത്യയുടെ സ്ഥാനം ലഹരി കടത്തിനു വഴി സുഗമമാക്കുന്നു. കടൽമാർഗമാണ് കൂടുതൽ ലഹരി കടത്ത് നടക്കുന്നത്.

ഫാർമസ്യുട്ടിക്കൽ കമ്പനികളും ലഹരി വ്യാപനത്തിന്റെ കണ്ണികളാകാറുണ്ട്. പല മരുന്നുകളും ഡോക്ടറുടെ കുറിപ്പടി കൂടാതെ നൽകരുതെന്ന കർശന നിയമം വന്നതും ഇതിന്റെ അടിസ്ഥാനത്തിലാണ്. ലഹരി ഉപയോഗിക്കുന്നവർ മരുന്നുകളും ദുരുപയോഗിക്കുന്നു. അതിന്റെയൊക്കെ ആഘാതം വളരെ ഗുരുതരമായിരിക്കും.

ദേശീയ തലത്തിലും വലിയ ലഹരി വേട്ടകൾ നടക്കാറുണ്ട്. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നേരിട്ട് താത്പര്യമെടുത്ത് ചില നീക്കങ്ങൾ നടത്തിയിട്ടുണ്ട്.

‘ലഹരിമുക്ത ഇന്ത്യ’ എന്ന മുദ്രാവാക്യവുമായി ദേശീയ തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും മറ്റുമായി ബന്ധിപ്പിച്ച് 'നാശമുക്ത ഭാരതീയ അഭിയാൻ’ എന്ന പേരിൽ വലിയൊരു പദ്ധതി 2020 ഓഗസ്റ്റ് 15ന് ആരംഭിച്ചിരുന്നു. ഈ വർഷം ഇതിന്റെ ഭാഗമായുള്ള പ്രത്യേക ബോധവത്കരണ പരിപാടി ജൂൺ 17 മുതൽ ഒരാഴ്ചക്കാലം നടന്നു. നാർകോട്ടിക് കൺട്രോൾ ബ്യൂറോ പിടിച്ചെടുത്ത ടൺകണക്കിന് ലഹരിവസ്തുക്കൾ ഈ ദിവസങ്ങളിൽ കൂട്ടിയിട്ടു കത്തിച്ചു കളഞ്ഞു.

കേരളത്തിൽ പുതിയ സർക്കാർ നിലവിൽ വന്നശേഷം വളരെ കാര്യക്ഷമമായും ആവേശത്തോടെയും നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് ‘ഓപ്പറേഷൻ തുഫാൻ ദ നാർക്കോ ഹണ്ട്’. കേരളത്തെ കാർന്നു തിന്നുകൊണ്ടിരുന്ന ലഹരിവ്യാപനത്തിന്റെ അടിവേററുക്കുക എന്നതാണ് ഓപ്പറേഷൻ തുഫാനിലൂടെ ലക്ഷ്യമിടുന്നത്. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഇക്കാര്യത്തിൽ പ്രത്യേക താത്പര്യം എടുക്കുക മാത്രമല്ല, അതിന്റെ പ്രവർത്തന പുരോഗതി സൂക്ഷ്മമായി വിശകലനം ചെയ്യുന്നുമുണ്ട്.

ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ഇതര വകുപ്പുകളുടെ സഹകരത്തോടെയാണ് തൂഫാൻ നടപ്പാക്കുന്നത്. ആയിരക്കണക്കിനു കേസുകൾ എടുത്തു. നൂറു കണക്കിനു ലഹരിക്കച്ചവടക്കാരെയും കടത്തുകാരെയും പിടികൂടി. സമുദായ, സാംസ്കാരിക നേതാക്കളെ രംഗത്തിറക്കി ലഹരിവിരുദ്ധ പ്രചാരണം ഊർജിതമാക്കു. മോഹൻലാലും മധുവും ശ്രീകുമാരൻ തമ്പിയുമൊക്കെ ലഹരി വിരുദ്ധ കാമ്പെയിനിന്റെ പ്രചാരകരായി.




വിദ്യാർഥികളുടെ ഇടയിൽ ലഹരിവിരുദ്ധ ബോധവത്കരണം സജീവമാണെങ്കിലും ലഹരി വ്യാപനത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തി പാടേ ഇല്ലാതാക്കിയാൽ മാത്രമേ ഈ ദുരവസ്ഥയിൽ നിന്നു കേരളം മോചിതമാകൂ. അതിഥി തൊഴിലാളികൾ ഏറെയുള്ള പെരുമ്പാവൂരിനെ ലഹരി ഇടപാടുകളുടെ കേന്ദ്രമായാണ് കണക്കാക്കിയിരുന്നത്. മന്ത്രി രമേശ് ചെന്നിത്തല അവിടെ എത്തി ഹിന്ദിയിൽ അതിഥി തൊഴിലാളികളെ അഭിസംബോധന ചെയ്തു.

രാസലഹരിയാണ് ഓപ്പറേഷൻ തൂഫാനിലുടെ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. ഇപ്പോഴത്തെ ലഹരിവിരുദ്ധ ഓപ്പറേഷനിലൂടെ ചെറുകിട രാസലഹരി വിതരണക്കാരാണ് കൂടുതലായും പിടികൂടപ്പെട്ടത്. സംസ്ഥാനത്തെ രാസലഹരി ശൃംഖലയുടെ താഴെത്തട്ടിനെ കാര്യമായി തകർക്കാൻ ഓപ്പറേഷൻ തുഫാനു കഴിഞ്ഞിട്ടുണ്ടെന്നാണ് വിലയിരുത്തൽ.

ഇതൊക്കെയായാണെങ്കിലും വൻകിടക്കാരിലേക്ക് ലഹരിവേട്ട ഇനിയും കടന്നു ചെന്നിട്ടില്ല. കാരവനിൽ ഉൾപ്പെടെ കടന്നുചെല്ലുമെന്ന് ആഭ്യന്തര മന്ത്രി മുന്നറിയിപ്പു നൽകിയിട്ടുണ്ടെങ്കിലും അത്തരം കോട്ടകളിലേക്കു കടന്നുചെല്ലുക അത്ര എളുപ്പമല്ല. എല്ലാ തലങ്ങളിലും റെയ്ഡ് കർശനമാക്കിയെങ്കിൽ മാത്രമേ ഈ വിപത്തിനെ നമുക്കു അകറ്റി നിർത്താൻകഴിയൂ.

ലഹരിവേട്ടയെയും മദ്യനയത്തെയും കൂട്ടിക്കുഴച്ച് തൂഫാന്റെ പ്രഹരശേഷി തകർക്കരുത്. വലിയ അപകടം ആദ്യം നീക്കട്ടെ. മദ്യത്തിന്റെ കാര്യത്തിലും നിയന്ത്രണങ്ങൾ ആവശ്യമാണ്. അത് മറ്റൊരു തലത്തിൽ കൈകാര്യം ചെയ്യണം. മദ്യത്തേക്കാൾ വിപത്ത് രാസലഹരിയുൾപ്പെടെയുള്ള മറ്റു ലഹരിവസ്തുക്കളുടെ വ്യാപനമാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്തിയെങ്കിലും കഞ്ചാവും എംഡിഎംഎയും ഹാഷിഷുമൊക്കെ നാട്ടിൽ സുലഭമാണ്.

സങ്കീർണവും പല വമ്പന്മാരയും കുഴിയിൽ ചാടിച്ചിട്ടുള്ളതുമാണ് കേരളത്തിലെ മദ്യനയം. ഏതു സർക്കാരിനെയും കുഴപ്പത്തിലാക്കാൻ അതു മതിയാവും. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണത്തുടർച്ച ഇല്ലാതാക്കി എന്നു മാത്രമല്ല, അന്നത്തെ ധനകാര്യമന്ത്രി കെ.എം മാണിയെ വ്യക്തിപരമായി അധിക്ഷേപിക്കാനും മദ്യനയവുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കു കഴിഞ്ഞു.

ലഹരിവിരുദ്ധ പ്രചാരണം കൊടുമ്പിരി കൊള്ളുമ്പോഴാണ് സർക്കാരിനെ പ്രതിക്കൂട്ടിലാക്കാൻ മദ്യനയവുമായി ബന്ധപ്പെട്ട വിവാദം പൊട്ടിവീണത്. വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കുന്നതും വിൽക്കുന്നതും സംബന്ധിച്ച് വിദേശമദ്യ ചട്ടത്തിൽ ഭേദഗതി കൊണ്ടുവന്നത് എൽ.ഡി.എഫ് സർക്കാരാണ്. ഇത് മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ വ്യക്തമാക്കിയിരുന്നു.

മദ്യനയം പോലെ വളരെ സങ്കീർണമായ നയങ്ങളിലും തീരുമാനങ്ങളിലും കൂട്ടായ ചർച്ച ആവശ്യമാണ്. ചില കാര്യങ്ങളിൽ ഉറച്ച തീരുമാനങ്ങൾ വേണ്ടിവരും. അത് എല്ലാവരെയും വിശ്വാസത്തിലെടുത്തായാൻ മാത്രമേ വിജയിക്കൂ.

നിയമസഭയിൽ മുസ്‌ലിം ലീഗ് അംഗം ഫാത്തിമ തഹ്‌ലിയ ലഹരി വ്യാപനത്തെക്കുറിച്ചു നടത്തിയ പ്രസംഗവും അതിന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നൽകിയ മറുപടിയും ഏറെ ശ്രദ്ധേയമാണ്. ലഹരിക്കേസുകളുടെ ഉള്ളുകള്ളികളിലേക്കുകൂടി വെളിച്ചം വീശുന്നതാണിത്. ഇത്തരം നിരവധി വസ്തുതകൾ ലഹരി വ്യാപനത്തിനു പിന്നിലുണ്ട്.

തിരുവല്ലയിൽ വർഗീസ് മാമ്മൻ എം.എൽ.എയുടെ മെരിറ്റ് അവാർഡ് വിതരണ ചടങ്ങിൽ ആഭ്യന്തര ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞൊരു കാര്യം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളം ഏറെ ജാഗ്രതയോടെ കാണേണ്ടതാണീ കാര്യം. ഓപ്പറേഷൻ തൂഫാനുമായി ബന്ധപ്പട്ട ലഹരി മരുന്നു പരിശോധനകളിൽ ആൺകുട്ടികളേക്കാൾ കുടുതൽ ഉൾപ്പെടുന്നതു പെൺകുട്ടികളാണെന്നാണ് പോലീസ് റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ആഭ്യന്തര മന്ത്രി പറഞ്ഞത്. ഹോസ്റ്റലുകളിൽ ഉള്ളവരെയും ഡേ സ്കോളേഴ്സ് ആയിട്ടുള്ള പെൺകുട്ടികളെയും ലഹരി ലോബി ലക്ഷ്യമിടുന്നു. മാതാപിതാക്കളും സ്കൂൾ അധികൃതരും ഇക്കാര്യം ഏറെ ശ്രദ്ധിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

കേരളത്തിലെ പതിനേഴായിരം സ്കൂളുകളിലും ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ നടത്താൻ ആധ്യാപക രക്ഷാകർതൃസമിതികളോടും സർക്കാർ നിർദേശിച്ചിട്ടുണ്ട്. രാജ്യം കണ്ട ഏറ്റവും വലിയ നാർകോ വേട്ടയാണ് ഓപ്പറേഷൻ തൂഫാനിലൂടെ സംസ്ഥാനത്തു നടപ്പാകുന്നതെന്നാണ് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല അവകാശപ്പെടുന്നത്.

ലഹരിക്കടത്തുകാരെയുംകാരിയർമാരെയുമൊക്കെ പിടികൂടുന്നുണ്ടെങ്കിലും ശതകോടികളുടെ ഇടപാടു നടക്കുന്ന ഈ രംഗത്തുള്ള വമ്പന്മാർ ഇപ്പോഴും തിരിശീലയ്ക്കു പിന്നിൽതന്നെയാണോ? എന്തുകൊണ്ടാണ് ഈ വലിയ ഇടപാടുകളുടെ തായ് വേരുകൾ ഇനിയും അറുക്കപ്പെടാതെ പോകുന്നത്? ഇത്തരം ചോദ്യങ്ങൾ ഇപ്പോഴും ഉയരുന്നു.

ക്രിമിനൽ പശ്ചാത്തലമുള്ളവർ മാത്രമല്ല ഈ ഇടപാടുകൾക്കു പിന്നിലുള്ളത്. കോടികളുടെ ഇടപാടുകൾ പലരെയും ഇതിലേക്ക് ആകർഷിക്കുന്നു. ആലുവ മാറമ്പിള്ളിയിലെ ആഡംബര ഫ്ളാറ്റിൽനിന്നു ഈയിടെ 18 കോടി രൂപ വിലവരുന്ന ഹൈബ്രിഡ് കഞ്ചാവ് പിടികൂടിയിരുന്നു. ഇതു വിദേശത്തുനിന്ന് എത്തിച്ചതാണ്. സംഭവത്തിൽ ദമ്പതികൾ അറസ്റ്റിലായി. ഓപ്പറേഷന് തൂഫാന്റെ ഭാഗമായി നിരീക്ഷണത്തിലായിരുന്ന ഭർത്താവ് ആയുഷിനെ വേഷം മാറി മാറമ്പള്ളിയിൽ എത്തിയ ഡാൻസാഫ് ടീം വലയിലാക്കുകയായിരുന്നു. തുടർന്ന് ഫ്ളാറ്റിൽ പരിശോധന നടത്തിയപ്പോഴാണ് കിലോക്കണക്കിന് ഹൈബ്രീഡ് കഞ്ചാവ് കണ്ടെടുത്തത്. അവിടെനിന്ന് ഭാര്യ അനികയെയും കസ്റ്റഡിയിലെടുത്തു. വൻതുക വാടക നൽകി എടുത്ത ഈ ഫ്ളാറ്റിൽ തന്നെയാണ് പരിശോധനയ്ക്കു നേതൃത്വം നൽകിയ എഎസ്പി ഹാർദിക് മീണയും താമസിക്കുന്നത്.

കുമരകം ചെങ്ങളത്ത് എംഡിഎംഎയും കഞ്ചാവും കണ്ടെടുത്ത കേസിൽ ദമ്പതികളായ സുധി ജബ്ബാർ, ആൽഫിയ എന്നിവരെ എക്സൈസ് സംഘം കസ്റ്റഡിയിലടുത്തിരുന്നു. തായ്‌ലൻഡിൽ നിന്നെത്തിയ മലയാളി യുവാവിൽനിന്ന് ആറര കോടി രൂപ വിലമതിക്കുന്ന ഹൈഡ്രോപോണിക്സ് കഞ്ചാവ് ചെന്നൈയിൽ ഈയിടെ പിടികൂടിയിരുന്നു. ഇയാൾ രാജ്യാന്തര ലഹരിമാഫിയയിലെ കണ്ണിയാണന്നു പോലീസ് കരുതുന്നു.

കേരളത്തിൽ ഇപ്പോൾ നടക്കുന്ന ലഹരിവേട്ടയ്ക്കു പ്രചോദനമായൊരു വീട്ടമ്മയെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല കേരളത്തിനു പരിചയപ്പെടുത്തിയിരുന്നു. ഒരു വ്യാഴവട്ടംമുമ്പ് ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ആഭ്യന്തമന്ത്രിയായിരുന്ന രമേശ് ചെന്നിത്തലയോട് ലഹരിസംഘത്തിന്റെ ഭീഷണിയിൽ പെട്ടുപോയ കുറെ കുട്ടികളെക്കുറിച്ചു കണ്ണീരോടെ പരാതിപ്പെട്ട എളങ്കുന്നപ്പുഴ സ്വദേശിനി മിനി ആന്റണിയായിരുന്നു ആ വീട്ടമ്മ. മന്ത്രി അന്നത്തെ ജില്ലാ കളക്ടർ എം.രാജമാണിക്യത്തെ ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ വിന്യസിച്ച് ഒരു കൂട്ടം കുട്ടികളെ രക്ഷപ്പെടുത്താനായി. പന്ത്രണ്ടുവർഷങ്ങൾക്കിപ്പുറവും അതിലും ഗുരുതരമായൊരു ലഹരി സാന്നിധ്യത്തെയാണ് അതേ ആഭ്യന്തരമന്ത്രിക്കു നേരിടേണ്ടിവരുന്നത്.

ലഹരിയുടെ അടിവേരുകൾ ഇനിയും അടർത്തിമാറ്റാനാവുന്നില്ല എന്ന വസ്തുത ഭരണകൂടവും പൊതുസമൂഹവും തിരിച്ചറിയണം. ഇതൊരു ആഗോള ദുരന്തമാണ്. ഇന്ത്യ അതിന്റെ ആഘാതം ഏറെ ഏറ്റുവാങ്ങുന്ന രാജ്യമാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകളും അതിന്റെ കീഴിലുള്ള എല്ലാ സംവിധാനങ്ങളും ഉണർന്നു പ്രവർത്തിച്ചാൽ വലിയൊരു പരിധിവരെ ഈ വലിയ ദുരന്തത്തെ തടയാനാവും. കേരളം അതിനൊരു മാർഗദീപമാകണം.



# സിജിൽ പാലക്കലോടിയെ സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഗ്ലോബൽ സെക്രട്ടറിയായി നിയമിച്ചു



സീറോ മലബാർ സഭയുടെ ആഗോള അൽമാസ സംഘടനയായ സീറോ മലബാർ കാത്തലിക് കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ സെക്രട്ടറിയായി വടക്കേ അമേരിക്കയിൽ നിന്നുള്ള സിജിൽ പാലക്കലോടിയെ നിയമിച്ചതായി ആഗോള സമിതി പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, സെക്രട്ടറി ജോസുകുട്ടി ഒഴുകയിൽ, ട്രഷറർ ടോണി പുഞ്ചകുന്നേൽ, ബിഷപ്പ് ലെഗേറ്റ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ എന്നിവർ അറിയിച്ചു.

എസ്.എം.സി.സി യു.എസ്.എയുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന സിജിൽ നിലവിൽ എസ്.എം.സി.സി യു.എസ്.എയുടെ ബോർഡ് ചെയറായി പ്രവർത്തിക്കുന്നു.

ഷിക്കാഗോ രൂപതാ എപാർക്കിയൽ അസംബ്ലി മെമ്പർ, ഇൻഫന്റ് ജീസസ് സാക്രമെന്റോ ഇടവക ട്രസ്റ്റി, എസ്.എം.സി.സി ഗ്ലോബൽ വർക്കിംഗ് കമ്മിറ്റിയംഗം തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുള്ള സിജിൽ വിവിധ സാമൂഹിക, സാംസ്കാരിക, കലാ കായിക സംഘടനകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ച് കഴിവ് തെളിയിച്ച വ്യക്തിയാണ്.

അമേരിക്കൻ മലയാളി സംഘടനകളുടെ കേന്ദ്ര സംഘടനയായ ഫോമയുടെ ട്രഷററായി പ്രവർത്തനം നടത്തി വരുന്നു. എസ്.എം.സി.സി. ഗ്ലോബൽ സമിതിയോടൊപ്പം നിന്ന് എസ്.എം.സി.സി യു.എസ്.എ ഡയറക്ടർ ഫാ. ജോർജ് എളമ്പാശ്ശേരിൽ, പ്രസിഡന്റ് ജോർജ് വി. ജോർജ്, സെക്രട്ടറി ഷോളി കുമ്പിളുവേലിൽ, ട്രഷറർ ടോമി തോമസ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോർജ്കുട്ടി പുല്ലാപ്പള്ളിൽ, ബോർഡ് സെക്രട്ടറി ജോൺസൺ കണ്ണൂക്കാടൻ, കമ്മിറ്റിയംഗങ്ങൾ എന്നിവർ ആശംസകൾ അറിയിച്ചു.



# കാലിഫോർണിയയിൽ മങ്കയുടെയും ബേ മലയാളിയുടെയും സ്വീകരണം ഏറ്റുവാങ്ങി 'ടീം പ്രോമീസ്' പ്രചാരണത്തിൽ മുന്നേറുന്നു

ഫ്ളോറിഡ: അമേരിക്കൻ മലയാളി സംഘടനകളുടെ നെടുംതൂണായ ഫോമായെ കൂടുതൽ കരുത്തോടെ, സുതാര്യതയോടെ മുന്നോട്ട് നയിക്കാനുള്ള ദൃഢപ്രതിജ്ഞയുമായി മുന്നേറുന്ന 'ടീം പ്രോമീസി'ന്, മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ (മങ്ക), ബേ മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ വാലി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കേരളാ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി. ഫോമാ 2026–2028 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിന്റെ ഭാഗമായി ടീം പ്രോമീസ് മുന്നോട്ടുവയ്ക്കുന്ന ഭാവനാപൂർണമായ നാല് പ്രോമീസുകൾക്കും ഈ സ്വീകരണ യോഗത്തിൽ വലിയ സ്വീകാര്യത ലഭിച്ചുവെന്ന് ഫോമായുടെ സ്ഥാപകനും ടീം പ്രോമീസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ മാത്യു വർഗീസ് ജോസ് (ഫ്ളോറിഡ) പറഞ്ഞു.

'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതി, 'ആർദ്രം' കാൻസർ കെയർ പ്രോജക്ട്, 'കേരള പഠന' സംരംഭം, 'ഫോമാ കെയർ' (കരുതൽ) എന്നിവയാണ് ടീം പ്രോമീസ് ആവിഷ്കരിച്ച് നടപ്പാക്കാൻ ലക്ഷ്യമിടുന്ന പ്രധാന പദ്ധതികൾ.

യോഗത്തിൽ പദ്മപ്രിയ പലോട്ട് (മങ്ക പ്രസിഡന്റ്), നൗഫൽ കപ്പച്ചാലി (ബേ മലയാളി പ്രസിഡന്റ്), സുനിൽ വർഗീസ് (മങ്ക മുൻ പ്രസിഡന്റ്), റിനി പൗലോസ് (ഫോമാ വെസ്റ്റേൺ റീജിയൻ ചെയർമാൻ), ജോബി പൗലോസ്, വിൻസെന്റ് ബോസ്, പ്രിൻസ് നെച്ചിക്കാട്ട്, മരിയദാസൻ, ജോൺ പോൾ വർക്കി (മങ്ക ട്രഷറർ), ജിതേഷ് ചന്ദ്രൻ, ജാക്സൺ പൂയപ്പാടം, ആന്റണി ഇല്ലിക്കാട്ടിൽ, ജേക്കബ് എഫ്രേം തുടങ്ങിയവർ സംസാരിച്ചു. ആർ.വി.പി സ്ഥാനത്തേക്ക് മത്സരിക്കുന്ന സാജൻ മൂലേപ്ലാക്കലിനും, നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന ഡാനിഷ് തോമസ്, ഷൈജു വർഗീസ് എന്നിവർക്കും യോഗം വിജയാശംസകൾ നേർന്നു.

മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ ജോയിന്റ് ട്രഷറർ) എന്നിവർ തങ്ങൾക്ക് ലഭിച്ച ഊഷ്മള സ്വീകരണത്തിന് ഹൃദയപൂർവം നന്ദി പറഞ്ഞു.

◗ ശ്രീകുമാർ

# നേതൃത്വ രംഗത്തെ മികച്ച സേവനത്തിനുള്ള പുരസ്കാരം എബിൻ കുര്യാക്കോസിന്



2026ലെ ഏഷ്യൻ അമേരിക്കൻ പസഫിക് ഐലൻഡർ ഹെറിറ്റേജ് മാസാചരണത്തിന്റെ ഭാഗമായി, ഇല്ലിനോയിസ് സ്റ്റേറ്റ് ട്രഷറർ മൈക്കൽ ഫ്രെറിക്സ് എബിൻ കുര്യാക്കോസിന് "Outstanding Service in Leadership Award" സമ്മാനിച്ചു. സമൂഹത്തിനും പൊതുസേവനരംഗത്തിനും സാമ്പത്തിക വികസനത്തിനും നൽകിയ അസാധാരണമായ നേതൃത്വവും ദീർഘകാല സംഭാവനകളും പരിഗണിച്ചാണ് ഈ വിശിഷ്ട ബഹുമതി അദ്ദേഹത്തിന് ലഭിച്ചത്. വേൾഡ് ബിസിനസ് ഷിക്കാഗോയുടെ ചീഫ് സ്ട്രാറ്റജി ആൻഡ് ഇന്നോവേഷൻ ഓഫീസർ എന്ന നിലയിൽ അദ്ദേഹം നൂതന സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വൈവിധ്യമാർന്ന സമൂഹങ്ങളെ ശാക്തീകരിക്കുന്നതിനും നിർണായക പങ്കുവഹിച്ചു.

ഏഷ്യൻ അമേരിക്കൻ പസഫിക് ഐലൻഡർ സമൂഹത്തിന്റെ നേട്ടങ്ങളും അമേരിക്കൻ സമൂഹത്തിന് അവർ നൽകിയ വിലപ്പെട്ട സംഭാവനകളും ആദരിക്കുന്നതിനായി വർഷംതോറും സംഘടിപ്പിക്കുന്ന ഈ ആഘോഷത്തിൽ, വിവിധ മേഖലകളിൽ മാതൃകാപരമായ സേവനം കാഴ്ചവെച്ച വ്യക്തികളെയാണ് ഇല്ലിനോയിസ് സ്റ്റേറ്റ് ട്രഷററുടെ ഓഫീസ് ആദരിക്കുന്നത്. അവരിൽ ഒരാളായി എബിൻ കുര്യാക്കോസ് തിരഞ്ഞെടുക്കപ്പെട്ടത് അദ്ദേഹത്തിന്റെ പ്രൊഫഷണൽ മികവിനും, ജനസേവനത്തിനുള്ള പ്രതിബദ്ധതയ്ക്കും, യുവതലമുറയെ പ്രചോദിപ്പിക്കുന്ന നേതൃത്വത്തിനുമുള്ള വലിയ അംഗീകാരമാണ്.

ഈ പുരസ്കാരം വ്യക്തിപരമായ ഒരു നേട്ടം മാത്രമല്ല; ഇന്ത്യൻഅമേരിക്കൻ സമൂഹത്തിന്റെയും പ്രത്യേകിച്ച് മലയാളി സമൂഹത്തിന്റെയും അഭിമാന നേട്ടമാണ്.

എബിന്റെ ജീവിതയാത്രയിൽ ഭാര്യ മെലിസ്സയുടെ പിന്തുണയും പ്രോത്സാഹനവും ശ്രദ്ധേയമാണ്. കുടുംബജീവിതത്തിലും പൊതുസേവനരംഗത്തുമുള്ള ഉത്തരവാദിത്വങ്ങൾ സന്തുലിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിൽ അവർ അദ്ദേഹത്തിന് ശക്തമായ പിന്തുണ നൽകുന്നു. കുടുംബത്തിന്റെ സ്നേഹവും സഹകരണവും അദ്ദേഹത്തിന്റെ വിജയയാത്രയ്ക്ക് കൂടുതൽ കരുത്തും പ്രചോദനവും പകരുന്നതായി വിലയിരുത്തപ്പെടുന്നു.

# ഫൊക്കാന കൺവൻഷനിൽ വമ്പൻ റാഫിൾ; ടെസ്ല കാർ ഉൾപ്പെടെ ആകർഷക സമ്മാനങ്ങൾ


ന്യൂയോർക്ക്: ടെസ്ല കാർ റാഫിൾ ഫൊക്കാന കൺവെൻഷനിൽ ഫൊക്കാനയുടെ 2026ലെ അന്താരാഷ്ട്ര കൺവൻഷനോടനുബന്ധിച്ച് 100 ഡോളർ വിലയുള്ള റാഫിൾ ടിക്കറ്റിലൂടെ ടെസ്ല കാർ ഉൾപ്പെടെ വമ്പൻ സമ്മാന പദ്ധതി ഒരുങ്ങുന്നു. 100 ഡോളർ വിലയ്ക്ക് ഒരു റാഫിൾ ടിക്കറ്റ് വാങ്ങുന്ന ഏവർക്കും നറുക്കെടുപ്പിൽ പങ്കെടുക്കാൻ അർഹതയുണ്ടാകും.

റാഫിളിലെ ഒന്നാം സമ്മാനമായി ടെസ്ല മോഡൽ 3 കാറും, രണ്ടാം സമ്മാനമായി ഐഫോണും, മൂന്നാം സമ്മാനമായി ഐപാഡുമാണ് വിജയികളെ കാത്തിരിക്കുന്നത്.

പ്രത്യേകമായി ശ്രദ്ധിക്കേണ്ട കാര്യം, റാഫിൾ ടിക്കറ്റ് വാങ്ങുന്നവർ കൺവെൻഷൻ നടക്കുന്ന കൾഹാരി റിസോർട്ടിൽ പങ്കെടുക്കേണ്ടതില്ല എന്നുള്ളതാണ്. ലോകത്തിന്റെ ഏതുകോണിലിരുന്നും മത്സരിക്കാനായുള്ള അവസരമാ ണ് ഇതിലൂടെ തുറന്നുകിട്ടുന്നത്. നറുക്കെടുപ്പ് സമയത്ത് സന്നിഹിതരാകേണ്ട നിർബന്ധവുമില്ല. വിജയികളെ പിന്നീട് നേരിട്ട് ബന്ധപ്പെടുമെന്ന് സംഘാടകർ അറിയിച്ചു.

ഫൊക്കാന കൺവെൻഷന്റെ അവസാന ദിവസമായ ഓഗസ്റ്റ് 8ന് രാത്രി 7 മണിക്ക് കൽഹാരിയിൽ നടക്കുന്ന സമാപന ചടങ്ങിനിടെയാണ് നറുക്കെടുപ്പ് നടത്തുക. റാഫിളിലൂടെ സമാഹരിക്കുന്ന തുക ഫൊക്കാനയുടെ ഗിന്നസ് വേൾഡ് പദ്ധതികൾക്കായി വിനിയോഗിക്കുമെന്ന് സംഘാടകർ അറിയിച്ചു.

റാഫിൾ ടിക്കറ്റുകൾ ഇതിനകം വിതരണം ആരംഭിച്ചിട്ടുണ്ടെന്നും ഇതിന്റെ പ്രവർത്തനം കോർഡിനേറ്റ് ചെയ്യുന്നത് ഷിബുമോൻ മാത്യു (ചെയർമാൻ), വൈസ് പ്രസിഡന്റ് വിപിൻ രാജ് (കോർഡിനേറ്റർ), ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ (കോ-ചെയർ), നാഷണൽ കമ്മിറ്റി മെമ്പേഴ്സ് ആയ ജീമോൻ വർഗീസ് (കോ-ചെയർ), മനോജ് മാത്യു ( കോ -ചെയർ ), കെവിൻ ജോസഫ്, കൺവെൻഷൻ ചെയർ ആൽബർട്ട് ആന്റണി, ആരോൺ മാത്യു എന്നിവരുമാണ്. മലയാളി സമൂഹം ഈ സംരംഭത്തെ വൻ വിജയമാക്കിത്തീർക്കണമെന്നും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും, നാഷണൽ കമ്മിറ്റിയും, ട്രസ്റ്റീ ബോർഡും, അഡ്വൈസറി കമ്മിറ്റിയും സംയുക്തമായി അഭ്യർത്ഥിക്കുന്നു.



# യു.എസ് ആരോഗ്യ മേഖലയിൽ ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതി വേട്ട

(മൂന്നാം പേജ് തുടർച്ച)

യുള്ള പരിശോധനയിൽ മാത്രം 22.4 കോടി ഡോളർ മൂല്യം വരുന്ന 4,200 സംശയാസ്പദമായ 'അലോഗ്രാഫ്റ്റ്' ക്ലെയിമുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

മിൽവാക്കിയിൽ നടന്ന വാർത്താ സമ്മേളനത്തിൽ സംസാരിച്ച ഡോ. മെഹ്മത് ഓസ്, ഇത്തരം വ്യാജ ബില്ലുകൾ ആശുപത്രി ശൃംഖലകളെയും ഡോക്ടർമാരുടെ കൂട്ടായ്മകളെയും തകർക്കുക മാത്രമല്ല, രാജ്യത്തിന്റെ സമ്പൂർണ ആരോഗ്യ പരിപാലന മേഖലയെത്തന്നെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണെന്ന് മുന്നറിയിപ്പ് നൽകി.

അവയവ മാറ്റിവെക്കൽ രംഗത്തെ തിരിമറികൾക്ക് പുറമേ, രോഗികൾക്ക് അത്യാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന ഡ്യൂറബിൾ മെഡിക്കൽ ഇക്വിപ്മെന്റ് മേഖലയിലും സമാനമായ വൻ കൊള്ളയാണ് നടന്നത്. വീൽചെയറുകൾ, വാക്കറുകൾ, പ്രത്യേക ആശുപത്രി കട്ടിലുകൾ എന്നിവയുടെ വിതരണത്തിന്റെ മറവിൽ വ്യാജ ബില്ലുകൾ നിർമ്മിച്ച് കോടികൾ തട്ടിയെടുക്കുകയായിരുന്നു. രോഗികൾ ആവശ്യപ്പെടാത്തതോ ഡോക്ടർമാർ നിർദ്ദേശിക്കാത്തതോ ആയ ഉപകരണങ്ങളുടെ പേരിൽ അപേക്ഷ നൽകുക, ലളിതമായ ഉപകരണങ്ങൾക്ക് പകരം ചെലവേറിയ ഉപകരണങ്ങളുടെ വ്യാജ രേഖകൾ ചമയ്ക്കുക, വിതരണം ചെയ്യാത്ത സാധനങ്ങൾക്ക് തുക ഈടാക്കുക തുടങ്ങിയ തട്ടിപ്പുകളാണ് സി.എം.എസ് കണ്ടെത്തിയത്.

ഇതിനെത്തുടർന്ന് തട്ടിപ്പിൽ പങ്കാളികളായ 102 സപ്ലയർമാർക്കുള്ള ബാങ്ക് പേയ്മെന്റുകൾ സി.എം.എസ് സസ്പെൻഡ് ചെയ്യുകയും, ക്രമക്കേട് കാണിച്ച 725 കമ്പനികളുടെ ബില്ലിംഗ് ലൈസൻസുകൾ പൂർണ്ണമായി റദ്ദാക്കുകയും ചെയ്തു. 2025 ൽ മെഡിക്കെയർ ധനസഹായത്തോടെ വിതരണം ചെയ്ത ആകെ മെഡിക്കൽ ഉപകരണങ്ങളുടെ 8.6 ശതമാനവും കൈകാര്യം ചെയ്തിരുന്നത് ഈ തട്ടിപ്പ് സംഘങ്ങളായിരുന്നു എന്നത് സംഭവത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ട്രംപ് ഭരണകൂടം കൈക്കൊണ്ട കർശനമായ നയങ്ങളുടെ ഫലമായി കേവലം ആറ് മാസത്തിനുള്ളിൽ അമേരിക്കയിലെ മെഡിക്കൽ ഉപകരണ വിതരണ രംഗത്തെ അഴിമതി പൂർണ്ണമായി നിർമാർജ്ജനം ചെയ്യാൻ സാധിച്ചതായി വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന്റെ ഓഫീസ് വ്യക്തമാക്കി. പുതിയ ഡി.എം.ഇ കമ്പനികൾക്ക് താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയതും, നീതി ന്യായ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി നടത്തിയ റെയ്ഡുകളുമാണ് തട്ടിപ്പുകാരുടെ നട്ടെല്ലൊടിച്ചത്. ഇതിലൂടെ മാത്രം ഏകദേശം 220 മില്യൺ ഡോളറിന്റെ വ്യാജ സ്കിൻ സബ്സ്റ്റിറ്റ്യൂട്ട് ക്ലെയിമുകൾ തടയാനും സാധിച്ചു.

അഴിമതിക്കാർക്കെതിരെ യാതൊരു ദാക്ഷിണ്യവുമില്ലാത്ത നിലപാടാണ് തങ്ങൾ സ്വീകരിക്കുന്നതെന്ന് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസും ഡോ. മെഹ്മത് ഓസും വ്യക്തമാക്കി. അമേരിക്കൻ ജനതയുടെ നികുതിപ്പണവും രോഗികളുടെ അവകാശങ്ങളും കവരുന്നവർക്കെതിരെ കടുത്ത മുന്നറിയിപ്പാണ് ഡോ. ഓസ് നൽകിയത്. തട്ടിപ്പുകാർക്ക് രക്ഷപ്പെടാൻ വഴിയില്ലെന്നും, ടാസ്ക് ഫോഴ്സ് അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മിനസോട്ടയിൽ നടന്ന വ്യാജ മെഡിക്കെയ്ഡ് തട്ടിപ്പിൽ 15 പേർക്കെതിരെ നീതിന്യായ വകുപ്പ് കേസെടുക്കുകയും 90 മില്യൺ ഡോളറിന്റെ അഴിമതി പുറത്തുകൊണ്ടുവരികയും ചെയ്തതും ഇതിന്റെ തുടർച്ചയായാണ്.

കഴിഞ്ഞ മെയ് മാസത്തിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവെച്ച പ്രത്യേക എക്സിക്യൂട്ടീവ് ഓർഡറിലൂടെയാണ് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന്റെ മേൽനോട്ടത്തിൽ ഈ ടാസ്ക് ഫോഴ്സ് നിലവിൽ വന്നത്. വിവിധ ഫെഡറൽ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനങ്ങളിൽ നടക്കുന്ന അഴിമതികൾ ഒന്നൊന്നായി വെളിച്ചത്തുകൊണ്ടുവരികയാണ് ഈ സംഘം. ട്രൂത്ത് സോഷ്യലിലൂടെ പ്രസിഡന്റ് ട്രംപ് വ്യക്തമാക്കിയതുപോലെ, അമേരിക്കയിലുടനീളം ശതകോടികളുടെ അഴിമതി പണമാണ് അന്വേഷണ ഏജൻസികൾ വീണ്ടെടുക്കുന്നത്.

ഈ ദൗത്യം വരും ദിവസങ്ങളിൽ കൂടുതൽ ശക്തമായി മുന്നോട്ട് പോകും.അമേരിക്കൻ ആരോഗ്യ സുരക്ഷാ സംവിധാനങ്ങളെ ഉലച്ച വൻകിട തട്ടിപ്പുകൾക്ക് തടയിട്ടുകൊണ്ട് ട്രംപ് ഭരണകൂടം നടത്തിയ ഈ അഴിമതി വേട്ട, യു.എസ് ഭരണകൂടത്തിന്റെ ശക്തമായ ഇച്ഛാശക്തിയുടെ തെളിവാണ്. നികുതി ദായകരുടെ പണം കൃത്യമായി സംരക്ഷിക്കപ്പെടുമെന്നും, രോഗികളുടെ ആനുകൂല്യങ്ങൾ കവരുന്ന വ്യാജ സംഘങ്ങളെ വേരോടെ പിഴുതെറിയുമെന്നുമുള്ള വ്യക്തമായ സന്ദേശമാണ് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന്റെ നേതൃത്വത്തിലുള്ള ടാസ്ക് ഫോഴ്സ് നൽകുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ഫെഡറൽ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് അന്വേഷണം വിപുലമാക്കുന്നതോടെ, അമേരിക്കൻ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ അഴിമതി നിർമാർജ്ജന ദൗത്യത്തിനാവും ലോകം സാക്ഷ്യം വഹിക്കുക.

# ഒബാമകെയർ പ്രീമിയം 14% വരെ കൂടിയേക്കും

(മൂന്നാം പേജ് തുടർച്ച)

ന്നത്. വർദ്ധിച്ചുവരുന്ന വൈദ്യശാസ്ത്ര ചികിത്സാ ചെലവുകൾ, ഫെഡറൽ തലത്തിലെ പുതിയ നിയമ മാറ്റങ്ങൾ, കോവിഡ് കാലത്ത് നടപ്പിലാക്കിയ സാമ്പത്തിക സഹായങ്ങളുടെ കാലാവധി അവസാനിച്ചത് എന്നിവയാണ് തുക ഉയർത്താൻ കമ്പനികൾ ചൂണ്ടിക്കാണിക്കുന്ന പ്രധാന കാരണങ്ങൾ.

നടപ്പുവർഷത്തിൽ ഇൻഷുറൻസ് നിരക്കുകളിൽ ശരാശരി 20 ശതമാനത്തിന്റെ വൻ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നു. ഇതിനു പിന്നാലെയാണ് അടുത്ത വർഷവും തുക ഉയർത്താനുള്ള നീക്കം നടക്കുന്നത്.

## ആരെയാണ് ഇത് ഏറ്റവും കൂടുതൽ ബാധിക്കുക?

ഒബാമകെയർ പദ്ധതിയിലുള്ള ഭൂരിഭാഗം പേർക്കും സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നതിനാൽ ഈ വിലക്കയറ്റം അവരുടെ പോക്കറ്റിനെ നേരിട്ട് ബാധിക്കില്ല. എന്നാൽ സാമ്പത്തിക സഹായങ്ങൾക്ക് യോഗ്യതയില്ലാത്ത ഇടത്തരം വരുമാനക്കാരായ ഉപഭോക്താക്കൾക്ക് ഈ മാറ്റം വലിയ സാമ്പത്തിക ഭാരമായി മാറും.

ദാരിദ്ര്യരേഖയുടെ 400 ശതമാനമോ അതിനുമുകളിലോ വാർഷിക വരുമാനമുള്ള കുടുംബങ്ങളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. അതായത് ഒരു വ്യക്തിക്ക് പ്രതിവർഷം ഏകദേശം 63,000 ഡോളറോ, നാലംഗ കുടുംബത്തിന് 129,000 ഡോളറോ വരുമാനമുണ്ടെങ്കിൽ അവർ പ്രീമിയം തുക മുഴുവനായും സ്വന്തം കൈയിൽ നിന്ന് നൽകേണ്ടിവരും.

അമേരിക്കയിലെ ആരോഗ്യ സംരക്ഷണം കൂടുതൽ താങ്ങാനാകുന്നതാക്കാൻ ജനപ്രതിനിധികൾ വിവിധ നിയമ നിർമ്മാണങ്ങൾ മുന്നോട്ടുവെക്കുന്നുണ്ടെങ്കിലും സമഗ്രമായ ഒരു ബില്ലിനും ഇതുവരെ പാർലമെന്റിൽ ഭൂരിപക്ഷം ലഭിച്ചിട്ടില്ല. വരുന്ന തിരഞ്ഞെടുപ്പുകളിൽ രാജ്യത്തെ ജീവിതച്ചെലവും ആരോഗ്യ ഇൻഷുറൻസ് നിരക്കുകളും പ്രധാന വിഷയമായി മാറുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

നിരക്ക് വർദ്ധനവിന് പിന്നിലെ പ്രധാന കാരണങ്ങൾവരാനിരിക്കുന്ന വർഷത്തെ പ്രീമിയം നിരക്കുകൾ ഈ വേനൽക്കാലത്തിന്റെ അവസാനത്തോടെയേ അന്തിമമായി തീരുമാനിക്കപ്പെടൂ. എന്നിരുന്നാലും ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൽ നിന്ന് ഇൻഷുറൻസ് കമ്പനികൾ പ്രധാനമായും താഴെ പറയുന്ന ഘടകങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്.

**ചികിത്സാ ചെലവുകളിലെ വർദ്ധനവ്:** ആശുപത്രി സന്ദർശനം, മരുന്നുകൾ, ജീവനക്കാരുടെ വേതനം എന്നിവയിലുണ്ടായ സാമ്പത്തിക ചിലവ് ഇൻഷുറൻസ് മേഖലയെ വൻതോതിൽ ബാധിച്ചിട്ടുണ്ട്. രാജ്യത്ത് പൊതുവെയുണ്ടായ പണപ്പെരുപ്പവും ഇതിന് ആക്കം കൂട്ടി.

**ആരോഗ്യമുള്ളവരുടെ പിന്മാറ്റം:** മുൻപ് നിലവിലുണ്ടായിരുന്ന കൂടുതൽ തുകയുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ജനുവരിയിൽ അവസാനിച്ചതോടെ പല പദ്ധതികളുടെയും നിരക്കുകൾ കുത്തനെ കൂട്ടിയിരുന്നു.

ഇതോടെ ഇൻഷുറൻസ് ആവശ്യമില്ലാത്ത ആരോഗ്യവാന്മാരായ ഉപഭോക്താക്കൾ പദ്ധതിയിൽ നിന്ന് വ്യാപകമായി പിന്മാറി.

നിലവിൽ സങ്കീർണ്ണമായ രോഗങ്ങളുള്ളവരും കൂടുതൽ പരിചരണം ആവശ്യമായവരുമായ ഉപഭോക്താക്കൾ മാത്രമാണ് പദ്ധതിയിൽ തുടരുന്നത്. ഇത് കമ്പനികളുടെ റിസ്കും ചെലവും വർദ്ധിപ്പിച്ചു.

**ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ കുറവ്:** ഔദ്യോഗിക കണക്കുകൾ പ്രകാരം ഒബാമകെയർ മാർക്കറ്റ്പ്ലേസിലെ ആകെ അംഗങ്ങളുടെ എണ്ണത്തിൽ 25 ലക്ഷത്തിലധികം കുറവുണ്ടായിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ നിലവിലുണ്ടായിരുന്ന ഉപഭോക്താക്കളുടെ മൂന്നിലൊന്ന് ഭാഗവും പദ്ധതി ഉപേക്ഷിച്ചു.

പുതിയ നിയമങ്ങൾ: ട്രംപ് ഭരണകൂടം കൊണ്ടു വന്ന ചില പുതിയ യോഗ്യതാ മാനദണ്ഡങ്ങളും എന്റോൾമെന്റ് നിയമങ്ങളും തങ്ങളുടെ ഉപഭോക്തൃ അടിത്തറയെ ബാധിച്ചതായി കമ്പനികൾ വ്യക്തമാക്കുന്നു.

## മറ്റ് ഇൻഷുറൻസ് മേഖലകളെയും ബാധിച്ചേക്കാം

ജോർജ്ജ് ടൗൺ സർവകലാശാലയിലെ പ്രൊഫഷണലുകൾ നടത്തിയ പഠനവും കെ.എഫ്.എഫിന്റെ കണ്ടെത്തലുകളെ ശരിവെക്കുന്നുണ്ട്. സാമ്പത്തിക സഹായത്തിന് അർഹതയില്ലാത്ത സാധാരണക്കാർക്ക് ഈ വിലക്കയറ്റം ഇരുട്ടടിയാണെന്ന് ഗവേഷകർ വ്യക്തമാക്കുന്നു.

ഒബാമകെയർ ഉപയോഗിക്കുന്നവർ അമേരിക്കൻ ജനസംഖ്യയുടെ 10 ശതമാനത്തിൽ താഴെ മാത്രമാണെങ്കിലും, മെഡിക്കൽ രംഗത്തുണ്ടായ സാർവത്രികമായ വിലക്കയറ്റം തൊഴിലുടമകൾ നൽകുന്ന സ്വകാര്യ ഹെൽത്ത് ഇൻഷുറൻസുകളുടെ നിരക്കുകളിലും പ്രതിഫലിക്കാൻ സാധ്യതയുണ്ട്.

# ഉക്രെയ്ന് വമ്പൻ പ്രതിരോധ സമ്മാനവുമായി അമേരിക്ക: പേട്രിയറ്റ് മിസൈലുകൾ തദ്ദേശീയമായി നിർമ്മിക്കാൻ അനുമതി നൽകി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

റഷ്യയുമായുള്ള കടുത്ത സൈനിക പോരാട്ടം തുടരുന്ന സാഹചര്യത്തിൽ ഉക്രെയ്ന് അതീവ തന്ത്രപ്രധാനമായ ഒരു സുരക്ഷാ സഹായം പ്രഖ്യാപിച്ച് അമേരിക്കൻ ഭരണകൂടം. ലോകത്തിലെ ഏറ്റവും മികച്ച വ്യോമ പ്രതിരോധ സംവിധാനങ്ങളിലൊന്നായ പേട്രിയറ്റ് മിസൈലുകൾ സ്വന്തം രാജ്യത്ത് തന്നെ ലൈസൻസോടെ നിർമ്മിക്കാനുള്ള അനുമതിയാണ് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉക്രെയ്ന് ഔദ്യോഗികമായി നൽകിയിരിക്കുന്നത്. തുർക്കി തലസ്ഥാനമായ അങ്കാറയിൽ നടക്കുന്ന നാറ്റോ ഉച്ചകോടിക്കിടെ ഉക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലൻസ്കിയുമായി നടത്തിയ പ്രത്യേക കൂടിക്കാഴ്ചയിലാണ് ട്രംപ് ഈ നിർണ്ണായക തീരുമാനം പ്രഖ്യാപിച്ചത്.



അമേരിക്കയിൽ നിന്നും ആവശ്യത്തിന് ആയുധങ്ങൾ ലഭിക്കുന്നില്ലെന്ന ഉക്രെയ്ന്റെ ദീർഘകാലത്തെ പരാതിക്ക് ഇതോടെ ശാശ്വതമായ ഒരു പരിഹാരമാകുമെന്നാണ് വൈറ്റ് ഹൗസ് വൃത്തങ്ങൾ വ്യക്തമാക്കുന്നത്. പേട്രിയറ്റ് മിസൈലുകൾ സ്വന്തമായി നിർമ്മിക്കാനുള്ള ലൈസൻസ് ലഭിക്കുന്നതോടെ ഉക്രെയ്ന് തങ്ങളുടെ വ്യോമപ്രതിരോധ കോട്ട കൂടുതൽ ശക്തമാക്കാൻ സാധിക്കും. ഇത് ആക്രമണാത്മക ആയുധങ്ങളെക്കാൾ പ്രതിരോധത്തിന് മുൻഗണന നൽകുന്ന മികച്ചൊരു സാങ്കേതികവിദ്യയാണെന്ന് യുഎസ് പ്രസിഡന്റ് കൂടിക്കാഴ്ചയിൽ പ്രത്യേകം എടുത്തുപറഞ്ഞു.


അമേരിക്കയിലെ വൻകിട ആയുധ നിർമ്മാണ കമ്പനികളുമായി ആലോചിച്ച് ഇതിനുള്ള പ്രായോഗിക നടപടികൾ വേഗത്തിലാക്കാൻ പെന്റഗണിന് ട്രംപ് നിർദ്ദേശം നൽകിയിട്ടുണ്ട്. റഷ്യ വിക്ഷേപിക്കുന്ന അത്യാധുനിക ബാലിസ്റ്റിക് മിസൈലുകളെയും ഡ്രോണുകളെയും വായുവിൽ വെച്ച് തന്നെ കൃത്യമായി തകർക്കാൻ ശേഷിയുള്ളതാണ് ഈ പേട്രിയറ്റ് ഇന്റർസെപ്റ്റർ സംവിധാനങ്ങൾ.

പുതിയ ലൈസൻസ് കരാർ വഴി ഉക്രെയ്നിലെയും യൂറോപ്പിലെയും സുരക്ഷിത കേന്ദ്രങ്ങളിൽ ഇവയുടെ വൻതോതിലുള്ള ഉത്പാദനം ഉടൻ തന്നെ ആരംഭിക്കും.

ഈ പുതിയ അമേരിക്കൻ സൈനിക നീക്കം അന്താരാഷ്ട്ര തലത്തിൽ വലിയ രീതിയിലുള്ള രാഷ്ട്രീയ ചർച്ചകൾക്ക് വഴിതുറന്നിരിക്കുകയാണ്. റഷ്യൻ മാധ്യമങ്ങളും പ്രതിരോധ മന്ത്രാലയവും അതീവ ഗൗരവത്തോടെയാണ് ഈ പുതിയ ലൈസൻസ് പ്രഖ്യാപനത്തെ വീക്ഷിക്കുന്നത്. തങ്ങളുടെ ആഭ്യന്തര വിപണിയിലെ ആയുധ ശേഖരം കുറയാതെ തന്നെ ഉക്രെയ്നെ സഹായിക്കാൻ അമേരിക്ക കണ്ടെത്തിയ പുതിയ തന്ത്രപരമായ നീക്കമാണിതെന്ന് നയതന്ത്ര വിദഗ്ധർ വിലയിരുത്തുന്നു.

യുദ്ധം അവസാനിപ്പിക്കാൻ ഇരു രാജ്യങ്ങളും ചർച്ചകൾക്ക് തയ്യാറാകണമെന്ന നിലപാടാണ് അമേരിക്കൻ പ്രസിഡന്റ് ഇപ്പോഴും മന്നോട്ട് വെക്കുന്നത്. എങ്കിലും ഉക്രെയ്നിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനായി വ്യോമ പ്രതിരോധ സഹായങ്ങൾ നൽകുന്നതിൽ തങ്ങൾ പിന്നോട്ടില്ലെന്ന് ട്രംപ് ആവർത്തിച്ചു.

വരും ദിവസങ്ങളിൽ ഈ പുതിയ സംയുക്ത ആയുധ നിർമ്മാണ പദ്ധതിയുടെ സാങ്കേതിക വിവരങ്ങൾ ഇരുരാജ്യങ്ങളുടെയും പ്രതിരോധ വിഭാഗങ്ങൾ ഔദ്യോഗികമായി പുറത്തുവിടും.




**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#061726

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#061726

**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192,**
**786–825–5748**

#061726

**ബേബി സിറ്ററെ ആവശ്യമുണ്ട്**

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–679–5526**
**773–396–0535**

#052026

**Babysitter Wanted in Tampa**

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#051326

**ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#062426




## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ചിന്നമ്മ തോമസ്**

#062426

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.
ആമേൻ

**തോമസ് വർഗീസ്**

#062426


Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

**To Advertise**
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

Vachakam.com

**For E-Paper reading visit Vachakam.com**


# ഡാളസിൽ രാജ്യാന്തര 56 ചീട്ടുകളി മത്സരം: ഒരുക്കങ്ങൾ പൂർത്തിയായി





ഡാളസ് ക്രിസ്റ്റ് ദ കിംഗ് ക്നാനായ പള്ളി പാരീഷ് ഹാളിൽ വെച്ച് നടത്തുന്ന രാജ്യാന്തര 56 ചീട്ടുകളി മത്സര മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു. ടൂർണമെന്റിലേക്ക് ഇതിനോടകംതന്നെ നിരവധി ടീമുകൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

കളിയിൽ വിജയിക്കുന്നവർക്ക് ആകർഷകമായ ട്രോഫികളുംവൻതുകയുടെ ക്യാഷ് അവാർഡുകളും സമ്മാനിക്കുന്നതായിരിക്കും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കളിക്കാർക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവാസി ചീട്ടുകളി പ്രേമികളും ഈ ആവേശകരമായ മത്സരത്തിൽ പങ്കെടുക്കാൻ എത്തും. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ദേശീയ ഭാരവാഹികളുമായി ബന്ധപ്പെടുക:

ദേശീയ കോ-ഓർഡിനേറ്റർമാർ: മാത്യു ചെരുവിൽ (ചെയർപേഴ്സൺ, ഡെട്രോയിറ്റ്) 586-206-6164, കുര്യൻ നെല്ലാമറ്റം (വൈസ് ചെയർമാൻ, ഷിക്കാഗോ) 630-664-9405, സാം ജെ. മാത്യു (കാനഡ) 416- 893-5862, രാജൻ മാത്യു (ഡാളസ്) 469-855-2733, നിതിൻ ഈപ്പൻ (കണക്റ്റിക്കട്ട്) 203-298-8096, സാബു സ്കറിയ (ഫിലഡൽഫിയ) 267-980-7923

ദേശീയ സാങ്കേതികവിഭാഗം കോ-ഓർഡിനേറ്റർമാർ: ബിനോയ് ശങ്കരത്ത് (വാഷിംഗ്ടൺ ഡി.സി) 703-981-1268, ആൽവിൻ ഷിക്കോർ (ഷിക്കാഗോ) 630-274-5423,

ഡാളസ് 2026 ടൂർണമെന്റ് കോ-ഓർഡിനേറ്റർമാർ: ഷാജി പഴുക്കായിൽ (ചെയർപേഴ്സൺ) 972-768-1454, ഷിബു ജെയിംസ് (ടൂർണമെന്റ് കോർഡിനേറ്റർ) 469-774-3339,

ഓൺലൈൻ രജിസ്ട്രേഷനായി വെബ്സൈറ്റ് സന്ദർശിക്കുക: www.56international.com

# ബ്രോങ്ക്സ് സെന്റ് തോമസ് സീറോ മലബാർ ഫൊറോനാ ഇടവകയിൽ കർദ്ദിനാൾ മാർജോർജ് കൂവക്കാടിന് സ്വീകരണം



ന്യൂയോർക്ക്: സിൽവർ ജൂബിലി ആഘോഷിക്കുന്ന ന്യൂയോർക്കിലെ ബ്രോങ്ക്സ് സെന്റ്തോമസ് സീറോ മലബാർ കത്തോലിക്ക ഫൊറോനാ ഇടവകയുടെ മദ്ധ്യസ്ഥനായ വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ദുക്രാന തിരുനാളിനോടനുബന്ധിച്ച്, വത്തിക്കാൻ മതാന്തര സംവാദ ഡിക്കാസ്റ്ററിയുടെ പ്രീഫെക്ടായ കർദ്ദിനാൾ മാർജോർജ് കൂവക്കാടിന് ഇടവകയുടെ ആഭിമുഖ്യത്തിൽ ഉജ്ജ്വല സ്വീകരണം നൽകി.

പള്ളിമേടയിൽ നിന്ന് വാദ്യമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ ആനയിച്ച കർദ്ദിനാളിനെ കൈക്കാരൻമാരായ ജോർജ് പട്ടേരിൽ,ഡെന്നികല്ലുകളം,അനിൽകണ്ടത്തിൽ എന്നിവർ ദേവാലയത്തിന്റെ പ്രധാന കവാടത്തിൽ പൂച്ചെണ്ട് നൽകി സ്വീകരിച്ചു.തുടർന്ന്വികാരിറവ.ഫാ.കുര്യാക്കോസ് വടാന ദേവാലയത്തിൽ സഭാപരമായ ആദരവോടെ ഔദ്യോഗിക സ്വീകരണം നൽകി.

തുടർന്ന് നടന്ന ആഘോഷ റാസാ കുർബാനയ്ക്ക് കർദ്ദിനാൾ മാർജോർജ് കൂവക്കാട് മുഖ്യകാർമ്മികത്വം വഹിച്ചു.റവ.ഫാ.ടോം മാളിയേക്കൽ,റവ. ഫാ. ഫ്രാൻസിസ് നമ്പ്യാപറമ്പിൽ, റവ. ഫാ.ജോണി ചെങ്ങളാൻ, റവ. ഫാ. കെവിൻ മുണ്ടക്കൽ, റവ. ഫാ.റോയ്സൺ മേനോലിക്കൽ, റവ. ഫാ. ബിജു നാറാണത്ത്, വികാരി റവ. ഫാ. കുര്യാക്കോസ് വടാന എന്നിവർ സഹകാർമ്മികരായി.

പ്രധാന തിരുനാൾ ദിനമായ ജൂലൈ 4ന് രാവിലെ 9.30ന് നടന്ന തിരുനാൾ കുർബാനയ്ക്ക് റവ. ഫാ. തദേവൂസ് അരവിന്ദത്ത് കാർമ്മികത്വം വഹിച്ചു.

ജൂലൈ 5ന് രാവിലെ 10 മണിക്ക് വിശുദ്ധ കുർബാനയും മരിച്ചവരുടെ അനുസ്മരണ ശുശ്രൂഷയും നടന്നു. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് ശേഷം പത്ത് ദിവസം നീണ്ടുനിന്ന ദുക്രാന തിരുനാൾ ആഘോഷങ്ങൾക്ക് കൊടിയിറങ്ങി. ഉച്ചയ്ക്ക് 1 മണിക്ക് സെമിത്തേരി സന്ദർശനവും ഒപ്പീസും നടത്തി ചടങ്ങുകൾ സമാപിച്ചു.

കർദ്ദിനാൾ മാർജോർജ് കൂവക്കാടിന്റെ സന്ദർശനത്തോടനുബന്ധിച്ചു ബ്രോങ്ക്സ് സെന്റ്തോമസ് സീറോ മലബാർ ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് വടാന മുൻകൈയെടുത്തു വിളിച്ചുചേർത്ത, ന്യൂയോർക്കിലും പരിസരപ്രദേശത്തുമുള്ള കത്തോലിക്ക വൈദികരുടേയും സന്യസ്തരുടേയും സമ്മേളനത്തിൽ നിരവധിപേർ പങ്കെടുത്തു. സീറോ മലങ്കര ന്യൂയോർക്ക് രൂപത ബിഷപ്പ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസും യോഗത്തിൽ സന്നിധനായിരുന്നു.

# ഗ്രീൻലാൻഡ് തർക്കവും വിണ്ടുകീറുന്ന ആഗോള ബന്ധങ്ങളും



തുർക്കിയുടെ തലസ്ഥാനമായ അങ്കാറയിൽ നടന്ന നാറ്റോ ഉച്ചകോടി കേവലം സഖ്യരാജ്യങ്ങളുടെ പ്രതിരോധ സഹകരണത്തിന്റെ മാത്രം വേദിയായിരുന്നില്ല. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കർക്കശമായ വിദേശനയങ്ങളും സഖ്യകക്ഷികളുടെ ആശങ്കകളും തമ്മിലുള്ള വടംവലികൾക്കാണ് ലോകം ഇവിടെ സാക്ഷ്യം വഹിച്ചത്.

ഡെൻമാർക്കിന് കീഴിലുള്ള അർദ്ധ സ്വയംഭരണ പ്രദേശമായ ഗ്രീൻലാൻഡിന് മേലുള്ള ട്രംപിന്റെ അവകാശവാദവും, ഇറാന് മേലുള്ള ഏകപക്ഷീയമായ ആക്രമണങ്ങളും, പ്രതിരോധ ബജറ്റ് വർദ്ധിപ്പിക്കാനുള്ള സമ്മർദ്ദവും നാറ്റോയുടെ നിലനിൽപ്പിനെത്തന്നെ വലിയ രീതിയിൽ പുനർചിന്തനത്തിന് വിധേയമാക്കുകയാണ്.

### ട്രംപിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ

ഡൊണാൾഡ് ട്രംപിന്റെ 'അമേരിക്ക ഫസ്റ്റ്' നയത്തിന്റെ തുടർച്ച തന്നെയാണ് ഈ നീക്കങ്ങളിൽ വ്യക്തമാകുന്നത്. നാറ്റോയുടെ പ്രതിരോധ സാമ്പത്തിക ഭാരം അമേരിക്ക ഇനി ഒറ്റയ്ക്ക് ചുമക്കില്ലെന്നതാണ് അദ്ദേഹത്തിന്റെ പ്രാഥമിക നിലപാട്. യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ ജി.ഡി.പിയുടെ കൂടുതൽ ഭാഗം പ്രതിരോധത്തിനായി ചെലവഴിക്കണമെന്നും, അതിലൂടെ അമേരിക്കൻ ആയുധ കമ്പനികൾക്ക് വലിയ കച്ചവടവും തൊഴിലവസരങ്ങളും ഉണ്ടാക്കണമെന്നും അദ്ദേഹം പ്രതീക്ഷിക്കുന്നു.

കൂടാതെ, ആർട്ടിക് മേഖലയിലെ സ്വാധീനത്തിനും സുരക്ഷയ്ക്കും ഗ്രീൻലാൻഡ് നിയന്ത്രണത്തിലാക്കേണ്ടത് അമേരിക്കയുടെ ആവശ്യമാണെന്ന് ട്രംപ് കരുതുന്നു. യൂറോപ്യൻ രാജ്യങ്ങൾ പരമ്പരാഗത യുദ്ധങ്ങളിൽ സ്വയം പ്രതിരോധ ശേഷി വളർത്തിയെടുക്കണമെന്നും അമേരിക്ക സൈനിക സാന്നിദ്ധ്യം കുറച്ച് ആവശ്യമായ സുരക്ഷാ സഹായം മാത്രം നൽകിയാൽ മതിയെന്നുമുള്ള നയത്തിലേക്ക് മാറ്റം വരുത്താൻ അദ്ദേഹം ശ്രമിക്കുന്നു. ഇതോടൊപ്പം മധ്യപൂർവ്വേഷ്യൻ മേഖലയിൽ തങ്ങളുടെ പൂർണ്ണ അധീശത്വം ഉറപ്പിക്കാനും അമേരിക്ക ലക്ഷ്യമിടുന്നു.

### ഈ നീക്കങ്ങളുടെ പ്രധാന ഗുണങ്ങൾ

ട്രംപിന്റെ കടുത്ത സമ്മർദ്ദഫലമായി യൂറോപ്യൻ രാജ്യങ്ങളും കാനഡയും തങ്ങളുടെ പ്രതിരോധ ബജറ്റ് വർദ്ധിപ്പിക്കാൻ നിർബന്ധിതരായിട്ടുണ്ട്. ഇത് നാറ്റോയുടെ മൊത്തത്തിലുള്ള സൈനിക ശേഷി വർദ്ധിപ്പിക്കാൻ സഹായിക്കും. പ്രതിരോധ ചെലവുകൾ ഉയർന്നതോടെ സഖ്യരാജ്യങ്ങൾ അമേരിക്കൻ കമ്പനികളിൽ നിന്ന് വ്യാപകമായി ആയുധങ്ങൾ വാങ്ങാൻ തുടങ്ങിയത് അമേരിക്കൻ സമ്പദ്വ്യവസ്ഥയ്ക്ക് വലിയ ഉത്തേജനം നൽകുകയും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കൂടാതെ സമുദ്രവ്യാപാര പാതകളിൽ ഭീഷണി ഉയർത്തുന്ന ഇറാനെതിരെയുള്ള ശക്തമായ തിരിച്ചടി മേഖലയിലെ സുരക്ഷയ്ക്ക് അത്യാവശ്യമാണെന്ന വാദവും ശക്തമാണ്.

### നേരിടുന്ന ദോഷങ്ങളും പ്രധാന ആശങ്കകളും

ഗ്രീൻലാൻഡ് വിഷയത്തിൽ ഡെൻമാർക്ക് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സെൻ ചൂണ്ടിക്കാണിച്ചതുപോലെ, നാറ്റോ സഖ്യകക്ഷികളുടെ പരമാധികാരത്തെ മാനിക്കാത്ത ട്രംപിന്റെ നിലപാട് സഖ്യത്തിനുള്ളിലെ വിള്ളൽ വർദ്ധിപ്പിക്കുന്നുണ്ട്. ജി.ഡി.പിയുടെ വലിയൊരു ശതമാനം പ്രതിരോധത്തിനായി മാറ്റിവെക്കാൻ സ്ലോവേനിയ, ബെൽജിയം, സ്പെയിൻ തുടങ്ങിയ ചെറിയ രാജ്യങ്ങൾ കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുകയാണ്.

ഇറാനെതിരെ ഇസ്രായേലുമായി ചേർന്ന് അമേരിക്ക നടത്തുന്ന ആക്രമണങ്ങളിൽ കാനഡയ്ക്കും മറ്റ് യൂറോപ്യൻ രാജ്യങ്ങൾക്കും കടുത്ത അഭിപ്രായവ്യത്യാസമുണ്ട്. സഖ്യരാജ്യങ്ങളുമായി വേണ്ടത്ര ആലോചിക്കാതെ ഏകപക്ഷീയമായി തീരുമാനമെടുക്കുന്നത് നാറ്റോയുടെ പരമ്പരാഗത ഐക്യത്തെ ദുർബലപ്പെടുത്തുന്നു.

ഉക്രെയിന് മേലുള്ള റഷ്യൻ ഭീഷണി നിലനിൽക്കെ സഖ്യത്തിനുള്ളിൽ രൂപപ്പെടുന്ന ഇത്തരം ഭിന്നതകൾ വടക്കൻകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിൽ വലിയ ആശങ്ക സൃഷ്ടിക്കുന്നുണ്ട്.

നാറ്റോ എന്നത് പരസ്പരം സംരക്ഷിക്കാനും സഖ്യരാജ്യങ്ങളുടെ പരമാധികാരം കാത്തുസൂക്ഷിക്കാനും രൂപീകരിച്ച സംഘടനയാണ്. എന്നാൽ ട്രംപിന്റെ പുതിയ നയങ്ങൾ നാറ്റോയെ ഒരു വ്യവസായ സ്ഥാപനം പോലെ ലാഭനഷ്ടങ്ങളുടെ കണക്കുപുസ്തകമാക്കി മാറ്റുകയാണെന്ന വിമർശനം ശരിവെക്കുന്നതാണ് നിലവിലെ സംഭവവികാസങ്ങൾ.

ഗ്രീൻലാൻഡ് വിഷയത്തിലും ഇറാന്റെ കാര്യത്തിലും അമേരിക്ക സ്വീകരിക്കുന്ന ഏകപക്ഷീയ നിലപാടുകൾ നാറ്റോ എന്ന ആഗോള പ്രതിരോധ കൂട്ടായ്മയുടെ ഭാവിയെയും ലോകസമാധാനത്തെയും ഒരുപോലെ ചോദ്യചിഹ്നങ്ങൾക്ക് മുന്നിൽ നിർത്തിയിരിക്കുകയാണ്.

# കാർദിനാൾ കൂവക്കാടിന് ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ പള്ളിയിൽ ഉജ്ജ്വല സ്വീകരണം



ഹൂസ്റ്റൺ: ചങ്ങനാശ്ശേരി അതിരൂപതാംഗവും വത്തിക്കാന്റെ അന്തർദ്ദേശീയ മതസൗഹാർദ്ദ കാര്യാലയത്തിന്റെ പ്രിഫെക്ടുമായ കാർദിനാൾ മാർ ജോർജ്ജ് കൂവക്കാടിന് ഹൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയിൽ ആവേശോജ്ജ്വലമായ സ്വീകരണം നൽകി. ജൂലൈ 5 ഞായറാഴ്ച രാവിലെ 11:15ന് ദൈവാലയാങ്കണത്തിലെത്തിയ കാർദിനാളിനെ വികാരി ഫാ. ഏബ്രഹാം മുത്തോലത്ത്, അസിസ്റ്റന്റ് വികാരി ഫാ. ജോഷി വലിയവീട്ടിൽ, കൈക്കാരന്മാർ, സിസ്റ്റേഴ്സ്, ഇടവകജനം എന്നിവർ ചേർന്ന് സ്നേഹത്തോടെ സ്വീകരിച്ച് ആനയിച്ചു.

തുടർന്ന്, കാർദിനാൾ മാർ ജോർജ്ജ് കൂവക്കാടിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് വിശുദ്ധ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചു. വികാരി ഫാ. ഏബ്രഹാം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു. വിശുദ്ധ കുർബാന മധ്യേ നൽകിയ വചനസന്ദേശത്തിൽ, അന്തരിച്ച ഫ്രാൻസിസ് മാർപാപ്പയുമായുള്ള തന്റെ വ്യക്തിപരമായ അനുഭവങ്ങളും അദ്ദേഹത്തിന്റെ നന്മകളും കാർദിനാൾ പങ്കുവെച്ചു.

സഭയിലെ ഉന്നത പദവികളിലേക്ക് ഉയർത്തപ്പെട്ട കാർദിനാൾ മാർ ജോർജ്ജ് കൂവക്കാടിന്, ഇടവക ട്രസ്റ്റി കോർഡിനേറ്റർ സജി മാരങ്ങാട്ടിലിന്റെ നേതൃത്വത്തിലുള്ള പാരിഷ് കൗൺസിൽ അംഗങ്ങൾ പൂച്ചെണ്ടു നൽകി ആദരവും അഭിനന്ദനങ്ങളും അറിയിച്ചു. ചടങ്ങിൽ വെച്ച് ഇടവകയിലെ സീനിയർ സിറ്റിസൺസ് മിനിസ്ട്രി അംഗങ്ങളെയും അൾത്താര ശുശ്രൂഷകരെയും അദ്ദേഹം പ്രത്യേകം ആശീർവദിച്ചു. വികാരി ഫാ. മുത്തോലത്ത് കർദിനാളിനെ അനുമോദിക്കുകയും നന്ദി അർപ്പിക്കുകയും ചെയ്തു.

ചെത്തിപ്പുഴ സ്വദേശിയായ മാർ ജോർജ്ജ് കൂവക്കാട് 2004ലാണ് പൗരോഹിത്യം സ്വീകരിച്ചത്. ഉപരിപഠനശേഷം വത്തിക്കാന്റെ നയതന്ത്ര വിഭാഗത്തിൽ സേവനമനുഷ്ഠിച്ച അദ്ദേഹം അൾജീരിയ, കൊറിയ, ഇറാൻ, കോസ്റ്ററിക്ക, വെനിസ്വേല എന്നീ രാജ്യങ്ങളിൽ വത്തിക്കാൻ പ്രതിനിധിയായി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി.

ഫ്രാൻസിസ് മാർപാപ്പയുടെ ഇറ്റലിക്ക് പുറത്തേക്കുള്ള അപ്പോസ്തോലിക് യാത്രകളുടെ പ്രധാന സംഘാടകനായിരുന്നു അദ്ദേഹം. 2024ൽ ആർച്ചുബിഷപ്പായും തുടർന്ന് കാർദിനാളായും ഫ്രാൻസിസ് മാർപാപ്പ അദ്ദേഹത്തെ ഉയർത്തി. 2025 ജനുവരിയിലാണ് അദ്ദേഹം ഡിക്കാസ്റ്ററി ഫോർ ഇന്റർറിലീജിയസ് ഡയലോഗ് പ്രിഫെക്ടായി ചുമതലയേറ്റത്.

സിസ്റ്റർ റെജി, സജി മാരങ്ങാട്ടിൽ, സാബു കറുകപ്പറമ്പിൽ, ജെയിംസ് വടക്കേക്കര, നിധിൻ വട്ടമറ്റത്തിൽ, ജോസ് പുളിക്കത്തൊട്ടിയിൽ, ബിബി തെക്കനാട്ട്, ജോസ് താന്നിച്ചുവട്ടിൽ, ജോസ് കുറുപ്പംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിലാണ് സ്വീകരണ പരിപാടികൾ വിജയകരമായി സംഘടിപ്പിച്ചത്.

*ബിബി തെക്കനാട്ട്*






# 2026 – 28 ൽ ഫോമായെ നയിക്കാൻ 'ടീം വോയിസ് ഓഫ് ഫോമാ'

2026-28 ൽ ഫോമായെ നയിക്കുവാൻ പ്രസിഡന്റായി ബിജു തോണിക്കടവിലും, സെക്രട്ടറിയായി പോൾ പി ജോസും, ട്രഷററായി പ്രദീപ് നായരും, വൈസ് പ്രസിഡന്റായി സാമുവൽ മത്തായിയും, ജോയിന്റ് സെക്രട്ടറിയായി ഡോ. മഞ്ജു പിള്ളയും, ജോയിന്റ് ട്രഷററായി ജോൺസൺ കണ്ണൂക്കാടനും ഉൾപ്പെട്ട ഒരു ശക്തമായ നേതൃനിരയാണ് സജ്ജമായിക്കൊണ്ടിരിക്കുന്നത്. ഫോമയിലും ഫോമായുടെ അംഗ സംഘടനകളും തങ്ങളുടേതായ വ്യക്തിമുദ്രപ്പിച്ചുകൊണ്ട് ഇവർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഫോമായെ ഇനിയും ഉയർന്ന തലങ്ങളിൽ എത്തിക്കും എന്ന് ഉറപ്പുണ്ട്.

ഫോമായുടെ വിവിധ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ ഏറെ പ്രശംസകൾ ഏറ്റുവാങ്ങിയ ബിജു തോണിക്കടവിൽ ഫോമായുടെ എക്കാലത്തേയും മികച്ച നേതാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്.

ഏറ്റെടുത്ത ചുമതലകളിലെല്ലാം അത്യപൂർവ്വമായ പ്രവർത്തന മികവും, സംഘടനാ പാടവവും, അർപ്പണബോധവും അമേരിക്കൻ മലയാളികൾക്കിടയിൽ തെളിയിച്ചു കാണിച്ച വ്യക്തിയാണ് പോൾ. നിലവിൽ ഫോമായുടെ ജോയിന്റ് സെക്രട്ടറി ആയ പോൾ പദവി ഏറ്റെടുത്തതിനു ശേഷം ചുരുങ്ങിയ കാലയളവിൽ തന്റെ പ്രവർത്തന മികവ് തെളിയിച്ചതാണ്.

ട്രഷറർ ആയി മത്സരിക്കുന്ന പ്രദിപ് നായർ, താഴെ തട്ടിൽ നിന്നുള്ള പ്രവർത്തനത്തിലൂടെ മുൻ നിരയിലേക്ക് വന്ന എല്ലാവരുമായും നല്ല ബന്ധം കാത്തു സൂക്ഷിക്കുന്ന അപൂർവ്വം വ്യക്തികളിലൊരാളാണ്. 2006ൽ യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ കമ്മറ്റി മെമ്പർ ആയിട്ടാണ് സംഘടനാ പ്രവർത്തനം ആരംഭിച്ച പ്രദീപിന് പിന്നീട് അസോസിയേഷന്റെ എല്ലാ പദവികളും അലങ്കരിക്കുവാൻ സാധിച്ചു.

യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ നിന്നും ഒരു തുക സമാഹരിച്ച് കാൻസർ സെന്ററിനു നൽകുവാൻ സാധിച്ച പ്രദീപിന് ഫോമയുടെ എമ്പയർ റീജിയൺ കൺവൻഷൻ ചെയർ ആയിരിക്കുമ്പോൾ ആർ.സി.സി. പ്രോജക്ടിനു പതിനായിരം ഡോളർ സമാഹരിച്ചു

ബാലജനസഖ്യത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച് വിദ്യാർത്ഥി നേതാവായി നേതൃത്വ പാടവം തെളിയിച്ച സാമുവൽ മത്തായി ഡാളസ് മലയാളി അസോസിയേഷൻ സെക്രട്ടറി, പ്രസിഡന്റ്, എന്നീ നിലകളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വച്ചു. 2020-2022 ൽ ഫോമായുടെ നാഷണൽ കമ്മിറ്റിയംഗമായും മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്.

എല്ലാവരോടും സ്നേഹവും സൗഹൃദവും കാത്തുസൂക്ഷിക്കുന്ന, ഫോമയുടെ നൻമയും ഉയർച്ചയും മാത്രം ആഗ്രഹിക്കുന്ന സാമുവൽ മത്തായി, വാഗ്ദാനങ്ങളിലല്ല അവ നടപ്പാക്കുന്നതിലാണ് താല്പര്യം എന്ന തന്റെ വ്യക്തമാക്കുന്നു.

ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് അരിസോണയിലെ പ്രശസ്ത ഡോക്ടറും സാമൂഹ്യ പ്രവർത്തകയും കലാകാരിയുമായ ഡോ. മഞ്ജു പിള്ളയാണ് മത്സരിക്കുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി അരിസോണ മലയാളി സമൂഹത്തിലെ നിറസാന്നിധ്യമായ ഡോ. മഞ്ജു, നിലവിൽ ഫോമാ വിമെൻസ് ഫോറത്തിന്റെ നാഷണൽ ജോയിന്റ് ട്രഷററായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്നു. അരിസോണ മലയാളീ അസോസിയേഷന്റെ നിരവധി നേതൃ പദവികൾ വഹിച്ചിട്ടുള്ള മഞ്ജു, ഇപ്പോൾ പ്രസ്തുത സംഘടനയുടെ അഡ്വൈസറി കൗൺസിൽ അംഗമാണ്.

ഫോമാ സെൻട്രൽ റീജിയന്റെ ആർ.വി.പി ആയി ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ജോൺസൺ കണ്ണൂക്കാടൻ ഫോമയുടെ ആരംഭം മുതൽ സംഘടനയുടെ വളർച്ചയിൽ പങ്കാളി ആയിരുന്നു. ദീർഘ കാലത്തെ പ്രവർത്തന പരിചയവും അനുഭവ സമ്പത്തും ജോൺസനെ ഷിക്കാഗോ മലയാളി സമൂഹത്തിന് സുസമ്മതനാക്കി.

അദ്ദേഹം ഷിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡന്റായിരുന്നപ്പോൾ പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ഷിക്കാഗോ മലയാളി അസോസിയേഷന്റെ ചാരിറ്റി ചെയർമാനായി ഇപ്പോഴും തന്റെ പ്രവർത്തനങ്ങൾ തുടരുന്നു. എസ്.എം.സി.സി. നാഷണൽ വൈസ് പ്രസിഡന്റായി ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

# കാനഡയിൽ ചരിത്ര നിക്ഷേപവുമായി മെറ്റാ; ആദ്യ മെഗാ ഡാറ്റാ സെന്റർ ആൽബർട്ടയിൽ



കാൽഗറി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ കടുത്ത മത്സരത്തിനിടയിൽ തങ്ങളുടെ കമ്പ്യൂട്ടിംഗ്ശേഷി വർദ്ധിപ്പിക്കുന്നതിനായി കാനഡയിൽ ആദ്യമായി വമ്പൻ ഡാറ്റാ സെന്റർ നിർമ്മിക്കാൻ ഒരുങ്ങിഫേസ്ബുക്കിന്റെ മാതൃകമ്പനിയായ മെറ്റ. മധ്യ ആൽബർട്ടയിലെ സ്റ്റർജൻ കൗണ്ടിയിൽ നിർമ്മിക്കുന്ന ഈ പദ്ധതിക്കായി 13 ബില്യൺ കനേഡിയൻഡോളറാണ് (ഏകദേശം 9.17 ബില്യൺ യു.എസ്ഡോളർ) കമ്പനി നിക്ഷേപിക്കുന്നത്. 1 ഗിഗാവാട്ട്ശേഷിയുള്ള ഈ ഡാറ്റാ സെന്റർ ഭാവിയിൽ 1.8 ഗിഗാവാട്ട് വരെയായി ഉയർത്താൻ സാധിക്കും. ആഗോളതലത്തിൽ മെറ്റായുടെ 33-ാമത്തെ ഡാറ്റാ സെന്ററാണിത്.

ആൽബർട്ട പ്രീമിയർ ഡാനിയേൽ സ്മിത്ത് ഉൾപ്പെടെയുള്ള സർക്കാർ പ്രതിനിധികളുടെ സാന്നിധ്യത്തിൽ കാൽഗറിയിൽ വെച്ചാണ് മെറ്റാ അധികൃതർ ഈ പ്രഖ്യാപനം നടത്തിയത്. സിലിക്കൺ വാലിയിലെ വൻകിട കമ്പനികളെ തങ്ങളുടെ പ്രവിശ്യയിലേക്ക് ആകർഷിക്കാൻ ആൽബർട്ട സർക്കാർ കഴിഞ്ഞ കുറേ വർഷങ്ങളായി ശ്രമിച്ചുവരികയായിരുന്നു. പ്രവിശ്യയിൽ ഇത്തരത്തിലുള്ള ആദ്യത്തെ വലിയ പദ്ധതിയാണിതെന്നും എന്നാൽ ഇത് അവസാനത്തേതല്ലെന്നും ആൽബർട്ടയുടെ സാങ്കേതികവിദ്യാ മന്ത്രി നേറ്റ് ഗ്ലൂബിഷ് വ്യക്തമാക്കി.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വളർച്ചയോടെ വൻകിട ടെക് കമ്പനികളുടെ ഊർജ്ജ ആവശ്യങ്ങൾ കുത്തനെ ഉയർന്നിട്ടുണ്ട്. യു.എസിനെ അപേക്ഷിച്ച് വളരെ കുറഞ്ഞ നിരക്കിൽ പ്രകൃതിവാതകം ലഭ്യമാണെന്നതാണ് ഡാറ്റാ സെന്ററിനായി ആൽബർട്ടയെ തിരഞ്ഞെടുക്കാൻ മെറ്റായെ പ്രേരിപ്പിച്ചത്. കൂടാതെ, ഇവിടുത്തെ തണുത്ത കാലാവസ്ഥ സൂപ്പർ കമ്പ്യൂട്ടറുകളെ തണുപ്പിച്ചു നിർത്തുന്നതിനുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ സഹായിക്കും.

ഏകദേശം 8,00,000 വീടുകൾക്ക് ആവശ്യമായ അത്രയും വൈദ്യുതി ഈ ഡാറ്റാ സെന്ററിന് ആവശ്യമായി വരും. ഇതിനായി പുതിയ പവർ ഗ്രിഡ് ഇൻഫ്രാസ്ട്രക്ചറിനുള്ള തുക മെറ്റാ തന്നെയാണ് പൂർണ്ണമായും മുടക്കുന്നത്. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനായി ക്ലീൻ ആന്റ് റിന്യൂവബിൾ എനർജിയിലും കമ്പനി നിക്ഷേപം നടത്തും. അതോടൊപ്പം, ഡാറ്റാ സെന്റർ തണുപ്പിക്കുന്നതിനായി 'ക്ലോസ്ഡ് ലൂപ്പ് ലിക്വിഡ് കൂളിംഗ്' സിസ്റ്റം ഉപയോഗിക്കുന്നതിനാൽ ഒരു സാധാരണ ഗോൾഫ് കോഴ്സിന് ആവശ്യമായതിനേക്കാൾ കുറഞ്ഞ വെള്ളം മാത്രമേ ഇവിടെ ഉപയോഗിക്കൂ എന്നും മെറ്റാ വ്യക്തമാക്കി.

വൈദ്യുതി ആവശ്യങ്ങൾക്കായി ആൽബർട്ട ആസ്ഥാനമായുള്ള പെമ്പിന പൈപ്പ്ലൈൻ, കാപ്പിറ്റൽ പവർ എന്നീ കമ്പനികളുമായി മെറ്റാ ധാരണയിലെത്തിയിട്ടുണ്ട്. 2030 അവസാനത്തോടെ പൂർണ്ണ സജ്ജമാകുന്ന പുതിയ പ്രകൃതിവാതക പവർ പ്ലാന്റിൽ നിന്നാകും മെറ്റയ്ക്ക് പ്രധാനമായും വൈദ്യുതി ലഭിക്കുക. ഇത് വെസ്റ്റേൺ കാനഡയിലെ പ്രകൃതിവാതക ഉത്പാദകർക്ക് വലിയ വിപണി തുറന്നുനൽകും.

കാനഡയിലെ മറ്റ് പ്രവിശ്യകളെ അപേക്ഷിച്ച് ആൽബർട്ടയിലെ പവർ ഗ്രിഡുകൾ 60 ശതമാനവും പ്രകൃതിവാതകത്തെയാണ് ആശ്രയിക്കുന്നത്. ഇത്ദേശീയ ശരാശരിയേക്കാൾ അഞ്ചിരട്ടി അധികം കാർബൺ പുറന്തള്ളലിന് കാരണമാകുന്നുണ്ട്. അതിനാൽ തന്നെ മെറ്റയുടെ പുതിയ നീക്കത്തിനെതിരെ കാനഡയിലെ പരിസ്ഥിതി പ്രവർത്തകർ കടുത്ത പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്.



# ഭീകരവാദപ്പട്ടികയിൽ നിന്ന് സിറിയയെ ഒഴിവാക്കാൻ ഡോണൾഡ് ട്രംപ്

വാഷിംഗ്ടൺ: സിറിയയെ അമേരിക്കയുടെ ഭീകരവാദത്തെ പിന്തുണയ്ക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ചതായി സിറിയൻ പ്രസിഡന്റ് അഹമ്മദ് അൽ ഷറായെ അറിയിച്ച് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ബുധനാഴ്ച അങ്കാറയിൽ വെച്ച് ഇരു നേതാക്കളും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് ട്രംപ് ഇക്കാര്യം വ്യക്തമാക്കിയത്.




'നിങ്ങളുടെ രാജ്യം പുനർനിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന എല്ലാ വിലക്കുകളും നീക്കുമെന്ന് ഞാൻ വാഗ്ദാനം ചെയ്തിരുന്നു, വളരെ വേഗം തന്നെ നിങ്ങൾക്ക് അതിന് സാധിക്കും,' ട്രംപ് ഷറായ്ക്ക് അയച്ച കത്തിൽ പറയുന്നു.

സിറിയയിൽനിക്ഷേപംനടത്താനും രാജ്യത്തെ കൂടുതൽ ശക്തവും സമൃദ്ധവുമാക്കാൻ സഹായിക്കാനും യു.എസ് കമ്പനികൾ തയ്യാറാണെന്നും ട്രംപ് കത്തിൽ കൂട്ടിച്ചേർത്തു. ഈ തീരുമാനത്തെക്കുറിച്ച് ട്രംപ് യു.എസ് കോൺഗ്രസിനെ അറിയിച്ചിട്ടുണ്ട്. കോൺഗ്രസിന്റെ 45 ദിവസത്തെ പുനഃപരിശോധനയ്ക്ക് ശേഷമാകും ഈ തീരുമാനം ഔദ്യോഗികമായി നിലവിൽ വരിക.

ഭീകരവാദപ്പട്ടികയിൽ ഉൾപ്പെടുന്ന രാജ്യങ്ങൾക്ക് യു.എസിന്റെ വിദേശ സഹായം, പ്രതിരോധ കയറ്റുമതികൾ, ചില പ്രധാന സാമ്പത്തിക ഇടപാടുകൾ എന്നിവയ്ക്ക് കടുത്ത നിയന്ത്രണങ്ങൾ ഉണ്ടാകാറുണ്ട്. യു.എസിന്റെ ഈ പുതിയ നീക്കം സിറിയയിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും രാജ്യത്തെ ആഗോള സമ്പദ്‌വ്യവസ്ഥയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും സഹായിക്കുമെന്ന് സിറിയൻ സെൻട്രൽ ബാങ്ക് ഗവർണർ സഫ്‌വത് റസ്‌ലാൻ ടെലിഗ്രാമിലൂടെ പ്രതികരിച്ചു.

സിറിയക്കെതിരെയുള്ള ഉപരോധങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള എക്സിക്യൂട്ടീവ് ഉത്തരവിൽ ട്രംപ് കഴിഞ്ഞ വർഷം ഒപ്പുവെച്ചിരുന്നു. ഇതേത്തുടർന്ന് അന്താരാഷ്ട്ര സാമ്പത്തിക വ്യവസ്ഥയിൽ നിന്നുള്ള സിറിയയുടെ ഒറ്റപ്പെടൽ അവസാനിച്ചിരുന്നു. നിലവിൽ സൗദി അറേബ്യ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങൾ സിറിയയുടെ പുനർനിർമ്മാണത്തിനായി കോടിക്കണക്കിന് ഡോളറിന്റെ സാമ്പത്തിക സഹായങ്ങളും നിക്ഷേപങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്.

മുൻപ് അൽഖ്വായ്ദയുടെ നുസ്രഫ്രണ്ടിന്റെ കമാൻഡറായിരുന്ന അഹമ്മദ് അൽഷറാ, 2016ൽ ആ സംഘടനയുമായുള്ള ബന്ധം പൂർണ്ണമായി ഉപേക്ഷിച്ചിരുന്നു. തുടർന്ന് 2024ന്റെ അവസാനത്തോടെ ഇസ്ലാമിക് വിമത സഖ്യത്തെ നയിച്ച് ബഷാർ അൽ അസദിന്റെ ഭരണകൂടത്തെ അട്ടിമറിച്ചാണ് അദ്ദേഹം സിറിയയുടെ അധികാരത്തിലെത്തിയത്.

# 'അമേരിക്കൻ പൗരത്വം വിൽപനയ്ക്കുള്ളതല്ല' കോടതി വിധിക്കെതിരെ പുനഃപരിശോധനാ ഹർജി നൽകാൻ ട്രംപ്



വാഷിംഗ്ടൺ: അമേരിക്കയിൽ ജനിക്കുന്നവർക്ക് ഭരണഘടനാപരമായി ലഭിക്കുന്ന പൗരത്വാവകാശം (Birthright Citizenship) വെട്ടിക്കുറയ്ക്കാനുള്ള തന്റെ ഉത്തരവ് റദ്ദാക്കിയ സുപ്രീം കോടതി വിധിക്കെതിരെ വീണ്ടും പുനഃപരിശോധന ഹർജി നൽകുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

യു.എസ് ഭരണഘടനയുടെ പതിനാലാം ഭേദഗതി പ്രകാരം അമേരിക്കയിൽ ജനിക്കുന്ന ഏതൊരാൾക്കും പൗരത്വത്തിന് അവകാശമുണ്ടെന്ന വാദം മുൻനിർത്തിയാണ് കഴിഞ്ഞ മാസം സുപ്രീം കോടതി ട്രംപിന്റെ ഉത്തരവ് റദ്ദാക്കിയത്.

എന്നാൽ, യാഥാസ്ഥിതിക ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സ് എഴുതിയ ഈ വിധി നീതി നിഷേധം ആണെന്നാണ് ട്രംപ് വിശേഷിപ്പിച്ചത്.

'അമേരിക്കൻ പൗരത്വം വിൽപനയ്ക്കുള്ളതല്ല! വാസ്തവത്തിൽ അതൊരു കുറ്റകൃത്യമാണ്, അതിനാൽ സുപ്രീം കോടതിയുടെ വിധി തെറ്റാണ്. യുഎസ് സുപ്രീം കോടതിയോട് ഞാൻ ഉടൻ തന്നെ പുനഃപരിശോധന ആവശ്യപ്പെടും,' ട്രംപ് തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിൽ കുറിച്ചു.


ഒരു കേസിൽ അന്തിമ വിധി പ്രസ്താവിച്ച ശേഷം അതിൽ പുനഃപരിശോധന നടത്താനുള്ള അപേക്ഷകൾ യു.എസ് സുപ്രീം കോടതി വളരെ അപൂർവമായി മാത്രേ സ്വീകരിക്കാറുള്ളൂ. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഇത്തരം ഒരു അപേക്ഷയും കോടതി അംഗീകരിച്ചിട്ടുമില്ല.

അധികാരമേറ്റെടുത്ത ആദ്യ ദിവസം തന്നെ രാജ്യത്തെ നിയമപരവും നിയമവിരുദ്ധവുമായ കുടിയേറ്റങ്ങൾ തടയുന്നതിനുള്ള കർശന നടപടികളുടെ ഭാഗമായാണ് ട്രംപ് പൗരത്വാവകാശം റദ്ദാക്കിക്കൊണ്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചത്.









# വെനിസ്വേല ഭൂകമ്പം: മരണസംഖ്യ 3,685 ഉയർന്നു; മരിച്ചവരിൽ 9 യു.എസ് പൗരൻമാർ

കാരക്കാസ്: വെനിസ്വേലയിൽ ഉണ്ടായ ഇരട്ട ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 3,685 ആയി ഉയർന്നതായി ഔദ്യോഗിക സ്ഥിരീകരണം. വെനിസ്വേലൻ നാഷണൽ അസംബ്ലി പ്രസിഡന്റ് ജോർജ്ജ് റോഡ്രിഗസ് ആണ് മരണസംഖ്യ സംബന്ധിച്ച പുതിയ വിവരങ്ങൾ പുറത്തുവിട്ടത്.

ദുരന്തത്തിൽ പതിനാറായിരത്തിലധികം ആളുകൾക്ക് പരിക്കേൽക്കുകയും കാൽലക്ഷത്തോളം പേരെ ദുരന്തം നേരിട്ട് ബാധിക്കുകയും ചെയ്തിട്ടുണ്ട്. ജൂൺ 24 നാണ് രാജ്യം കണ്ട ഏറ്റവും മാരകമായ ഭൂകമ്പങ്ങളിലൊന്ന് വെനിസ്വേലയെ പിടിച്ചുകുലുക്കിയത്.

ദുരന്തത്തിൽ ഒമ്പത് അമേരിക്കൻ പൗരന്മാരും കൊല്ലപ്പെട്ടതായി യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് ടോമി പിഗോട്ട സ്ഥിരീകരിച്ചു.

ദുരന്തമുഖത്ത് പ്രവർത്തിച്ചിരുന്ന നാല് യു.എസ് അർബൻ സെർച്ച് ആൻഡ് റെസ്ക്യൂ ടീമുകൾ ദൗത്യം പൂർത്തിയാക്കി മടങ്ങി.

## ഇറാനെതിരെ വൻവ്യോമാക്രമണം നടത്തി യുഎസ് സൈന്യം;

# അമേരിക്കൻ താവളങ്ങൾക്ക് നേരെ മിസൈൽ വർഷവുമായി ഇറാൻ

പശ്ചിമേഷ്യൻ മേഖലയെ വൻ യുദ്ധഭീതിയിലാഴ്ത്തിക്കൊണ്ട് അമേരിക്കയും ഇറാനും തമ്മിൽ അതിശക്തമായ മിസൈൽ പോരാട്ടം ആരംഭിച്ചു. അന്താരാഷ്ട്ര തലത്തിൽ തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിലൂടെയുള്ള ചരക്കുനീക്കം സുരക്ഷിതമാക്കാൻ എന്ന പേരിൽ ഇറാനിലെ പ്രമുഖ തീരദേശ നഗരങ്ങൾക്ക് നേരെ അമേരിക്കൻ സൈന്യം വൻതോതിൽ വ്യോമാക്രമണം നടത്തി. ചരക്കുകപ്പലുകൾക്ക് നേരെ ഇറാൻ റെവല്യൂഷണറി ഗാർഡ്സ് ആക്രമണം നടത്തിയെന്ന് ആരോപിച്ചാണ് യുഎസ് സെൻട്രൽ കമാൻഡ് ഇത്തരമൊരു കടുത്ത സൈനിക നടപടിക്ക് മുതിർന്നത്.

അമേരിക്കയുമായി നിലനിന്നിരുന്ന താൽക്കാലിക വെടിനിർത്തൽ ധാരണകൾ പൂർണ്ണമായി അവസാനിച്ചതായി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് ഈ വലിയ ആക്രമണം അരങ്ങേറിയത്. ഇറാന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങൾ, റഡാർ നിലയങ്ങൾ, തീരദേശ നിരീക്ഷണ കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമിട്ടാണ് യുഎസ് യുദ്ധവിമാനങ്ങൾ മാരകമായ ബോംബുകൾ വർഷിച്ചത്. ദക്ഷിണ ഇറാന്റെ തീരപ്രദേശങ്ങളിലുള്ള പ്രധാന പ്രതിരോധ ബോട്ടുകളും താവളങ്ങളും തകർത്തതായി അമേരിക്കൻ പ്രതിരോധ വൃത്തങ്ങൾ അവകാശപ്പെട്ടു.

അമേരിക്കൻ സൈന്യത്തിന്റെ ഈ കടുത്ത വ്യോമാക്രമണത്തിന് തൊട്ടുപിന്നാലെ അതീവ മാരകമായ പ്രത്യാക്രമണവുമായി ഇറാൻ റെവല്യൂഷണറി ഗാർഡ്സ് രംഗത്തെത്തി. അമേരിക്കൻ നാവികസേനയുടെ അഞ്ചാം ഫ്ലീറ്റ് ആസ്ഥാനം സ്ഥിതി ചെയ്യുന്ന ബഹ്റൈനിലെ താവളങ്ങൾക്ക് നേരെയും കുവൈറ്റിലെ അലി അൽ സലേം വ്യോമതാവളത്തിന് നേരെയും ഇറാൻ വൻതോതിൽ മിസൈലുകളും ഡ്രോണുകളും തൊടുത്തുവിട്ടു. ആക്രമണത്തെ തുടർന്ന് കുവൈറ്റിലും ബഹ്റൈനിലും മണിക്കൂറുകളോളം യുദ്ധകാല അടിസ്ഥാനത്തിൽ അപായ സൈറണുകൾ മുഴങ്ങി.


പെട്ടെന്നുണ്ടായ ഈ വലിയ സൈനിക പ്രതിസന്ധിയെ തുടർന്ന് ഗൾഫ് രാജ്യങ്ങളാകെ അതീവ ജാഗ്രതയിലാണ്. ഇറാന്റെ വിനാശകരമായ ഡ്രോണുകളെയും മിസൈലുകളെയും പ്രതിരോധിക്കാൻ തങ്ങളുടെ വ്യോമ സുരക്ഷാ സംവിധാനങ്ങൾ പൂർണ്ണ സജ്ജമാണെന്ന് കുവൈറ്റ് സൈനിക മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിന്റെ പൂർണ്ണമായ നിയന്ത്രണം തങ്ങൾക്കായിരിക്കുമെന്നും വിദേശ ശക്തികളുടെ ഇടപെടലുകൾ അനുവദിക്കില്ലെന്നും ഇറാന്റെ പുതിയ സൈനിക നേതൃത്വം ആവർത്തിച്ചു.

ഖത്തർ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങളിലെവിതരണശൃംഖലകളെയും ഈ പുതിയ യുദ്ധസാഹചര്യം ദോഷകരമായി ബാധിച്ചിരിക്കുകയാണ്. ആഗോള വിപണിയിലെ ഇന്ധന നീക്കത്തിന്റെ പ്രധാന കേന്ദ്രമായ ഹോർമുസ് കടലിടുക്ക് അടച്ചുപൂട്ടാൻ ഇറാൻ ശ്രമിക്കുന്നത് ലോക സമ്പദ്വ്യവസ്ഥയെ വലിയ പ്രതിസന്ധിയിലാക്കും. നയതന്ത്ര തലത്തിലുള്ള സമാധാന ചർച്ചകൾ പൂർണ്ണമായി തകർന്ന പശ്ചാത്തലത്തിൽ വരും മണിക്കൂറുകളിൽ കൂടുതൽ മാരകമായ വ്യോമാക്രമണങ്ങൾ ഉണ്ടായേക്കാമെന്നാണ് അന്താരാഷ്ട്ര പ്രതിരോധ വിദഗ്ധർ വിലയിരുത്തുന്നത്.









# വിഴിഞ്ഞത്ത് ഈ സർക്കാർ എന്ത് തെറ്റ് ചെയ്തു? മുഖ്യമന്ത്രി വി.ഡി.സതീശൻ

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഓഹരി കൈമാറ്റവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ചെയ്ത തെറ്റ് എന്താണെന്ന് മുഖ്യമന്ത്രിയുടെ ചോദ്യം. യാതൊരു തെറ്റും ചെയ്തിട്ടില്ല. ഓഹരി കൈമാറ്റം നടന്നിട്ടില്ല. മുഖ്യമന്ത്രി വി.ഡി.സതീശൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരളത്തിന്റെ താല്പര്യം ബലികഴിച്ചുകൊണ്ടുള്ള ഒരു തീരുമാനവും എടുക്കില്ലെന്നും വ്യക്തമാക്കി.

വിഴിഞ്ഞം പോർട്ടുമായി ബന്ധപ്പെട്ട് കമ്പനിയുടെ ഷെയറുകൾ എം.എസ്.സി കമ്പനിക്ക് കൈമാറുന്നതിനുള്ള മുൻകൂർ അനുമതി തേടിയുള്ള കത്ത് മന്ത്രിസഭായോഗം ചർച്ച ചെയ്തുവെന്ന് മുഖ്യമന്ത്രി അറിയിച്ചു. കൺസെഷൻ എഗ്രിമെന്റും കേരളത്തിന്റെ താല്പര്യങ്ങളും നിയമപരമായ കാര്യങ്ങളും പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. എംപവേർഡ് കമ്മിറ്റിയുടെ റിപ്പോർട്ടും തീരുമാനവും മന്ത്രിസഭ വീണ്ടും പരിശോധിക്കും.

അതേസമയം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിയതാണ് നടപടികളെന്ന് ചൂണ്ടിക്കാട്ടി. എം.എസ്.സി.കമ്പനിയുമായി അദാനിഗ്രൂപ്പ് ഒരു വർഷമായി ചർച്ച ചെയ്യുകയാണെന്ന് ഇടതു സർക്കാരിന് അറിയാമായിരുന്നു. അന്നത്തെ സർക്കാരിന്റെ വലിയ നേട്ടമായാണ് ദേശാഭിമാനി റിപ്പോർട്ട് ചെയ്തത്.

എം.എസ്.സിയുടെ വരവ് എൽ.ഡി.എഫ് സർക്കാരിന്റെ ദീർഘവീക്ഷണത്തിന്റെ വിജയമായാണ് വിശേഷിപ്പിച്ചത്. അതിന് തെളിവായി വിഴിഞ്ഞം കോൺക്ലേവിൽ എം.എസ്.സി കമ്പനിയിലെ പ്രമുഖർ പങ്കെടുത്തതും ചൂണ്ടിക്കാട്ടിയിരുന്നു. വിഴിഞ്ഞം വിഷയത്തിൽ ആരോപണമുന്നയിച്ചവർ ഇനി തലയിൽ മുണ്ടിട്ട് പോയാൽ മതിയെന്ന് മുഖ്യമന്ത്രി പരിഹസിച്ചു.

**ഐ.ടി.വകുപ്പ് പിണറായി കൈവശം വച്ചതോ?**

തുറമുഖ വകുപ്പ് താൻ കൈവശം വയ്ക്കുന്നതിനെ അദാനി ഡീൽ എന്ന് ആക്ഷേപിക്കുന്നവർ, ഐ.ടി. വകുപ്പ് എന്തിന് പിണറായി കൈവശംവച്ചു എന്നതിന് മറുപടി പറയണം. ആരെയെങ്കിലും സഹായിക്കാനാണോയെന്ന് വി.ഡി.സതീശൻ ചോദിച്ചു.

എല്ലാ വകുപ്പും മുഖ്യമന്ത്രി കൈയ്ക്കലാക്കിയെന്ന പിണറായിയുടെ വിമർശനം മുഖ്യമന്ത്രി തള്ളി. ഐ.ടി.അടക്കം 29 വകുപ്പുകളാണ് പിണറായി കൈവശം വച്ചിരുന്നത്.

മംഗലാപുരത്ത് പോകുമ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയാകുമെന്ന് അറിയില്ലായിരുന്നുവെന്നും പ്രതികരിച്ചു. പ്രതിപക്ഷ നേതാവ് ഇരിക്കുന്ന കസേരയ്ക്ക് യോജിക്കാത്ത കാര്യമാണ് പറഞ്ഞത്

**ദിവ്യയെ മാറ്റിയാൽ എന്താണ് പ്രശ്നം?**

വിഴിഞ്ഞം തുറമുഖ എം.ഡി.യുടെ ചുമതലയിൽ നിന്ന് ദിവ്യ എസ്. അയ്യരെ മാത്രമല്ല മാറ്റിയതെന്ന് മുഖ്യമന്ത്രി. അവരെ മാത്രം മാറ്റിയാൽ എന്താണ് പ്രശ്നമെന്നും അദ്ദേഹം ചോദിച്ചു.

ഒരുപാട് നാളായി അവിടെയുണ്ടായിരുന്ന പലരെയും മാറ്റിയിട്ടുണ്ട്. അതിലെന്താണ് കുഴപ്പം. അവർ അദാനിക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ എന്ന് തനിക്കറിയില്ല.

എച്ച്.ഒ.ഡിമാർ ആർക്കൊക്കെ നോട്ടീസ് നൽകിയിട്ടുണ്ടെന്നത് താൻ അന്വേഷിക്കേണ്ട ജോലിയല്ല.

സി.പി.എമ്മിന്റെ കണ്ണൂർ ജില്ലാ സെക്രട്ടറിക്ക് വിഴിഞ്ഞത്ത് എന്താണ് കാര്യം? തന്നെക്കൊണ്ട് ഒന്നും പറയിപ്പിക്കരുതെന്നും മുഖ്യമന്ത്രി പ്രതികരിച്ചു.




## ദേശീയപാത വികസനത്തിന് കേന്ദ്രത്തിന്റെ 2039 കോടി

ന്യൂഡൽഹി: ദേശീയ പാത വികസനത്തിന് 2039 കോടി രൂപ കേന്ദ്രം അനുവദിച്ചുവെന്ന് പൊതുമരാമത്ത് മന്ത്രി പി.കെ.ബഷീർ അറിയിച്ചു. 1663 കോടി രൂപ കൊല്ലംതേനി ദേശീയ പാതയിൽ കടവൂർ മുതൽ ചെങ്ങന്നൂർ ആഞ്ഞിലിമൂട് വരെ നാല് വരി പാത വികസനത്തിനാണ്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം. കഴക്കൂട്ടം-ബാലരാമപുരം ഭാഗത്തെ ദേശീയ പാതയ്ക്ക് 66 കോടിയുണ്ട്. വയനാട്ടിലെ പെരിക്കല്ലൂരിൽ നിന്നു കർണാടകയിലെ ബൈരക്കുപ്പയിലേക്ക് കബനി നദിക്ക് കുറുകെ പാലവും അപ്രോച്ച് റോഡും നിർമ്മിക്കാൻ 40കോടി.

കൊല്ലം-തിരുമംഗലം പാതക്ക് 98.40 കോടി. കോഴിക്കോട്-പാലക്കാട് ദേശീയ പാതയ്ക്ക് 172 കോടി .

വെല്ലിംഗ്ടൺ ഐലൻഡ്-കുണ്ടന്നൂർ ബൈപാസിനെ അരൂർ-അങ്കമാലി ബൈപാസ്സുമായി ബന്ധിപ്പിക്കും.

ശബരിമലയിലും മൂന്നാറിലും വയനാട്ടിലും റോപ് വേ: ശബരിമല, മൂന്നാർ, വയനാട് എന്നിവിടങ്ങളിൽ റോപ് വേ നിർമ്മിക്കുന്നതിന് തത്വത്തിൽ അംഗീകാരം കിട്ടി. ശബരിമലയുടെ ഡി.പി.ആർ ഉടൻ തയ്യാറാക്കും.

കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് പാതയുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.






# താക്കറേ മറന്ന ‘റിവേഴ്സ് റെമിറ്റൻസ്’ വ്യാളി കേരളത്തിൽ




ഐശ്വര്യ പാതയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിനു മുഖ്യ തടസമായിരിക്കുകയാണ് ‘റിവേഴ്സ് റെമിറ്റൻസ്’ എന്ന പുതു സിദ്ധാന്തം സാമൂഹിക ശാസ്ത്രജ്ഞരുടെയും സാമ്പത്തിക വിദഗ്ധരുടെയും വിമർശനത്തിനു വിധേയമായിത്തുടങ്ങി. പഴയ ബോംബെയിൽ ശിവസേന തൊടുത്തുവിട്ട ‘മണ്ണിന്റെ മക്കൾ’ വാദം മലയാളികൾക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും ഉണ്ടാക്കിയ കടുത്ത തലവേദന മറക്കാൻ സമയമായിട്ടില്ലെന്ന് കാര്യകാരണ സഹിതം അവർ ഓർമ്മിപ്പിക്കുന്നു.

അധ്വാനത്തിന്റെ മൂല്യവും വേതനത്തിന്റെ അവകാശവും അതിരുകൾക്കതീതമാണ്. മറ്റിടങ്ങളിൽ പോയി അധ്വാനിക്കുന്ന തൊഴിലാളികൾ അവരുടെ സമ്പാദ്യത്തിന്റെ ഒരു ഭാഗം കുടുംബങ്ങൾക്ക് അയക്കുന്നത് പുതിയ കാര്യമല്ല. സാമ്പത്തിക ശാസ്ത്രത്തിലെ സ്വാഭാവിക പ്രക്രിയയാണിത്. ഇത് ഓരോ വ്യക്തിയുടെയും അവകാശമാണ്. അതിനെ സാമ്പത്തിക നഷ്ടത്തിന്റെ ഭാഷയിൽ അവതരിപ്പിക്കുന്നതിനു പിന്നിലെ ഇടുങ്ങിയ ചിന്താഗതി വിമർശിക്കപ്പെടുക സ്വാഭാവികം. സ്വന്തം അധ്വാനത്തിന്റെ ഫലമാണ് അവർ അയക്കുന്നത്. സർക്കാരിന്റെ ഔദാര്യമോ, സൗജന്യമോ അല്ല. സാമ്പത്തിക ശാസ്ത്രത്തിന്റെ ലളിതമായ സമവാക്യങ്ങൾ വെച്ചോ, ഇടുങ്ങിയ പ്രാദേശികവാദ ചിന്തകളുടെ ഭാഗമാക്കിയോ അളന്നു തീർക്കാവുന്നതല്ല മനുഷ്യന്റെ അധ്വാനവും അതിലൂടെ ലഭിക്കുന്ന പണത്തിന്റെ വിനിമയവും എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

1970 കളിൽ ബാൽ താക്കറെയുടെ നേതൃത്വത്തിലാണ് ശിവസേന ‘മണ്ണിന്റെ മക്കൾ’ വാദം ഉയർത്തിയത്. മുംബൈയിലെ ഫാക്ടറികളിലും ഇതര ബിസിനസ് സ്ഥാപനങ്ങളിലും ബാങ്കുകളിലും സർക്കാർ ഓഫീസുകളിലും മറ്റും ജോലി ചെയ്യുന്ന ദക്ഷിണേന്ത്യക്കാർ വിശിഷ്യാ മലയാളികളും തമിഴരും മറാത്തികളുടെ തൊഴിലവസരങ്ങൾ കവർന്നെടുക്കുകയും മഹാരാഷ്ട്രയുടെ പണം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് ഒഴുക്കുകയും ചെയ്യുന്നുവെന്നായിരുന്നു ആരോപണം. മുംബൈയിൽ അക്കാലത്ത് മലയാളികൾക്ക് ശിവസേന ‘അപരൻ’ പദവി ചാർത്തി. കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അതേ പദവി ചാർത്തിക്കിട്ടുന്ന ദുരവസ്ഥ ഇപ്പോൾ വന്നിരിക്കുന്നു.

കേരളീയ സമ്പദ്‌വ്യവസ്ഥയുടെയും സാമൂഹികഘടനയുടെയും ചാലക ശക്തിയായി മാറിയ ഇതര സംസ്ഥാന തൊഴിലാളികളെയും അവരിലൂടെയുള്ള പണമൊഴുക്കിനെയും സംബന്ധിച്ച് മുഖ്യമന്ത്രി വി.ഡി. സതീശൻ നടത്തിയ ‘റിവേഴ്സ് റെമിറ്റൻസ്’ പരാമർശം വിവാദ വിഷയമായിരിക്കുകയാണ്. ചോര നീരാക്കി വിദേശ രാജ്യങ്ങളിൽ പണിയെടുത്തുണ്ടാക്കുന്ന ബാഹ്യവരുമാനം കൊണ്ട് അതിജീവനത്തിന്റെ അധ്യായം രചിച്ച ഒരു സംസ്ഥാനം സ്വന്തം മണ്ണിൽ വന്ന് അധ്വാനിക്കുന്ന മനുഷ്യരുടെ കൂലിയെ ചോർച്ചയായി കണക്കാക്കുന്നത് ചരിത്രപരമായ വിരോധാഭാസമാണെന്ന വാദം ശക്തം. കേരളത്തിന്റെ സാംസ്കാരിക പ്രബുദ്ധതയ്ക്കും ആഗോളതലത്തിൽ മലയാളി കൈവരിച്ച പ്രവാസി സ്വത്വത്തിനും നിരക്കാത്തതായിപ്പോയി ഈ പ്രസ്താവനയെന്ന ആക്ഷേപവുമുയരുന്നു.




കേരള സമ്പദ്‌വ്യവസ്ഥയുടെയും വികസനത്തിന്റെയും നട്ടെല്ലാണ് ഇതര സംസ്ഥാന തൊഴിലാളികൾ. നിർമ്മാണ മേഖല, പ്ലാന്റേഷൻ തുടങ്ങി കൃഷി അനുബന്ധ മേഖല, ഹോട്ടൽ ബിസിനസ് തുടങ്ങി കായികാധ്വാനം വേണ്ടി വരുന്ന തൊഴിലുകളുടെ കാര്യമെടുത്താൽ പകുതി പേരും ഇതരസംസ്ഥാന തൊഴിലാളികളാണ്. ഏകദേശം 40 ലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കുന്നത്. അത്യധ്വാനം വേണ്ടി വരുന്ന ഒരു മേഖലയും ഇതര സംസ്ഥാന തൊഴിലാളികളെ കൂടാതെ പ്രവർത്തിപ്പിക്കാൻ പറ്റാത്ത സ്ഥിതിയാണ് ഉള്ളത്. ഇതര സംസ്ഥാന തൊഴിലാളികളില്ലാതെ മുന്നോട്ടുപോകാൻ പറ്റാത്ത സാമ്പത്തിക വ്യവസ്ഥയാണ് നിലവിൽ കേരളത്തിന്റേത്. പശ്ചിമ ബംഗാൾ, അസം, ബിഹാർ, ഒഡിഷ, ഉത്തർപ്രദേശ്, ഝാർഖണ്ഡ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ സാന്നിധ്യവും സാന്ദ്രതയും ഗണ്യമാണിവിടെ. കേരളീയ യുവാക്കൾ വിദേശ തൊഴിലവസരങ്ങളിലേക്കും സർവകലാശാലകളിലേക്കും നീങ്ങിയതോടെ രൂപപ്പെട്ട തൊഴിലാളി ക്ഷാമം അവരാണു നികത്തിയതത്.

ഗൾഫ് നാടുകളിൽ അറബികൾ ചെയ്യാൻ വിമുഖത കാണിക്കുന്ന ജോലികൾ ചെയ്യാൻ മലയാളി തയ്യാറായതു കൊണ്ടാണ് അവിടെ നമുക്ക് ഇടം ലഭിച്ചത്. സമാന സാഹചര്യമാണ് കേരളത്തിലുമുള്ളത്. ഉയർന്ന സാക്ഷരതയും ജീവിതനിലവാരവും കാരണം മലയാളി ചെയ്യാൻ മടിക്കുന്ന ജോലികൾ കുറഞ്ഞ കൂലിക്ക് ചെയ്യാൻ ഇതര സംസ്ഥാന തൊഴിലാളികൾ അഥവാ ‘ഭായി’മാർ തയ്യാറാകുന്നു. കേരളത്തിന്റെ വികസനമുരടിപ്പ് ഒഴിവാകുന്നത് ഇതുകൊണ്ടാണ്. ഇവർ പെട്ടെന്നൊരു ദിവസം കേരളം വിട്ടാൽ സംസ്ഥാനത്തെ നിർമാണ മേഖലയും അനുബന്ധ വ്യവസായങ്ങളും സ്തംഭിക്കും. ഇത് വരുത്തിവെക്കുന്ന സാമ്പത്തിക നഷ്ടം അവർ നാട്ടിലേക്ക് അയക്കുന്നതിനേക്കാൾ പതിന്മടങ്ങായിരിക്കുമെന്നതും പരിഗണിക്കേണ്ടതുണ്ട്.

## ഗൾഫ് പണമോ?

ലക്ഷക്കണക്കിന് മലയാളികൾ ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും പോയി ജോലി ചെയ്ത് അയക്കുന്ന പണമാണ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ വളർത്തിയത്. ഏതെങ്കിലുമൊരു ഗൾഫ് നാട്ടിലെ ഭരണാധികാരി ‘മലയാളികൾ ഇവിടുത്തെ പണം കേരളത്തിലേക്ക് ഒഴുക്കുന്നു. ഞങ്ങളുടെ സമ്പദ്‌വ്യവസ്ഥക്ക് അത് ഭീഷണിയാണെ’ന്നു പ്രസ്താവിച്ചാൽ എന്തായിരിക്കും കേരളീയ സമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും പ്രതികരണമെന്ന ചോദ്യം തള്ളിക്കളയാനാകില്ല. വംശീയമെന്നോ, വിവേചനപരമെന്നോ കുറ്റപ്പെടുത്തിയുള്ള പ്രതിരോധ ശ്രമം ഉറപ്പ്.

ഇതര സംസ്ഥാന തൊഴിലാളികൾ സമ്പാദിക്കുന്ന പണം മുഴുവൻ പുറത്തേക്ക് പോവുകയാണെന്ന വാദം വസ്തുതാപരമായി ശരിയല്ല. ഇവർ തങ്ങളുടെ ഭക്ഷണം, പാർപ്പിടം, വസ്ത്രം, യാത്ര തുടങ്ങി ദൈനംദിന ജീവിതത്തിനായി വലിയൊരു തുക കേരളത്തിൽ തന്നെയാണ് ചെലവിടുന്നത്. അവർ വാങ്ങുന്ന ഓരോ ഉത്പന്നത്തിന്റെയും ജിഎസ്ടി ഇനത്തിൽ വലിയൊരു തുക സംസ്ഥാന ഖജനാവിലേക്ക് നികുതിയായി എത്തുന്നുമുണ്ട്. കേരളത്തിലെ ആഭ്യന്തര വിപണി സജീവമായി നിലനിർത്തുന്നതിൽ ഇവരുടെ പങ്ക് ചെറുതല്ല. വിപണിയുടെ ആരോഗ്യകരമായ നിലനിൽപ്പിനാവശ്യമായ ഒരു കൊടുക്കൽ വാങ്ങൽ പ്രക്രിയയാണ് നടക്കുന്നത്. കേരളത്തിന് സാമ്പത്തിക പ്രയാസമുണ്ടായിരിക്കാം. അത് വരച്ചുകാണിക്കേണ്ടത് ഇതര സംസ്ഥാന തൊഴിലാളികളെ പ്രതിക്കൂട്ടിലാക്കിയല്ല. അവർക്ക് മേൽ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവരികയോ സാമ്പത്തിക ചെലവിടലിൽ ഇടപെടുകയോ ആകാമെങ്കിലും അധിക്ഷേപത്തിന് തുല്യമായ വാക്കുകൾ അപലപനീയം.

മനുഷ്യാവകാശങ്ങൾക്കും തൊഴിലാളികളുടെ വിയർപ്പിനും മുൻഗണന നൽകിയ രാഷ്ട്രീയപാരമ്പര്യമാണ് സംസ്ഥാനത്തിന്റേത്. ഇതേ കേരളത്തിൽ അധ്വാനിച്ചു ജീവിക്കുന്ന ഒരു വിഭാഗത്തെക്കുറിച്ച് പൊതുസമൂഹത്തിൽ തെറ്റായ ധാരണ സൃഷ്ടിക്കാൻ ഇടയാക്കുന്ന പ്രസ്താവനകൾ ഉണ്ടാകുന്നത് സംസ്ഥാനത്തിന്റെ പാരമ്പര്യത്തിന് യോജിച്ചതല്ല. ഇതര സംസ്ഥാന തൊഴിലാളികളെ കേവലമൊരു സാമ്പത്തിക ഘടകമായി കാണാതെ അവരെ മനുഷ്യരായി ഉൾക്കൊള്ളാനുള്ള സാമാന്യ ബോധം നേതാക്കൾക്കുണ്ടാകുകയാണാവശ്യം. സംശയത്തിന്റെ നിഴലിൽ നിർത്താതെ, കഠിനാധ്വാനം ചെയ്യുന്ന അവരുടെ അന്തസ്സും സാമൂഹികസുരക്ഷിതത്വവും ഉറപ്പാക്കാൻ വിവേകപൂർണ്ണമായ നടപടികളുണ്ടാകണം.

## മനുഷ്യത്വ നിഷേധം

എന്നാൽ ഇവർ കടുത്ത തൊഴിൽ പീഡനങ്ങളും അവഗണനയും നേരിടുന്നത് വലിയ ആശങ്കയാണ് സൃഷ്ടിക്കുന്നത്. മനുഷ്യത്വരഹിതമായ സാഹചര്യങ്ങളിലാണ് ഇവർ പലപ്പോഴും ജോലി ചെയ്യുന്നത്. ഇതുമൂലം അപകടമരണങ്ങൾ ആവർത്തിക്കുന്നു. ഇതരസംസ്ഥാന തൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി വേതന മോഷണമാണ്. എറണാകുളം ജില്ലയിലും പരിസരത്തുമായി പണിയെടുത്ത വകയിൽ മാത്രം ഏകദേശം 10 കോടിയിലധികം രൂപ തൊഴിലാളികൾക്ക് കിട്ടാനുണ്ടെന്ന് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ ‘ഇന്ത്യ ലേബർ ലൈൻ’ വ്യക്തമാക്കുന്നു. കേരളത്തിലെ മൊത്തം കണക്കെടുത്താൽ ഈ സംഖ്യ വളരെകൂടുതലായിരിക്കും. പലപ്പോഴും പണിയെടുത്ത കൂലി ചോദിക്കുമ്പോൾ തൊഴിലുടമകൾ നൽകാൻ തയാറാകാറില്ല.

കൂലിസമയാധിഷ്ഠിതമായി നൽകാതെ തൊഴിലാളികളെ നിർബന്ധിതമായി പണിസ്ഥലത്ത് പിടിച്ചുനിർത്തുന്ന പ്രവണത വ്യാപകം. മിക്കവാറും പേർ അസംഘടിത മേഖലയിലായതിനാൽ, അവർ അവിടെ പണിയെടുക്കുന്നു എന്നതിന് യാതൊരു രേഖയുമില്ലാത്തത് നിയമനടപടികൾ സ്വീകരിക്കുന്നത് ബുദ്ധിമുട്ടാക്കുന്നതായി ഇതര സംസ്ഥാന തൊഴിലാളികളുടെ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന എൻ.ജി.ഒ ആയ സെന്റർ ഫോർ മൈഗ്രേഷൻ ആൻഡ് ഇൻക്ലൂസീവ് ഡെവലപ്മെന്റ് കണ്ടെത്തിയിരുന്നു. തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുമ്പോൾ അവരെ കള്ളക്കേസുകളിൽ കുടുക്കുന്ന രീതിയുമുണ്ട്. കൂലി ചോദിച്ച ഒരു തൊഴിലാളിക്കെതിരെ കാലടി മേഖലയിൽ 25,000 രൂപ മോഷ്ടിച്ചു എന്നാരോപിച്ച് തൊഴിലുടമ കൗണ്ടർ കേസ് നൽകിയ സംഭവം അടുത്തിടെ ഉണ്ടായി. താമസ സൗകര്യം പലപ്പോഴും തൊഴിലുടമകൾ തന്നെ നൽകുന്നതിനാൽ, പരാതിപ്പെട്ടാൽ ആ നിമിഷം പെരുവഴിയിലാകുമെന്ന പേടിയും ഇവരെ നിശബ്ദരാക്കുന്നു.

തൊഴിലാളികളുടെ രേഖകൾ ഉപയോഗിച്ച് നടക്കുന്ന വൻകിട തട്ടിപ്പുകളാണ് മറ്റൊരു ഗുരുതരമായ വിഷയം. സിം കാർഡുകൾക്കോ മറ്റോ വേണ്ടി നൽകുന്ന തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് ജിഎസ്ടി തട്ടിപ്പുകൾ നടത്തുന്ന കേസുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നു. പെരുമ്പാവൂരിൽ ഒരു ബേക്കറിയിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളിക്ക് 16 കോടി രൂപ ജിഎസ്ടി അടയ്ക്കാനുണ്ടെന്ന് ചൂണ്ടിക്കാട്ടി ബാങ്ക് നോട്ടീസ് ലഭിച്ചത് ഇത്തരത്തിൽ നടത്തുന്ന തട്ടിപ്പുകളിൽ ഞെട്ടിക്കുന്നതായിരുന്നു. പാവപ്പെട്ട തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള അനധികൃത പണമിടപാടുകളും നടക്കുന്നു.

ഇവരുടെ കാര്യത്തിൽ ജോലിക്കിടയിലുണ്ടാകുന്ന അപകട മരണങ്ങൾക്കോ അംഗഭംഗത്തിനോ അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കാൻ നിലവിലെ സംവിധാനങ്ങൾക്ക് സാധിക്കുന്നില്ല. ട്രൈബ്യൂണലുകളിൽ ഇത്തരം കേസുകൾ വർഷങ്ങളോളം നീണ്ടുപോകുന്നു. അപകടം നടന്നാൽ പോലീസ് പലപ്പോഴും എഫ്ഐആർ ഇടാൻ വിമുഖത കാണിക്കുന്നു. വോട്ട് ബാങ്ക് അല്ലാത്തതിനാൽ രാഷ്ട്രീയ പാർട്ടികളോ ട്രേഡ് യൂണിയനുകളോ ഇവരുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടാൻ തയാറാകുന്നില്ല.

കുറഞ്ഞ വേതനത്തിൽ കൂടുതൽ സമയം ജോലി ചെയ്യിപ്പിച്ചും, സാമൂഹിക സുരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്താതെയും സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്നു. ഈ ‘ആധുനിക അടിമത്തം’ അവസാനിപ്പിക്കാൻ ശക്തമായ നിയമനടപടികളും സാമൂഹിക ഇടപെടലുകളും അനിവാര്യമാണെന്ന് ഈ മേഖലയിൽ നടത്തിയ നിരവധി പഠനങ്ങൾ വ്യക്തമാക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വികസനം വർദ്ധിക്കുന്നതും അവിടുത്തെ പുതിയ സാമൂഹിക സുരക്ഷാ പദ്ധതികളും മൂലം തൊഴിലാളികൾ കേരളത്തിലേക്ക് വരുന്നത് കുറയുമെന്ന നിരീക്ഷണവുമുണ്ട്. ഈ സാഹചര്യത്തിൽ എഐ ഉപയോഗിച്ചുള്ള മെക്കനൈസേഷനിലേക്കും ഓട്ടോമേഷനിലേക്കും കടക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയാൻ സംസ്ഥാനം ഇനി വൈകരുതെന്ന് വിദഗ്ധർ പറയുന്നു.

TGEP
THE GREEN ELECTRIC PRODUCT
ELEGANT SPORTY MODERN
HOME AUTOMATION
CONTROL FROM YOUR PHONE ANYTIME, ANYWHERE
Our Electrical Service
- Smart light Switches & Dimmers
- Siri / Google integration
- Smart Thermostat
- Mobile App control
- Panel, Circuit Breaker Upgrades
- Garage Door Sensor integration
- Save on Energy Bills
- Level 2 Charging Station
CALL 630-847-1421
FREE ESTIMATE
SPECIAL PRICE FOR FIRST TIME BUYERS
LICENSED AND BONDED
WWW.TGEP.NET/SMART-HOME-AUTOMATION-IL/

St. Mary's Petroleum Inc.
960 Rand Rd. Suite 208,
Des Plaines, IL 60016
Ph: 847 813 5665, Fax: 847 813 5673
Accelerate Your Journey to Success
bp Mobil Gulf SUNOCO CLARK Valero
For Branding Your Gasoline Stations
Cyriac Koovakattil 630 673 3382

## ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ

# സൗജന്യമാക്കിയ ശാന്തിഭവന്റെ നോ-ബിൽ മിഷൻ



നാട്ടിൽ നിന്നും എത്രയോ അകലെയാണെങ്കിലും കേരളത്തിലെ ഓരോ സ്പന്ദനവും ഹൃദയത്തിലേറ്റുന്നവരാണ് പ്രവാസി മലയാളികൾ. മറ്റുള്ളവർക്ക് തണലേകാൻ സ്വന്തം ജീവിതം മെഴുകുതിരിപോലെ ഉരുക്കുന്നവരാണ് പ്രവാസികൾ. നിങ്ങൾ ഓരോരുത്തരുടെയും വലിയ മനസ്സിനോടുള്ള ആദരവോടെയാണ് ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിന്റെ നോ - ബിൽ മിഷൻ എന്ന വലിയ ദൗത്യം ഞാൻ പങ്കുവെക്കുന്നത്.

ജീവിതത്തിന്റെ അവസാന നാളുകളിൽ, രോഗത്തിന്റെ കഠിനമായ വേദനയിൽ, ആരുമില്ലാതെ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥയോളം വലിയൊരു നൊമ്പരം വേറെയില്ല. അവിടെയാണ് ശാന്തിഭവൻ സ്നേഹത്തിന്റെയും, അത്യാധുനിക സൗകര്യങ്ങളോടെയുമുള്ള പാലിയേറ്റീവ് കെയറിന്റെയും



തണൽ വിരിക്കുന്നത്. ലോകത്തിൽ തന്നെ ആദ്യമായി ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ അവതരിപ്പിച്ചത് ശാന്തിഭവനാണ്. നിലവിൽ തൃശൂ രിലും തിരുവനന്തപുരത്തുമായി പ്രവർത്തിക്കുന്ന ശാന്തിഭവന്റെ രണ്ട് പാലിയേറ്റീവ് ഹോസ്പിറ്റലു കളിലൂടെ ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ സൗജന്യമായി നൽകി വരുന്നു. ഇന്ത്യ യിലെ തന്നെ ആദ്യത്തെ പാലിയേറ്റീവ് ഹോസ്പിറ്റ ലാണ് ശാന്തിഭവൻ. ബില്ലുകളോ ബിൽ കൗണ്ടറുക ളോ ഇല്ലാത്തതിനാൽ കേരളത്തിന്റെ സ്വന്തം നോ - ബിൽ ഹോസ്പിറ്റലായും അറിയപ്പെടുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്.

49 ബെഡുകളിൽ നിന്നും ഐ.സി.യു, വെന്റിലേറ്റർ സൗകര്യങ്ങളോടെ 99 ബെഡുകളിലേക്ക് ഈ സൗജന്യ ഹോസ്പിറ്റൽ സംവിധാനം വ്യാപിപ്പിച്ചു കഴിഞ്ഞു. കഠിനമായ രോഗാവസ്ഥയിലും, വലിയ ചികിത്സാച്ചെലവ് താങ്ങാനാകാതെ ബുദ്ധിമുട്ടുന്ന പാവപ്പെട്ട വൃക്കരോഗികൾക്കായി സൗജന്യ ഡയാലിസിസ് നൽകുന്ന യൂണിറ്റുകളും രണ്ടു ഹോസ്പിറ്റലുകളിലും പ്രവർത്തിക്കുന്നുണ്ട്. പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ മാത്രമല്ല, കിടപ്പിലായ രോഗികളുടെ വീടുകളിലേക്കും ശാന്തിഭവന്റെ മെഡിക്കൽ സംഘം സൗജന്യമായി പാലിയേറ്റീവ് ഹോം കെയർ നൽകി വരുന്നുണ്ട്. മാത്രമല്ല, അടിയന്തര ഘട്ടങ്ങളിൽ 24 മണിക്കൂറും സേവന സന്നദ്ധരായ എമർജൻസി ഹോം കെയറും ശാന്തിഭവന്റെ സൗജന്യ സേവനങ്ങളിലൊന്നാണ്.

ഏഷ്യ ടുഡേ മീഡിയയുടെ നാഷണൽ അവാർഡും ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റലിനുള്ള യു.ആർ.എഫ് അംഗീകാരവുമെല്ലാം ഈ കഠിനാധ്വാനത്തിന് ലഭിച്ച വലിയ ഈശ്വരാനുഗ്രഹങ്ങളാണ്.

ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് സെന്റ് ക്ലെയർ സന്യാസിനി സമൂഹത്തിന്റെ ആത്മാർത്ഥമായ പിന്തുണയോടെയാണ് നോ ബിൽ മിഷൻ എന്ന ഈ വലിയ ദൗത്യം മുന്നോട്ട് പോകുന്നത്. ബൈ ദ പീപ്പിൾ, ഫോർ ദ പീപ്പിൾ എ ന്നതാണ് ശാന്തിഭവന്റെ ആപ്തവാക്യം. ലോകമെമ്പാടുമുള്ള മലയാളിക ളുടെ പിന്തുണയോടെയാണ്, നോ ബിൽ മിഷൻ നിലനിർത്തി കൊണ്ടുപോകുന്നത്. എന്നാൽ സൗജന്യ പാലിയേറ്റീവ് ഹോസ്പിറ്റലിൽ അഡ്മിഷൻ തേടി നിരവധി പേർ ഇപ്പോഴും കാത്തുനിൽ ക്കുന്നുണ്ട്. അർഹിക്കുന്ന മുഴുവൻ പേരിലേക്കും ലോംഗ് ടേം പാലിയേറ്റീവ് ഹോസ്പിറ്റൽ കെയർ ലഭ്യമാക്കുകയെന്നതാണ് ശാന്തിഭവൻ നേരിടുന്ന വെല്ലുവിളി. ഈ സാഹചര്യത്തിലാണ് പ്രവാസിക ളായ മലയാളികളുടെ അടിയന്തര ശ്രദ്ധയിലേക്ക് ശാന്തിഭവന്റെ സൗജന്യ സേവനങ്ങൾ കൊണ്ടുവരു ന്നത്. ഇതിനായി ഓസ്ട്രേലി യ, അമേരിക്ക, ഇറ്റലി എന്നീ രാജ്യങ്ങളിൽ ശാന്തിഭവൻ പാലിയേറ്റീവ് ഇന്റർനാഷണലിന് രൂപം നൽകിയിട്ടുണ്ട്.

അമേരിക്കയിൽ നിന്നുൾപ്പടെ, ശാന്തിഭവന്റെ നോ ബിൽ മിഷനിലേക്ക് ഡൊണേഷൻ സ്വീകരിക്കുന്നതിനായുള്ള എല്ലാ നിയമപരമായ അനുമതികളും പെർമിഷനുകളും ഇതിനകം ലഭിച്ചുകഴിഞ്ഞു. അമേരിക്കയിൽ ശാന്തിഭവൻ പാലിയേറ്റീവ് ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ആരംഭിച്ചിട്ടുള്ളതായി ഏറെ സന്തോഷത്തോടെയും അഭിമാനത്തോടെയും അറിയിക്കുന്നു. നോ ബിൽ മിഷനായി താങ്കൾ നൽകുന്ന സാമ്പത്തികമായ പിന്തുണ വേഗത്തിലും സുരക്ഷിതമായും കൈമാറുന്നതിനായി സെല്ലെ (Zelle) പേയ്മെന്റ് പ്ലാറ്റ്ഫോം സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

താങ്കൾ നൽകുന്ന ചെറുതോ വലുതോ ആയ സഹായം, വേദനയാൽ നീറുന്ന ഒരാൾക്കെങ്കിലും ആശ്വാസവും തണലുമായി മാറട്ടെ. ഈ കാരുണ്യ യാത്രയിൽ പങ്കാളികളാകാൻ അമേരിക്കയിലെ എല്ലാ മലയാളി സഹോദരങ്ങളെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു. നിങ്ങളുടെ പ്രാർത്ഥ നയും പിന്തുണയും എപ്പോഴും കൂടെയുണ്ടാകു മെന്നും പ്രതീക്ഷിക്കുന്നു.



ഫാ. ജോയ് കൂത്തൂർ,
കോ ഫൗണ്ടർ, സി.ഇ.ഒ & ട്രസ്റ്റി
ശാന്തിഭവൻ പാലിയേറ്റീവ് ഹോസ്പിറ്റൽ

Join the Shanthibhavan Global Network

Support No Bill Mission:
Zelle:
+1 (302) 580-7390



ST. THOMAS SYRO-MALABAR EPARCHY OF CHICAGO - USA
25
2001 2026
WE WALK BY FAITH, NOT BY SIGHT
My Lord and My God
ST. THOMAS SYRO-MALABAR
CATHOLIC EPARCHY OF CHICAGO
SYRO-MALABAR
Jubilee Convention 2026
JULY 9 - 12, 2026
MCCORMICK PLACE
CONVENTION CENTER, CHICAGO IL
Executive Leadership Team
Mar Joy Alappatt
Patron
Mar Jacob Angadiath
Bishop Emeritus
Fr. Thomas Mulavanal
Fr. John Melepuram
Jubilee General Conveners
Fr. Thomas Kadukapillil
Convention Convener
Fr. Melvin Paul
Convention Youth Convener
Fr. Joel S Pius
Convention Joint Convener
Fr. Kurian Neduvelichalumkal
Diocesan Procurator
Fr. Johnson Koovoorputhenpura
Diocesan Chancellor
Executive Core Team
Joseph Chamakala CPA
Jubilee Chairman
Bigi C Mani
Convention Chairman
Andrew P Thomas CPA
Finance Chairman
Johny Vadukumcherry
Facility Chairman
Saji Varghese
Public Relation Chairman
Dr. Joshi Kuncheria
Event Program Chief Coordinator
Dr. Beena Vallikalam
Secretary
Annie Manatt
Joint Secretary
Focus Team - Executive Core
Matt Thomas
Executive Director
Kennita Jose
Internal Director
George Nellikunnel
Operations Director (Audio/Video/Light)
Melissa Puthenpura
Speakers & Programming Director
Leah Kuncheria
Events Director
Remya Regi
Events Director
Melissa Tharaniyil
Participant Experience Director
David Joseph
Participant Experience Director
Nina George
Sponsorship Director
Anson Vadakkumcherry
Logistics Coordinator
Dylan Mathew
Finance Manager
Nimmy Roy
National Outreach Director
Ashlyn Rocky
Outreach & Operations Coordinator
Ryan Mathew
Outreach & Operations Coordinator
Abhijith Jose
Media Director
Christina Mathew
Registration & Hospitality Coordinator
Kaitlyn Mathew
Registration & Hospitality Coordinator
Joel Mukkatt
Faith & Worship Coordinator
Executive Committee Members
Febin Mootheril
Kochumon (Luke) Chirayil
Jomon Chirayil
Dr. Edwin Simon
Vice Chairmans
Raji Mathew
Registration Chief Coordinator
Jacob Thomas
Registration Coordinator
Rengith Cheruvallil
National Advertisement Chief Coordinator
George Vachaparambil
Hospitality Chief Coordinator
P.D Thomas
Pioneers Program Chief Coordinator
Santhosh Kattookaran
Business Marketing Chief Coordinator
Vivish Jacob
Bobby Chirayil
Roy Joseph
Cathedral Registration Chief Coordinators
James K John
Shenny Paul
Digital Advertising Chief Coordinator
Jithesh Chungath
Enrollment Chief Coordinator
Romeo Kattookaran
PRO
Mathew George(Gills)
AV Regional Coordinator
SMNC Coordinators
Sr. Rose Paul
Anto Kavalackal
Bijo Mani
Bijo Thomas
Cherian K Paily
Deepthi Jacob
Dr. Antony Joseph
Dr. Binoy George
Dr. Judy Thomas
Dr. Rose Vadakara
Emmanuel Kurian
George Ambat
George Ellickal
George Kattukapilly
Jiju Stephen
Joe Antony
John Koola
Johnny Mannamcheril
Johnson Kannokadan
Johnson Mallekkal
Jojo Vellanikal
Jose Kolencherry
Jose Kadavil
Josman Karedan
Lincy Vadakumchery
Linet Kattookaran
Manish Thoppil
Mathew Pallithara
Mercy Kuriakose
Nisha mani
Paul Vadakara
Paul Vadukumcherry
Philip Kannookadan
Rosamma Theneyaplackal
Roy Chavadiyil
Roy Nedumgottil
Saji Mannamcheril
Scariakutty Thomas
Sebastian Emmanuel
Shabu Mathew
Sheeba Francis
Sheeba Shabu
Sheen Raji Matthew
Shibu Augustine
Sholy Kumpiluvely
Sujimol Chirayil
Sunny Chirayil
Sunny Vallikalam
Thomas Alumparampil
Tom Jose
Tomy Methipara
Anish Anto
Minney Nedumgottil
Register today - www.syroconvention.org

# അമേരിക്കൻ രാഷ്ട്രീയത്തിൽ പുതിയ വാൻസ് തരംഗം; ഡൊണാൾഡ് ട്രംപിന്റെ യഥാർത്ഥ രാഷ്ട്രീയ പിൻഗാമി വാൻസ് തന്നെയെന്ന് സൂചന

വാഷിംഗ്ടണിലെ വൈറ്റ് ഹൗസ് ഇടനാഴികളിൽ അടുത്ത നാല് വർഷത്തെ ഭരണതന്ത്രങ്ങൾ നെയ്യാൻ രാഷ്ട്രീയക്കാർ തിരക്കിലാണ്. എന്നാൽ അതിനൊപ്പമോ അതിലപ്പുറമോ അമേരിക്കൻ രാഷ്ട്രീയ ലോകത്തെ ഇന്ന് ചൂടുപിടിപ്പിക്കുന്നത് മറ്റൊരു വലിയ ചോദ്യമാണ്; ആരായിരിക്കും 2028 ലെ അടുത്ത പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡൊണാൾഡ് ട്രംപിന്റെ യഥാർത്ഥ രാഷ്ട്രീയ പിൻഗാമി? മുൻനിര അന്താരാഷ്ട്ര മാധ്യമങ്ങൾ പുറത്തുവിട്ട പുതിയ രാഷ്ട്രീയ വിശകലനങ്ങൾ പ്രകാരം, ട്രംപിന്റെ വിശ്വസ്തനായ വൈസ് പ്രസിഡന്റ് ജെ.ഡി. വാൻസ്, വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയെക്കാൾ വളരെ മുന്നിലെത്തിക്കൊണ്ട് ട്രംപിന്റെ 'മറ്റൊരു പതിപ്പ്' ആയി സ്വയം അടയാളപ്പെടുത്തിക്കഴിഞ്ഞു.

രണ്ടാം ട്രംപ് ഭരണകൂടത്തിലെ ഈ രണ്ട് കരുത്തരായ നേതാക്കൾ തമ്മിൽ വൈറ്റ് ഹൗസിനുള്ളിൽ നടക്കുന്ന നിശ്ശബ്ദമായ അധികാരപ്പോരാട്ടത്തിന്റെ ആഴങ്ങളിലേക്ക് വെളിച്ചം വീശുന്ന സമഗ്ര റിപ്പോർട്ട് താഴെ നൽകുന്നു:



അമേരിക്കയെ വീണ്ടും ശക്തമാക്കുക എന്ന ട്രംപിന്റെ 'മഗ' പ്രസ്ഥാനത്തെ ഭാവിയിൽ നയിക്കാൻ ട്രംപ് ആരെ തിരഞ്ഞെടുക്കുമെന്നത് ആഗോള രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന ഘടകമാണ്. കുറച്ചു മാസങ്ങൾക്ക് മുൻപ് വരെ വാൻസും റൂബിയോയും തമ്മിൽ തുല്യമായ മത്സരമാണ് നടന്നിരുന്നതെങ്കിൽ, കഴിഞ്ഞ ജൂൺ മാസത്തിൽ പശ്ചിമേഷ്യൻ സമാധാന ചർച്ചകളിൽ വാൻസ് വഹിച്ച തന്ത്രപരമായ പങ്കും അദ്ദേഹത്തിന്റെ പുതിയ പുസ്തക പ്രകാശനവും ജനപ്രീതിയും ട്രംപിന്റെ മനസ്സിൽ അദ്ദേഹത്തെ ഒന്നാമതെത്തിച്ചു. 'ജെ.ഡി. വളരെ മികച്ച രീതിയിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്' എന്ന് ട്രംപ് തന്നെ പരസ്യമായി സമ്മതിച്ചതോടെ ഈ അധികാര മത്സരത്തിന്റെ ദിശ വ്യക്തമായിരിക്കുകയാണ്.

## 1. ദോഹയിലെ നയതന്ത്ര വിജയവും വാൻസിന്റെ പുതിയ പ്രതിച്ഛായയും

വിദേശനയങ്ങളിൽ ട്രംപിനൊപ്പം നിന്ന് വാൻസ് നേടിയെടുത്ത വിജയങ്ങൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ ഗ്രാഫ് കുത്തനെ ഉയർത്തി.

**പശ്ചിമേഷ്യൻ ചർച്ചകളിലെ മധ്യസ്ഥത:** ഖത്തറിന്റെ മധ്യസ്ഥതയിൽ അമേരിക്കയും ഇറാനും തമ്മിൽ ദോഹയിൽ നടന്ന പരോക്ഷ സമാധാന ചർച്ചകളിൽ വൈറ്റ് ഹൗസിന്റെ പ്രധാന പ്രതിനിധിയായി പങ്കെടുത്തത് ജെ.ഡി. വാൻസ് ആയിരുന്നു. ഈ ചർച്ചകളിലൂടെ താൽക്കാലിക വെടിനിർത്തൽ ധാരണയുണ്ടാക്കാൻ കഴിഞ്ഞത് വാൻസിന്റെ വലിയൊരു നയതന്ത്ര വിജയമായി ട്രംപ് കാണുന്നു.

**മാധ്യമങ്ങളിലെ വൻ തരംഗം:** ജൂൺ മാസത്തിൽ മാത്രം വിവിധ അന്താരാഷ്ട്ര മാധ്യമങ്ങൾക്കും പോഡ്കാസ്റ്റുകൾക്കുമായി വാൻസ് മുപ്പത്തിമൂന്നോളം അഭിമുഖങ്ങളാണ് നൽകിയത്. പ്രതിപക്ഷത്തിന്റെ കടുത്ത ചോദ്യങ്ങൾക്ക് മുന്നിൽ ട്രംപിന്റെ നയങ്ങളെ അതിശക്തമായി പ്രതിരോധിക്കാൻ വാൻസിന് കഴിഞ്ഞത് ട്രംപിനെ വല്ലാതെ ആകർഷിച്ചു.

**പുതിയ പുസ്തകത്തിന്റെ സ്വാധീനം:** നയതന്ത്ര വിജയങ്ങൾക്കിടയിലും വാൻസ് എഴുതിയ പുതിയ പുസ്തകം വിപണിയിൽ വലിയ ചർച്ചയായി. ഇത് ഒരേസമയം ഒരു മികച്ച ഭരണാധികാരിയായും ബൗദ്ധിക ചിന്തകനായും അമേരിക്കൻ ജനതയ്ക്ക് മുന്നിൽ സ്വയം അവതരിപ്പിക്കാൻ വാൻസിനെ സഹായിച്ചു.

## 2. പരമ്പരാഗത നയങ്ങളിലെ റൂബിയോയുടെ തളർച്ചയും ഉൾവലിയലും

വിദേശകാര്യ സെക്രട്ടറി സ്ഥാനത്ത് ഇരുന്നിട്ടും റൂബിയോയ്ക്ക് വാൻസിന്റെ അത്രയും മാധ്യമശ്രദ്ധ നേടാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്?

**തീവ്രവാദ നിലപാടുകളിലെ വ്യത്യാസങ്ങൾ:** ഇറാനോട് കടുത്ത നിലപാട് സ്വീകരിക്കണമെന്ന പാരമ്പര്യ റിപ്പബ്ലിക്കൻ ശൈലിയാണ് റൂബിയോയ്ക്ക് ഉള്ളത്. എന്നാൽ അനന്തമായ യുദ്ധങ്ങൾ ഒഴിവാക്കി ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ട്രംപിന്റെയും വാൻസിന്റെയും പുത്തൻ നയങ്ങളോട് പൂർണ്ണമായി പൊരുത്തപ്പെടാൻ റൂബിയോയ്ക്ക് പലപ്പോഴും സാധിക്കുന്നില്ല.

**രാഷ്ട്രീയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്:** വാൻസിന് പിന്നിൽ പ്രവർത്തിക്കാൻ വലിയൊരു യുവ രാഷ്ട്രീയ കൺസൾട്ടന്റുമാരുടെയും ഫണ്ട് സമാഹരണക്കാരുടെയും നിര തന്നെയുണ്ട്. ഇതിനോടകം തന്നെ റിപ്പബ്ലിക്കൻ പാർട്ടിക്കായി എഴുപത് മില്യൺ ഡോളറിലധികം ഫണ്ട് സമാഹരിക്കാൻ വാൻസിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ റൂബിയോയ്ക്ക് ഇത്തരം ഒരു വലിയ സഖ്യം നിലവിലില്ല.

**സ്വയം പിന്മാറുന്ന നിലപാടുകൾ:** താൻ നിലവിൽ 2028ലെ പ്രസിഡന്റ് മത്സരത്തെക്കുറിച്ച് ചിന്തിക്കുന്നില്ലെന്നും വിദേശകാര്യ സെക്രട്ടറി എന്ന തന്റെ ജോലിയിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും റൂബിയോ വ്യക്തമാക്കിയിട്ടുണ്ട്. ഇത് വാൻസിന് കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കി.

## 3. അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പും റിപ്പബ്ലിക്കൻ വോട്ടർമാരുടെ ചിന്താഗതിയും

പാർട്ടി പ്രവർത്തകർക്കിടയിൽ നടത്തിയ പുതിയ സർവ്വേ ഫലങ്ങൾ വ്യക്തമാക്കുന്നത് വാൻസിനുള്ള വലിയ പിന്തുണയാണ്.

**ഉയർന്ന ജനപ്രീതി നിരക്കുകൾ:** റിപ്പബ്ലിക്കൻ വോട്ടർമാർക്കിടയിൽ നടത്തിയ പുതിയ പോളിംഗ് പ്രകാരം വാൻസിന് 62 ശതമാനം പിന്തുണയുണ്ട്. ഇത് ട്രംപിന്റെ 65 ശതമാനത്തിന് തൊട്ടുപിന്നിലാണ്. എന്നാൽ റൂബിയോയ്ക്ക് 51 ശതമാനം പിന്തുണ മാത്രമാണ് നേടാനായത്.

**ഇടക്കാല തിരഞ്ഞെടുപ്പിലെ പ്രചാരണം:** വരാനിരിക്കുന്ന യു.എസ് ഇടക്കാല തിരഞ്ഞെടുപ്പിൽ പാർട്ടി സ്ഥാനാർത്ഥികൾക്കായി വൻതോതിൽ ഫണ്ട് സമാഹരിക്കാനും റാലി നടത്താനും വാൻസ് മുന്നിലുണ്ട്. ഇത് താഴെത്തട്ടിലുള്ള പാർട്ടി പ്രവർത്തകർക്കിടയിൽ വാൻസിന്റെ സ്വാധീനം വർദ്ധിപ്പിക്കും.

**തീവ്ര ദേശീയവാദികളുടെ പിന്തുണ:** ട്രംപിന്റെ 'അമേരിക്ക ഫസ്റ്റ് ' നയം വള്ളിപുള്ളി വിടാതെ നടപ്പിലാക്കാൻ വാൻസിനാണ് കഴിയുക എന്ന് പാർട്ടിയിലെ തീവ്ര വലതുപക്ഷ വിഭാഗങ്ങൾ വിശ്വസിക്കുന്നു.

## 4. ആഗോള രാഷ്ട്രീയത്തിലെ ചലനങ്ങളും വിദേശ നയങ്ങളും

വാൻസിന്റെ ഈ രാഷ്ട്രീയ വളർച്ച മറ്റ് വിദേശ രാജ്യങ്ങളുടെ നയതന്ത്രങ്ങളെയും സ്വാധീനിക്കുന്നുണ്ട്.

**ഇന്ത്യ നേരിടുന്ന പുതിയ വെല്ലുവിളികൾ:** വാൻസിന്റെ തീവ്ര സ്വദേശി സാമ്പത്തിക നയങ്ങൾ ഭാവിയിൽ വിദേശ തൊഴിൽ വിസകൾക്ക് കനത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കാരണമായേക്കാം. ചൈനയോടുള്ള വാൻസിന്റെ നിലപാടുകൾ പസഫിക് മേഖലയിലെ സുരക്ഷാ സഖ്യങ്ങളെ എങ്ങനെ ബാധിക്കുമെന്ന ആശങ്കയും നിലനിൽക്കുന്നുണ്ട്.



## അധ്യായം 40

# ഹഡ്സൺ നദീതീരത്തൊരു മൃതശരീരം

സമയം രാവിലെ 11.30.

ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിലുള്ള 'ദി വേൾഡ് ടൈംസ്' ആസ്ഥാനത്ത് ഇൻവെസ്റ്റിഗേറ്റീവ് ഡെസ്ക് കടുത്ത പിരിമുറുക്കത്തിലായിരുന്നു. ടെലിഫോണുകൾ നിർത്താതെ ബെല്ലടിച്ചുകൊണ്ടിരുന്നു. സ്ക്രീനുകളിൽ ബ്രേക്കിംഗ് ന്യൂസുകൾ മിന്നിമറഞ്ഞു. എക്സിക്യൂട്ടീവ് എഡിറ്റർ ജോർജ് ലൂക്കാസ് തന്റെ ക്യാബിനിൽ നിന്ന് പുറത്തേക്കിറങ്ങി, ലൂക്കാസിന്റെ മുഖത്ത് കടുത്ത ആശങ്ക നിഴലിച്ചിരുന്നു.

''എവിടെ റോബിൻസ് അവന്റെ ഫോൺ ഇപ്പോഴും പരിധിക്ക് പുറത്താണ്!'' ലൂക്കാസ് ഡെസ്ക് ചീഫിനോടായി പറഞ്ഞു:

''നിങ്ങൾക്കിനി എന്താണ് ചെയ്യാൻ കഴിയുക..?''

''സർ, ഞങ്ങൾ എല്ലാ വഴികളും നോക്കി. അവസാനമായി അവൻ ലൊക്കേഷൻ ട്രാക്ക് ചെയ്തപ്പാൾ ബീന എന്നൊരു ലേഡിയുടെ കസ്റ്റഡിയിലാണിപ്പോൾ റോബിൻസിന്റെ ഫോൺ. അവൾക്കും അയാൾ എവിടേക്കാണ് പോയതെന്നറിയില്ല''. ലൂക്കാസ് തന്റെ വാച്ചിലേക്ക് നോക്കി.

സമയം 12 മണിയാകുന്നു. കൃത്യം 12.30ന് കൊളംബിയ യൂണിവേഴ്സിറ്റിയിലെ ലോ ലൈബ്രറി ഹാളിൽ ചരിത്രപ്രസിദ്ധമായ പുലിറ്റ്സർ അവാർഡ് ദാനച്ചടങ്ങ് ആരംഭിക്കുകയാണ്. റോബിൻസാണ് അവാർഡ് വാങ്ങാൻ വരേണ്ട പ്രധാന കഥാപാത്രം. ഇനിയും അദ്ദേഹം എത്തിച്ചേർന്നിട്ടില്ല.

''അയാൾ വരും... വരണം! ഏറ്റവും വലിയ മാഫിയ ഗ്രൂപ്പുകളിലൊന്നാണ് അവന് പിന്നാലെയുള്ളത്. അവനെ അവർ തടഞ്ഞുവെച്ചിരിക്കുകയാണോ അതോ...'' ലൂക്കാസ് വാക്കുകൾ പൂർത്തിയാക്കിയില്ല. ആലോചിക്കാൻ പോലും വയ്യാത്ത എന്തോ ഒന്ന് നടന്നിരിക്കുന്നു.

സമയം: പകൽ 12.30

ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റിയുടെ ഗാംഭീര്യമുള്ള റൊട്ടുണ്ട ഹാൾ പ്രകാശപൂരിതമായിരുന്നു. പണ്ട് ഇതൊരു വായനശാലയായിരുന്നു. 1984 മുതലാണ് പുലിറ്റ്സർ പുരസ്കാരങ്ങൾ ഇവിടെ വെച്ച് നൽകാൻ തുടങ്ങിയത്.

ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള പ്രമുഖ മാധ്യമപ്രവർത്തകർ, എഴുത്തുകാർ, സാംസ്കാരിക നായകർ എന്നിവരാൽ ഹാൾ നിറഞ്ഞിരുന്നു. കനത്ത സുരക്ഷയാണ് കാമ്പസിലുടനീളം ഒരുക്കിയിരുന്നത്. വേദിയിൽ അവാർഡ് കമ്മിറ്റി ചെയർമാൻ മൈക്രോഫോണിന് മുന്നിലേക്ക് നടന്നു.

''അടുത്തതായി, ഈ വർഷത്തെ പത്രപ്രവർത്തന മികവിനുള്ള പുരസ്കാരം. അധികാരത്തിന്റെ ഇടനാഴികളെ പിടിച്ചുകുലുക്കിയ ആ സാഹസിക റിപ്പോർട്ട് തയ്യാറാക്കിയത് മറ്റാരുമല്ല, 'ദി വേൾഡ് ടൈംസ്' സ്പെഷ്യൽ കറസ്പോണ്ടന്റ് റോബിൻസ്!''

ഹാളിൽ കടുത്ത കയ്യടി ഉയർന്നു. ക്യാമറക്കണ്ണുകൾ വേദിയിലേക്കും സദസ്സിലേക്കും മാറിമറിഞ്ഞു. എന്നാൽ റോബിൻസിന്റെ സീറ്റ് ശൂന്യമായിരുന്നു. ലൂക്കാസ് ഒരു നിമിഷം കണ്ണുകളടച്ചു. റോബിൻസിന് എന്തോ വലിയ അപകടം സംഭവിച്ചിരിക്കുന്നു എന്ന് അദ്ദേഹത്തിന്റെ മനസ്സ് മന്ത്രിച്ചു.

ശത്രുക്കൾ അവനെ ലക്ഷ്യസ്ഥാനത്ത് എത്തിക്കാൻ അനുവദിച്ചിട്ടില്ല. ഇനി വൈകിക്കൂടാ..!

''റോബിൻസിന്റെ അസാന്നിധ്യത്തിൽ, ഈ അവാർഡ് ഏറ്റുവാങ്ങാൻ ദി വേൾഡ് ടൈംസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോർജ് ലൂക്കാസിനെ വേദിയിലേക്ക് ക്ഷണിക്കുന്നു.''

കൊളംബിയ യൂണിവേഴ്സിറ്റിയുടെ ലോ ലൈബ്രറി റൊട്ടുണ്ട ഹാളിന്റെ ഭീമാകാരമായ മാർബിൾ തൂണുകൾക്കിടയിലൂടെ എക്സിക്യൂട്ടീവ് എഡിറ്റർ ജോർജ് ലൂക്കാസ് വേദിയിലേക്ക് നടന്നു. 2003ലെ മനോഹരമായ ആ മേയ് മാസത്തെ ഉച്ചഭക്ഷണ വിരുന്നിൽ, സർവകലാശാലാ പ്രസിഡന്റ് ലീ സി. ബോളിഞ്ചറുടെ കൈകളിൽ നിന്ന് റോബിൻസിനുള്ള ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടിംഗിന്റെ പുലിറ്റ്സർ പുരസ്കാരം അദ്ദേഹം ഏറ്റുവാങ്ങി. വർഷങ്ങൾക്കു മുമ്പെ താനും ഇതുപോലൊരു പുരസ്ക്കാരം ഏറ്റു വാങ്ങിയപ്പോൾ പോലും ഇത്ര അഭിമാനം തോന്നിയിട്ടില്ല. ഒപ്പം റോബിൻസ് കൂടെയില്ലാത്തതിന്റെ കടുത്ത ദുഃഖവും അദ്ദേഹം ഒരപോലെ അനുഭവിക്കുന്നു.

### കഥ ഇതുവരെ

റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽനിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്നസ്ത്രീയും അവരുടെജീവിതരീതിയും റോബിസിനെ ഏറെ ആകർഷിക്കുന്നു.


അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തീരുമാനിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം സ്വന്തം നാടായ കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ് ലഭിക്കുന്നു. തുടർന്നു വായിക്കുക

ക്യാമറകളുടെ ഫ്ളാഷുകൾ അദ്ദേഹത്തിന്റെ കണ്ണുകളെ അഞ്ചാക്കി. കൈയിലിരിക്കുന്ന ആ സ്വർണ്ണപ്പതക്കത്തിലേക്ക് നോക്കുമ്പോൾ ലൂക്കാസിന്റെ മനസ്സ് നിറയെ ഹംഗറിയിൽ നിന്ന് ഒന്നുമില്ലാതെ വന്ന് മാധ്യമ സാമ്രാജ്യം പടുത്തുയർത്തിയ ജോസഫ് പുലിറ്റ്സറുടെ ചരിത്രമായിരുന്നു. ''സത്യം വിളിച്ചുപറയുന്ന മാധ്യമപ്രവർത്തകർക്ക് എപ്പോഴും ശത്രുക്കൾ ഉണ്ടാകും'' എന്ന പുലിറ്റ്സറുടെ വാക്കുകൾ ലൂക്കാസ് ഓർത്തു. മൈക്രോഫോണിന് മുന്നിൽ നിന്ന് ലൂക്കാസ് സംസാരിക്കാൻ തുടങ്ങി:

''ഈ പുരസ്കാരം റോബിൻസിന്റെ ധീരതയ്ക്കുള്ളതാണ്. ഈ നിമിഷം അയാൾ ഇവിടെയില്ല, പക്ഷേ...'' ലൂക്കാസ് വാക്കുകൾ പൂർത്തിയാക്കും മുൻപ്, സദസ്സിന്റെ മുൻനിരയിലിരുന്ന 'ദി വേൾഡ് ടൈംസ്' ഡെസ്ക് ചീഫിന്റെ മൊബൈൽ ഫോൺ ശബ്ദിച്ചു. അയാൾ ഫോണെടുത്തു. മറുതലയ്ക്കൽ നിന്ന് വന്ന ശബ്ദം അയാളുടെ മുഖത്ത് സംഭ്രമം പരത്തി. അയാൾ പെട്ടെന്ന് എഴുന്നേറ്റ് ലൂക്കാസിന് നേരെ നോക്കി തലയാട്ടി. ആ കണ്ണുകളിൽ കടുത്ത ഭീതിയുണ്ടായിരുന്നു.

*** ****

ന്യൂയോർക്ക് നഗരത്തിന്റെ വടക്കേ അറ്റത്ത്, ഹഡ്സൺ നദിയുടെ തണുത്തുറഞ്ഞ കാറ്റടിക്കുന്ന തീരത്ത് പോലീസിന്റെയും എഫ്.ബി.ഐയുടെയും ഡസൻ കണക്കിന് വാഹനങ്ങൾ സൈറൺ മുഴക്കി നിന്നിരുന്നു. ചുറ്റും മഞ്ഞ നിറത്തിലുള്ള ക്രൈം സീൻഡു നോട്ട് ക്രോസ്സ് ടേപ്പുകൾ വലിച്ചുകെട്ടിയിട്ടുണ്ട്. റിവർസൈഡ് ഡ്രൈവിന് സമീപമുള്ള കാട്ടുപടർപ്പുകൾക്കിടയിലാണ് ഒരു കറുത്ത ഫോർഡ് കാർ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയത്. ഡ്രൈവിംഗ് സീറ്റിലും സ്റ്റീയറിംഗിലും ഉണങ്ങിപ്പിടിച്ച രക്തക്കറയുണ്ടായിരുന്നു. എഫ്.ബി.ഐ ഫോറൻസിക് ഉദ്യോഗസ്ഥർ കാറിനുള്ളിൽ നിന്ന് വിരലടയാളങ്ങൾ ശേഖരിക്കുകയായിരുന്നു. ലോക്കൽ പോലീസ് ഡിറ്റക്ടീവ് ഹാരിസ് തന്റെ വയർലെസ്സ് സെറ്റിലൂടെ സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ്, നദിക്കരയിൽ നിന്നിരുന്ന കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥരുടെ ഉറക്കെയുള്ള വിളി കേട്ടത്.




''ഡിറ്റക്ടീവ്! ദാ...ഇവിടെ... വേഗത്തിൽ വരൂ! നദിയിലെ ചതുപ്പിൽ എന്തോ ഒന്നുകിടക്കുന്നു..!'' ഹാരിസും കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥരും ചെളിയിലൂടെ ഓടി അങ്ങോട്ടേക്ക് നീങ്ങി. ഹഡ്സൺ നദിയിലെ കറുത്ത ഓളങ്ങൾക്കിടയിൽ, തലകീഴായി ചതുപ്പിൽ പൂണ്ടപോയ ഒരു മനുഷ്യശരീരം പൊങ്ങിക്കിടക്കുന്നുണ്ടായിരുന്നു! ആ ശരീരം പൂർണ്ണമായും വെള്ളത്തിൽ കുതിർന്നിരുന്നു. കറുത്ത കോട്ടും നീല ജീൻസുമായിരുന്നു വേഷം. കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ ആ മൃതദേഹം വലിച്ച് കരയിലേക്ക് കയറ്റി. ഡിറ്റക്ടീവ് ഹാരിസ് മുന്നോട്ട് ആഞ്ഞ്, മൃതദേഹത്തിന്റെ മുഖത്തേക്ക് തന്റെ ടോർച്ച് ലൈറ്റ് അടിച്ചു. വശങ്ങളിലേക്ക് ഒട്ടിയ നനഞ്ഞ മുടിയും, റോബിൻസിന്റേതിന് സമാനമായ മൂർച്ചയുള്ള മൂക്കും ആ മുഖത്തുണ്ടായിരുന്നു. പക്ഷേ, മുഖം തിരിച്ചറിയാൻ കഴിയാത്തവിധം ക്രൂരമായി തല്ലിച്ചതയ്ക്കപ്പെട്ടിരുന്നു.

കോസ്റ്റ് ഗാർഡ് ഉദ്യോഗസ്ഥർ ആ മൃതദേഹം വലിച്ച് കരയിലേക്ക് കയറ്റി. ഡിറ്റക്ടീവ് ഹാരിസ് മുന്നോട്ട് ആഞ്ഞ്, മൃതദേഹത്തിന്റെ മുഖത്തേക്ക് തന്റെ ടോർച്ച് ലൈറ്റ് അടിച്ചു. വശങ്ങളിലേക്ക് ഒട്ടിയ നനഞ്ഞ മുടിയും, മൂർച്ചയുള്ള മൂക്കും ആ മുഖത്തുണ്ടായിരുന്നു. പക്ഷേ, മുഖം തിരിച്ചറിയാൻ കഴിയാത്തവിധം ക്രൂരമായി തല്ലിച്ചതയ്ക്കപ്പെട്ടിരുന്നു. ഹാരിസ് വിറയ്ക്കുന്ന കൈകളോടെ തന്റെ ഫോണെടുത്ത് ആരെയൊ വിളിക്കുന്നു.

ഹാളിൽ ലൂക്കാസ് പ്രസംഗം അവസാനിപ്പിച്ച് താഴേക്കിറങ്ങി. ഓടിയെത്തിയ 'ദി വേൾഡ് ടൈംസ്' ഡെസ്ക് ചീഫിന്റെ ഫോൺ ലൂക്കാസിന്റെ കൈകളിലേക്ക് വെച്ചുകൊടുത്തു. മറുതലയ്ക്കൽ ഡിറ്റക്ടീവ് ഹാരിസിന്റെ വാക്കുകൾ കേട്ടതും ലൂക്കാസ് ഒരു നിമിഷം തളർന്നുപോയി. കയ്യിലിരുന്ന വിലപിടിപ്പുള്ള പുലിറ്റ്സർ മെഡൽ അദ്ദേഹത്തിന്റെ കൈകളിൽ നിന്ന് മാർബിൾ തറയിലേക്ക് വഴുതി വീണു.

അവാർഡ് ഹാളിലെ ആഹ്ലാദ പ്രകടനങ്ങൾക്കിടയിലും 'ദി വേൾഡ് ടൈംസ്' ടീമിലേക്ക് കരിനിഴൽ വീഴ്ത്തിക്കൊണ്ട് ആ വർത്തമാനം പടർന്നു പിടിക്കുകയായിരുന്നു..!

അവാർഡ് വേദിയുടെ ഗാംഭീര്യമുള്ള വെളിച്ചത്തിൽ നിന്ന് പുറത്തുകടക്കുമ്പോൾ ജോർജ് ലൂക്കാസിന്റെ കയ്യിൽ ആ സ്വർണ്ണപ്പതക്കമുണ്ടായിരുന്നില്ല. അത് ഡെസ്ക് ചീഫിന്റെ ബാഗിനുള്ളിൽ സുരക്ഷിതമായിരുന്നു. പക്ഷേ, ലൂക്കാസിന്റെ മനസ്സ് മുഴുവൻ ഹഡ്സൺ നദിയിലെ ആ തണുത്ത ചെളിയിലേക്കായിരുന്നു പായുന്നത്. ലൂക്കാസിന്റെ കറുത്ത ലിങ്കൺ കാർ മനാട്ടനിലെ ട്രാഫിക്കിനെ വെട്ടിച്ച് വെസ്റ്റ് സൈഡ് ഹൈവേയിലൂടെ ഹഡ്സൺ നദീതീരത്തേക്ക് കുതിച്ചുപാഞ്ഞു. വണ്ടി ഓടിക്കുമ്പോൾ വിക്രമിന്റെ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു. കൂടെപ്പിറപ്പിനെപ്പോലെ കൂടെനടന്ന ഒരു റിപ്പോർട്ടറുടെ വിയോഗവാർത്ത താങ്ങാൻ അവർക്ക് കഴിയുമായിരുന്നില്ല.

കാറിന്റെ വിൻഡോ ഗ്ലാസിലൂടെ പുറത്തേക്ക് നോക്കി ലൂക്കാസ് അഗാധമായ ചിന്തയിലാണ്ടു. 2003ലെ ആ മേയ് മാസത്തെ വസന്തകാലത്തിന് പെട്ടെന്ന് ഒരു ശരത്കാലത്തിന്റെ തണുപ്പ് ബാധിച്ചതുപോലെ അദ്ദേഹത്തിന് തോന്നി.

''സർ... അത് റോബിൻസ് ആയിരിക്കില്ല. അവനെ അത്ര പെട്ടെന്ന് വീഴ്ത്താൻ ആ മാഫിയ സംഘത്തിന് കഴിയില്ല,'' ഡ്രൈവിംഗിനിടയിൽ ഡെസ്ക് ചീഫ് തന്റെ സങ്കടം നിയന്ത്രിക്കാൻ പാടുപെട്ടുകൊണ്ട് പറഞ്ഞു.

''എനിക്കും അങ്ങനെ വിശ്വസിക്കാനാണ് ഇഷ്ടം. പക്ഷേ, ആ മാഫിയ ഗ്രൂപ്പിന്റെ ക്രൂരത നമുക്കറിയാം. അവരുടെ കള്ളപ്പണ ഇടപാടുകളുടെ തെളിവുകൾ പുറത്തുവിട്ടവരോട് അവർ ക്ഷമിക്കില്ല,'' ലൂക്കാസിന്റെ ശബ്ദം ഗൗരവമുള്ളതായിരുന്നു.

അവർ സംഭവസ്ഥലത്ത് എത്ത'മ്പോൾ ഇരുട്ട് വീണിരുന്നു. നദിയിൽ നിന്നുള്ള ശക്തമായ തണുത്ത കാറ്റ് അടിച്ചുവീശിക്കൊണ്ടിരുന്നു. പോലീസിന്റെ മഞ്ഞ ടേപ്പുകൾ കാറ്റിൽ പറന്നു. എഫ്.ബി.ഐയുടെ മൊബൈൽ ഫോറൻസിക് ലാബിന്റെ വലിയ വാൻ അവിടെ പാർക്ക് ചെയ്തിട്ടുണ്ടായിരുന്നു. അതിനടുത്ത് ഒരു താൽക്കാലിക മെഡിക്കൽ ടെന്റ് അടിച്ചിട്ടുണ്ട്. ഡിറ്റക്ടീവ് ഹാരിസ് അവരെ കണ്ടതും മുന്നോട്ട് നടന്നു വന്നു. അദ്ദേഹത്തിന്റെ മുഖത്ത് കടുത്ത ക്ഷീണവും സങ്കടവുമുണ്ടായിരുന്നു.

''മിസ്റ്റർ ലൂക്കാസ്... താങ്ക്സ് ഫോർ കമിങ്,'' ഹാരിസ് ലൂക്കാസിന് കൈ നൽകി.

''എവിടെ ശരീരം?'' ലൂക്കാസ് നേരെ കാര്യത്തിലേക്ക് കടന്നു.

''ആ ടെന്റിനുള്ളിലുണ്ട്. കോസ്റ്റ് ഗാർഡ് പുറത്തെടുത്തപ്പോൾ തന്നെ മെഡിക്കൽ ടീം പ്രാഥമിക പരിശോധന നടത്തി. മുഖം ക്രൂരമായി തല്ലിച്ചതച്ച നിലയിലാണ്. അതുകൊണ്ട് വസ്ത്രങ്ങളും ശരീരപ്രകൃതിയും വെച്ച് മാത്രമേ നമുക്ക് ഇപ്പോൾ തിരിച്ചറിയാൻ കഴിയൂ. മോർച്ചറി വാൻ വരുന്നതിന് മുൻപ് നിങ്ങൾക്കൊന്ന് കാണാം,'' ഹാരിസ് അവരെ ടെന്റിലേക്ക് നയിച്ചു. ടെന്റിനുള്ളിൽ കടുത്ത വെളിച്ചമുള്ള ഒരു ഹാലൊജൻ ലൈറ്റ് കത്തുന്നുണ്ടായിരുന്നു. നടുവിലെ മെറ്റൽ ടേബിളിൽ ഒരു കറുത്ത ബോഡി ബാഗ് സിപ്പർ ഇട്ട് അടച്ചുവെച്ചിട്ടുണ്ടായിരുന്നു. വായുവിൽ നനഞ്ഞ ചെളിയുടെയും ചോരയുടെയും നേർത്ത മണം കലർന്നിരുന്നു.

ഡെസ്ക് ചീഫ് ടെന്റിന്റെ ഒരു കോണിൽ മാറിനിന്ന് കൈകൾ കൂപ്പി കണ്ണുകളടച്ചു. ലൂക്കാസ് ഒരു ദീർഘശ്വാസമെടുത്ത് ടേബിളിനടുത്തേക്ക് നീങ്ങി. ഡിറ്റക്ടീവ് ഹാരിസ് ബോഡി ബാഗിന്റെ സിപ്പർ പതുക്കെ താഴേക്ക് വലിച്ചു. വസ്ത്രങ്ങൾ ആദ്യം പുറത്തുകണ്ടു. ജാക്കറ്റിൽ നദിയിലെ പായലും ചെളിയും പറ്റിപ്പിടിച്ചിരുന്നു. സിപ്പർ കൂടുതൽ താഴേക്ക് നീങ്ങിയപ്പോൾ ആ മനുഷ്യന്റെ മുഖം ദൃശ്യമായി. നനഞ്ഞു ഒട്ടിയ മുടിയിഴകൾ. നെറ്റിയിലും കവിളിലും കനത്ത ആയുധങ്ങൾ കൊണ്ട് അടിച്ചതിന്റെ ആഴത്തിലുള്ള മുറിവുകൾ. വലതു കണ്ണിന് താഴെ ചോര കട്ടപിടിച്ചിരിക്കുന്നു.

ലൂക്കാസ് ആ മുഖത്തേക്ക് സൂക്ഷിച്ച നോക്കി. ശ്വാസമടക്കിപ്പിടിച്ച നിമിഷങ്ങൾ. അദ്ദേഹത്തിന്റെ ഹൃദയമിടിപ്പ് വർദ്ധിച്ചു. ഒരു പത്രപ്രവർത്തകന്റെ സൂക്ഷ്മതയോടെ അദ്ദേഹം ആ മൃതദേഹത്തിന്റെ ഓരോ ഭാഗവും നിരീക്ഷിച്ചു. പെട്ടെന്ന് ലൂക്കാസിന്റെ കണ്ണുകൾ ആ മൃതദേഹത്തിന്റെ വലതുകൈയിലെ വിരലുകളിലേക്ക് നീണ്ടു.

(തുടരും)

# ഭൂപടത്തിൽ തിരുത്ത്, പ്രകൃതിയോട് വഞ്ചന: ആനക്കാംപൊയിൽ തുരങ്കപ്പാതയ്ക്ക് പിന്നിലെ മഹാ വഞ്ചന

വയനാടിന്റെ വിറങ്ങലിച്ച ഓർമകൾക്ക് മീതെ വീണ്ടും വലിയൊരു ആഘാതം ഉണ്ടായിരിക്കുകയാണ്. ജനങ്ങളുടെ ജീവനും പരിസ്ഥിതിയുടെ നിലനിൽപ്പിനും പുല്ലുവില കല്പിച്ച്, കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തെപ്പോലും തെറ്റിദ്ധരിപ്പിച്ച് ആനക്കാംപൊയിൽകള്ളാടി തുരങ്കപ്പാതയ്ക്ക് അനുമതി നേടിയെടുക്കാൻ മുൻ സർക്കാർ നടത്തിയത് സമാനതകളില്ലാത്ത തിരിമറി.



പദ്ധതി പ്രദേശം പരിസ്ഥിതി ലോല മേഖലയല്ലെന്നും കാടുകൾക്ക് ആഘാതമുണ്ടാക്കില്ലെന്നും കാണിച്ച് 2022 മെയിൽ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിലെ ഞെട്ടിക്കുന്ന യാഥാർത്ഥ്യങ്ങൾ ഇപ്പോൾ പുറത്തുവരുമ്പോൾ ഉയരുന്നത് ഒരേയൊരു ചോദ്യമാണ്, ദുരന്തങ്ങൾ നല്കിയ പാഠങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ സർക്കാരിന് എങ്ങനെ സാധിക്കുന്നു?

### വസ്തുതകൾ തമസ്കരിച്ച ഉദ്യോഗസ്ഥ വൃന്ദം

പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് എക്സിക്യൂട്ടീവ് എൻജിനീയർ കേന്ദ്രത്തിന് നൽകിയ റിപ്പോർട്ട് നഗ്നമായ നുണകളുടെ സമാഹാരമാണ്. പദ്ധതി പ്രദേശത്ത് വനാവകാശ നിയമം ബാധകമല്ലെന്നും, പരിസ്ഥിതി ആഘാത നഷ്ടപരിഹാരത്തിനായി നൽകേണ്ട ഭൂമി ഇവിടെയില്ലെന്നുമാണ് റിപ്പോർട്ടിൽ അവകാശപ്പെടുന്നത്. എന്നാൽ സത്യമെന്താണ്?

തുരങ്കപ്പാത കടന്നുപോകുന്ന വയനാട്ടിലെ വെള്ളരിമല വില്ലേജും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി വില്ലേജും കേന്ദ്ര സർക്കാർ തന്നെ പരിസ്ഥിതി ലോല മേഖലയായി പ്രഖ്യാപിച്ച പട്ടികയിൽ ഉള്ളവയാണ്. ഈ പ്രാഥമിക സത്യം പോലും മറച്ചുവെച്ചാണ് വനം മന്ത്രാലയത്തിൽ നിന്ന് പദ്ധതിക്ക് പച്ചക്കൊടി വാങ്ങിയെടുത്തത്.

### ദുരന്ത ഭൂമിക്ക് മീതെ മറ്റൊരു ദുരന്തം

പ്രകൃതിയുടെ മുന്നറിയിപ്പുകളെ പൂർണമായും തള്ളിക്കളഞ്ഞാണ് ഈ നിർമാണം ആസൂത്രണം ചെയ്തിരിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ മണ്ണിടിച്ചിലുണ്ടായ കള്ളാടിയിലെ തുരങ്കമുഖത്തുനിന്ന്, നൂറിലധികം മനുഷ്യ ജീവനുകൾ കവർന്ന പുത്തുമല ദുരന്ത ഭൂമിയിലേക്ക് വെറും 800 മീറ്റർ മാത്രമാണ് ദൂരം. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തങ്ങളിലൊന്നിന് സാക്ഷ്യം വഹിച്ച മുണ്ടക്കൈചൂരൽമല പ്രദേശം കള്ളാടിയിൽ നിന്ന് അഞ്ച് കിലോമീറ്റർ മാത്രം അകലെയാണ് സ്ഥിതി ചെയ്യുന്നത്.

1960 മുതൽ തുടർച്ചയായി ഉരുൾപൊട്ടലുകൾ ഉണ്ടാകുന്ന ഈ പ്രദേശം മൺസൂൺ കാലത്ത് അതിതീവ്ര മണ്ണിടിച്ചിൽ ഭീഷണിയുള്ള മേഖലയാണെന്ന് സംസ്ഥാന പരിസ്ഥിതി ആഘാത വിദഗ്ധസമിതി തന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

### ആദിവാസി ജനവിഭാഗങ്ങളെ അവഗണിച്ച നീക്കം

പ്രകൃതിയെ മാത്രമല്ല, തലമുറകളായി ആ മണ്ണിൽ ജീവിക്കുന്ന മനുഷ്യരെയും സർക്കാരിന്റെ റിപ്പോർട്ട് പൂർണ്ണമായും തമസ്കരിച്ചു. നിർദിഷ്ട തുരങ്കമുഖത്തോട് ചേർന്ന് അരണമലയിലെ 27 കാട്ടുനായ്ക്ക കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. പ്രദേശത്താകെ 32 ആദിവാസി ഊരുകളാണ് സ്ഥിതി ചെയ്യുന്നത്. ഇതിനു പുറമെ, വനംവകുപ്പ് നവകിരണം പദ്ധതി വഴി നഷ്ടപരിഹാര വനവൽക്കരണത്തിനായി സ്വകാര്യ ഭൂമി ഏറ്റെടുത്ത പ്രദേശമാണിത്. ഇതെല്ലാം മറച്ചുവെച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത് വഞ്ചന മാത്രമാണ്.

### ഈ ചോദ്യങ്ങൾക്ക് മറുപടി വേണം


ഇത്രയും ഗുരുതരമായ പരിസ്ഥിതി ആഘാത സാധ്യതയുള്ള മേഖലയിൽ തെറ്റായ വിവരങ്ങൾ നൽകി കേന്ദ്രാനുമതി നേടിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയെടുക്കും?

പുത്തുമലയിലും മുണ്ടക്കൈയിലും സമാനതകളില്ലാത്ത ദുരന്തങ്ങൾ സംഭവിച്ചിട്ടും അത്തരം ഒരു മേഖലയിൽ തുരങ്കം തുരക്കാൻ കാണിക്കുന്ന ധൃതിക്ക് പിന്നിൽ ആരുടെ താല്പര്യമാണ്?

നാടിന്റെ നിലനിൽപ്പ് അപകടത്തിലാക്കുന്ന ഇത്തരം വികസന നയങ്ങൾക്കെതിരെ പരിസ്ഥിതി സംഘടനകളും പ്രാദേശിക ജനവിഭാഗങ്ങളും ശക്തമായ പ്രതിഷേധത്തിലേക്ക് നീങ്ങുകയാണ്.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ തന്നെ ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കിയത് മാപ്പർഹിക്കാത്ത കുറ്റമാണ്. ഈ റിപ്പോർട്ട് ഉടൻ പിൻവലിച്ച്, പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം വീണ്ടും നടത്താൻ സർക്കാർ തയ്യാറാകണം.





## അന്ന് എടുത്തത് വൈകാരികമായ തീരുമാനം, സിനിമ വിടില്ലെന്ന് രവി മോഹൻ

വ്യക്തിപരമായ പ്രശ്നങ്ങളും വിവാഹമോചന നടപടികളും പൂർത്തിയാകുന്നത് വരെ സിനിമയിൽ നിന്ന് വിട്ടുനിൽക്കുമെന്ന തന്റെ മുൻ പ്രഖ്യാപനം തിരുത്തി തമിഴ് നടൻ രവി മോഹൻ രംഗത്ത്. ജെ.എഫ്.ഡബ്ല്യു അച്ചീവേഴ്സ് അവാർഡ്സ് ചടങ്ങിൽ സംസാരിക്കവെയാണ്, താൻ സിനിമയിലേക്ക് ശക്തമായി തിരിച്ചുവരാൻ ഒരുങ്ങുകയാണെന്ന് താരം ഔദ്യോഗികമായി വ്യക്തമാക്കിയത്.മുൻപ് എടുത്ത തീരുമാനം കടുത്ത മാനസിക സമ്മർദ്ദവും വൈകാരികതയും കാരണം സംഭവിച്ചുപോയതാണെന്ന് പറഞ്ഞ അദ്ദേഹം തന്റെ ആരാധകരോടും സിനിമാ ലോകത്തോടും പരസ്യമായി ക്ഷമാപണം നടത്തി. അവാർഡ് വേദിയിൽ താരം പറഞ്ഞത് ഇങ്ങനെയാണ്: 'എനിക്ക് ഈ വർഷം 46 വയസ്സ് തികയുകയാണ്. എന്റെ ജീവിതത്തിന്റെ പകുതിയും (23 വർഷം) ഞാൻ സിനിമയിലാണ് ചിലവഴിച്ചത്. എന്റെ ഭാഗത്തുനിന്നുണ്ടായ ഒരു ചെറിയ തെറ്റ് നിങ്ങളെയെയെല്ലാം ഇത്രയധികം വേദനിപ്പിച്ചതിൽ വിഷമമുണ്ട്. വ്യക്തിജീവിതവും സിനിമാ ജീവിതവും എനിക്ക് 50-50 ആണ്, പക്ഷേ കഴിഞ്ഞ കുറച്ചുകാലമായി വ്യക്തിജീവിതത്തിലെ വികാരങ്ങൾ എന്നെ കൂടുതൽ ബാധിച്ചു. ഞാൻ അന്ന് കുറച്ച് വൈകാരികമായാണ് സംസാരിച്ചത്. എന്നാൽ സിനിമാ മേഖലയിലെ എല്ലാവരും എന്നെ വന്ന് കണ്ട് പറഞ്ഞു, 'നീ എന്ത് പറഞ്ഞാലും ഞങ്ങൾ അംഗീകരിക്കാം, പക്ഷേ ഇനി ഒരിക്കലും സിനിമയിൽ ഉണ്ടാകില്ല എന്ന് മാത്രം പറയരുത്.' അവരോടെല്ലാം ഞാൻ ക്ഷമ ചോദിക്കുന്നു.'കഴിഞ്ഞ മെയ് മാസത്തിൽ നടത്തിയ വൈകാരികമായ വാർത്താസമ്മേളനത്തെക്കുറിച്ച് ഓർത്തെടുത്ത താരം, അതിലൂടെ സമൂഹത്തിൽ മാനസികാരോഗ്യം സംബന്ധിച്ച ചർച്ചകൾക്ക് തുടക്കമിടാൻ കഴിഞ്ഞത് ഒരു നല്ല കാര്യമായി കാണുന്നുവെന്നും കൂട്ടിച്ചേർത്തു.

# വേർപിരിയലും പ്രതിസന്ധികളും കടന്ന് 8 വർഷങ്ങൾ; പ്രണയചിത്രം പങ്കുവെച്ച് ജസ്റ്റിൻ ബീബറും ഹെയ്‌ലി ബീബറും





പോപ്പ് ഗായകൻ ജസ്റ്റിൻ ബീബറുമായുള്ള വിവാഹനിശ്ചയത്തിന്റെ എട്ടാം വാർഷികം ആഘോഷമാക്കി മോഡലും ബിസിനസ്സ് സംരംഭകയുമായ ഹെയ്‌ലി ബീബർ. ചൊവ്വാഴ്ച ഹെയ്‌ലി തന്റെ ഇൻസ്റ്റാഗ്രാം സ്റ്റോറിയിലൂടെ ജസ്റ്റിനൊപ്പമുള്ള ഒരു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രം പങ്കുവെച്ചുകൊണ്ടാണ് ഈ സന്തോഷം ആരാധകരെ അറിയിച്ചത്. പരസ്പരം ചുംബിച്ചു നിൽക്കുന്ന ഇരുവരുടെയും മനോഹരമായ ചിത്രത്തിനൊപ്പം '8 വർഷങ്ങൾ' എന്നും രണ്ട് മോതിരങ്ങളുടെ ഇമോജികളും ഹെയ്‌ലി കുറിച്ചിട്ടുണ്ട്.2018 ജൂലൈയിലായിരുന്നു ലോകമെമ്പാടും കോടിക്കണക്കിന് ആരാധകരുള്ള ജസ്റ്റിൻ ബീബർ, ഹെയ്‌ലിയോട് തന്റെ പ്രണയം തുറന്നുപറഞ്ഞ് മോതിരം അണിയിച്ചത്. അന്ന് ഇൻസ്റ്റാഗ്രാമിലൂടെ ജസ്റ്റിൻ പങ്കുവെച്ച വൈകാരികമായ കുറിപ്പ് ഏറെ ശ്രദ്ധ നേടിയിരുന്നു.'ഹെയ്‌ലി, നിന്റെ എല്ലാറ്റിനോടും ഞാൻ അത്രമേൽ പ്രണയത്തിലാണ്. എന്റെ ജീവിതം മുഴുവൻ നിന്നെ സ്നേഹിക്കാനും മനസ്സിലാക്കാനുമായി ഞാൻ മാറ്റിവെക്കുന്നു. എന്റെ ഹൃദയം പൂർണ്ണമായും നിനക്കുള്ളതാണ്, എപ്പോഴും നിനക്കായിരിക്കും എന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം,' എന്നായിരുന്നു അന്ന് ജസ്റ്റിൻ കുറിച്ചത്. ഇന്ന് ഹോളിവുഡിലെ മാതൃകാ ദമ്പതികളായി അറിയപ്പെടുന്ന ജസ്റ്റിന്റെയും ഹെയ്‌ലിയുടെയും പ്രണയയാത്ര അത്ര എളുപ്പമുള്ളതായിരുന്നില്ല. 2016-ൽ ഇരുവരും തമ്മിൽ വേർപിരിഞ്ഞിരുന്നു. കടുത്ത മാനസിക വിഷമങ്ങളിലൂടെ കടന്നുപോയ ആ കാലഘട്ടത്തെക്കുറിച്ച് പിന്നീട് വോഗ് മാഗസിന് നൽകിയ അഭിമുഖത്തിൽ ഹെയ്‌ലി തുറന്നുപറഞ്ഞിട്ടുണ്ട്. പരസ്പരം സംസാരിച്ചു തീർക്കേണ്ട ഒരുപാട് നെഗറ്റീവ് കാര്യങ്ങൾ അന്നുണ്ടായിരുന്നു എന്നാണ് താരം പറഞ്ഞത്.എന്നാൽ എല്ലാ പ്രതിസന്ധികളും മറികടന്ന് 2018 ജൂണിൽ ഇവർ വീണ്ടും ഒന്നിച്ചു. തൊട്ടടുത്ത മാസം തന്നെ ജസ്റ്റിൻ ഹെയ്‌ലിയെ വിവാഹത്തിനായി പ്രൊപ്പോസ് ചെയ്യുകയും പിന്നീട് ഇരുവരും വിവാഹിതരാകുകയുമായിരുന്നു.

# ബ്രിട്നി സ്പിയേഴ്സിന്റെ ജീവചരിത്ര സിനിമയ്ക്ക് തിരക്കഥയൊരുക്കാൻ ലിസ് മെരിവെതർ



പോപ്പ് ലോകത്തെ ഇതിഹാസ ഗായിക ബ്രിട്നി സ്പിയേഴ്സിന്റെ ജീവിതം വെള്ളിത്തിരയിലേക്ക് എത്തുമ്പോൾ ചിത്രത്തിന് തിരക്കഥയൊരുക്കാൻ പ്രശസ്ത തിരക്കഥാകൃത്തും ടെലിവിഷൻ ക്രിയേറ്ററുമായ ലിസ് മെരിവെതർ എത്തുന്നു. യൂണിവേഴ്സൽ പിക്ചേഴ്സ് നിർമ്മിക്കുന്ന ഈ വമ്പൻ പ്രൊജക്റ്റ് സംവിധാനം ചെയ്യുന്നത് ജോൺ എം. ചു ആണ്. മാർക്ക് പ്ലാറ്റ് ആണ് ചിത്രത്തിന്റെ നിർമ്മാണം. ബ്രിട്നിയുടെ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെട്ട ജീവചരിത്ര പുസ്തകത്തെ ആസ്പദമാക്കിയാണ് സിനിമ ഒരുങ്ങുന്നത്.2024 ഓഗസ്റ്റിൽ തന്നെ യൂണിവേഴ്സൽ പിക്ചേഴ്സ് ബ്രിട്നിയുടെ പുസ്തകത്തിന്റെ സിനിമാ അവകാശം സ്വന്തമാക്കിയിരുന്നു. തന്റെ ജീവിതം സിനിമയാകുന്നതിനെക്കുറിച്ച് ഒരു 'രഹസ്യ പ്രൊജക്റ്റ്' എന്ന രീതിയിൽ ബ്രിട്നി സ്പിയേഴ്സ് മുൻപ് സോഷ്യൽ മീഡിയയിലൂടെ ആരാധകരുമായി പങ്കുവെച്ചിരുന്നു. ചിത്രത്തിന്റെ അണിയറപ്രവർത്തകരിൽ തനിക്ക് പൂർണ്ണ വിശ്വാസമുണ്ടെന്നും കൂടുതൽ വിവരങ്ങൾ ഉടൻ പുറത്തുവിടുമെന്നും താരം അന്ന് വ്യക്തമാക്കിയിരുന്നു.2023 ഒക്ടോബറിൽ പുറത്തിറങ്ങിയ 'ദി വുമൺ ഇൻ മീ' എന്ന ബ്രിട്നിയുടെ ജീവചരിത്ര പുസ്തകത്തെ ആസ്പദമാക്കിയാണ് ലിസ് മെരിവെതർ തിരക്കഥ തയ്യാറാക്കുന്നത്. റിലീസ് ചെയ്ത ആദ്യ ആഴ്ചയിൽ തന്നെ 11 ലക്ഷത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ് ഈ പുസ്തകം റെക്കോർഡ് ഇട്ടിരുന്നു. ഓസ്കാർ നാമനിർദ്ദേശം ലഭിച്ച നടി മിഷേൽ വില്യംസ് ശബ്ദം നൽകിയ ഇതിന്റെ ഓഡിയോബുക്ക് പതിപ്പും ചരിത്ര വിജയമായിരുന്നു.ഹോളിവുഡിൽ നിരവധി വിജയകരമായ പരമ്പരകൾക്കും സിനിമകൾക്കും പിന്നിൽ പ്രവർത്തിച്ച പരിചയസമ്പന്നയാണ് ലിസ് മെരിവെതർ. 'ഡൈയിംഗ് ഫോർ സെക്സ്', 'ദി ഡ്രോപ്പ്ഔട്ട്' എന്നീ ജനപ്രിയ ലിമിറ്റഡ് പരമ്പരകളിലൂടെ നാല് എമ്മി നാമനിർദ്ദേശങ്ങളും ഡബ്ല്യു.ജി.എ, പി.ജി.എ അവാർഡുകളും ലിസ് സ്വന്തമാക്കിയിട്ടുണ്ട്.കൂടാതെ നതാലി പോർട്ട്മാൻ അഭിനയിച്ച ഹിറ്റ് ചിത്രമായ 'നോ സ്ട്രിംഗ്സ് അറ്റാച്ച്ഡ്' (2011), ഏഴ് സീസണുകളിലായി തരംഗം സൃഷ്ടിച്ച കോമഡി പരമ്പര 'ന്യൂ ഗേൾ' എന്നിവയുടെ ക്രിയേറ്ററും ലിസ് ആയിരുന്നു.

# സൽമാന്റെ ഭീഷണിയിൽ ബോളിവുഡിൽ ബഹിഷ്കരണം, അന്ന് സഹായിച്ചത് അക്ഷയ് കുമാർ; വിവേക് ഒബ്റോയ്



ബോളിവുഡിലെ പുത്തൻ താരോദയമെന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന നടൻ വിവേക് ഒബ്റോയിയുടെ കരിയർ തകർത്തത് ഐശ്വര്യ റായുമായുള്ള പ്രണയവും അതിനെത്തുടർന്ന് സൽമാൻ ഖാനുമായി ഉണ്ടായ തർക്കങ്ങളുമായിരുന്നു. ബോളിവുഡ് ഒന്നടങ്കം ബഹിഷ്കരിച്ച, അവസരങ്ങൾ നഷ്ടപ്പെട്ട ആ കഠിനമായ കാലഘട്ടത്തിൽ തന്നെ സഹായിക്കാനെത്തിയത് നടൻ അക്ഷയ് കുമാർ ആണെന്ന് വെളിപ്പെടുത്തുകയാണ് വിവേക് ഇപ്പോൾ. മിർച്ചി പ്ലസിന് നൽകിയ അഭിമുഖത്തിലാണ് വിവേക് അക്ഷയ് കുമാറിനോടുള്ള നന്ദി രേഖപ്പെടുത്തിയത്. 'ഒരിക്കൽ അക്ഷയ് കുമാർ എന്നെ ഫോണിൽ വിളിച്ച് എവിടെയുണ്ടെന്ന് ചോദിച്ചു. ഞാൻ വീട്ടിലാണെന്നും വലിയ വിഷമത്തിലാണെന്നും പറഞ്ഞപ്പോൾ അര മണിക്കൂറിനുള്ളിൽ അദ്ദേഹം എന്റെ വീട്ടിലെത്തി. ഞാൻ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹം ചോദിച്ചറിഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു, ''നോക്കൂ, ഇതിലൊന്നും എനിക്ക് നേരിട്ട് ഇടപെടാനാവില്ല, പക്ഷേ നിന്റെ ചിന്താഗതി പോസിറ്റീവാക്കി മാറ്റാൻ എനിക്ക് സഹായിക്കാനാകും''.വിവേക് ഓർത്തെടുത്തു.തന്റെ ആത്മവിശ്വാസം വീണ്ടെടുക്കാനായി അക്ഷയ് കുമാർ ചെയ്ത വലിയ സഹായത്തെക്കുറിച്ചും വിവേക് തുറന്നുപറഞ്ഞു: 'നിലവിൽ നിരവധി സ്റ്റേജ് ഷോകൾ നടക്കുന്നുണ്ടെന്നും എന്നാൽ ഷൂട്ടിങ് തിരക്കുകൾ കാരണം തനിക്ക് അവയിലൊന്നും പങ്കെടുക്കാൻ കഴിയില്ലെന്നും അക്ഷയ് പറഞ്ഞു. 'നീ ആ പരിപാടികൾ ചെയ്യാൻ തുടങ്ങൂ. എനിക്ക് വരുന്ന ഷോകളെല്ലാം ഞാൻ നിനക്ക് കൈമാറാം' എന്ന് അദ്ദേഹം പറഞ്ഞു.മറ്റൊരാൾക്ക് വേണ്ടി ഇങ്ങനെയൊക്കെ ആര് ചെയ്യും? ആ സഹായത്തോടെ ഞാൻ വീണ്ടും വേദിയിൽ പരിപാടികൾ അവതരിപ്പിക്കാൻ തുടങ്ങി. ആരാധകരെ കാണാനും അവരുടെ പ്രോത്സാഹനം കേൾക്കാനും കഴിഞ്ഞപ്പോൾ എനിക്ക് വലിയ പോസിറ്റീവ് എനർജി ലഭിച്ചു. ഒപ്പം പണവും കിട്ടി. ''ഞാൻ നിനക്കുവേണ്ടി ലോബിക്കെതിരെ പോരാടാം' എന്നൊന്നും അദ്ദേഹം പറഞ്ഞില്ല. പകരം, ലളിതവും പ്രായോഗികവുമായ ഒരു പരിഹാരമാണ് അക്ഷയ് എനിക്ക് നൽകിയത്'' ഒബ്റോയ് പറഞ്ഞു



# അടുത്ത ബോണ്ടാകുമോ? ലൂയിസ് പാർട്രിഡ്ജ് താരം മനസ്സുതുറക്കുന്നു

വെറും 23-ാം വയസ്സിൽ ഹോളിവുഡിലെ ഏറ്റവും ശ്രദ്ധേയരായ യുവതാരങ്ങളിൽ ഒരാളായി മാറിയ ബ്രിട്ടീഷ് നടൻ ലൂയിസ് പാർട്രിഡ്ജ് തന്റെ പുതിയ ചിത്രമായ 'എനോള ഹോംസ് 3' നെറ്റ്ഫ്ലിക്സിൽ സ്ട്രീമിംഗ് ആരംഭിച്ചതിന് പിന്നാലെ മനസ്സ് തുറക്കുന്നു. അടുത്ത ജെയിംസ് ബോണ്ട് ആകാൻ പോകുന്നത് ലൂയിസ് ആണെന്ന തരത്തിൽ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന അഭ്യൂഹങ്ങളോടും, ചെറുപ്രായത്തിൽ തന്നെ ലഭിച്ച വലിയ പ്രശസ്തിയെക്കുറിച്ചും ഹിന്ദുസ്ഥാൻ ടൈംസിന് നൽകിയ അഭിമുഖത്തിൽ താരം പ്രതികരിച്ചു.അടുത്ത ജെയിംസ് ബോണ്ട് ആകുമോ എന്ന ചോദ്യത്തിന് കൃത്യമായ ഒരു സ്ഥിരീകരണം നൽകിയില്ലെങ്കിലും ആ ചിന്ത തന്നെ ആവേശമുണർത്തുന്നതാണെന്ന് ലൂയിസ് പറഞ്ഞു. 'എനിക്ക് അതിനെക്കുറിച്ച് കൂടുതൽ പറയാനില്ല. എന്നാൽ അതൊരു ആവേശകരമായ കാര്യമാണ്. ഞാൻ ജെയിംസ് ബോണ്ടിന്റെ വലിയൊരു ആരാധകനാണ്. ആരാണ് ബോണ്ടിനെ ഇഷ്ടപ്പെടാത്തത്? ആദ്യമായി കണ്ടത് മുതൽ ഞാൻ അദ്ദേഹത്തിന്റെ ആരാധകനാണ്. അതുകൊണ്ട് നമുക്ക് നോക്കാം, എന്താണ് സംഭവിക്കുക എന്ന്,' താരം വ്യക്തമാക്കി.'എനോള ഹോംസ് 3'യിൽ വിസ്കൗണ്ട് ട്യൂക്സ്ബറി എന്ന തന്റെ ജനപ്രിയ കഥാപാത്രമായി വീണ്ടും എത്തിയതിനെക്കുറിച്ചും ലൂയിസ് സംസാരിച്ചു. വർഷങ്ങളായി ചെയ്യുന്ന കഥാപാത്രമായതിനാൽ ഇപ്പോൾ ഇതിലേക്ക് തിരിച്ചെത്തുന്നത് വളരെ എളുപ്പവും സ്വാഭാവികവുമായി തോന്നുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ചിത്രത്തിലെ സഹതാരം മില്ലി ബോബി ബ്രൗണുമായുള്ള വർഷങ്ങളായുള്ള ആഴമേറിയ സൗഹൃദത്തെക്കുറിച്ചും ലൂയിസ് ഓർത്തെടുത്തു. ആദ്യമായി ഒന്നിച്ചഭിനയിക്കുമ്പോൾ തങ്ങൾക്ക് 15-ഉം 16-ഉം വയസ്സ് മാത്രമായിരുന്നു പ്രായമെന്നും, കഴിഞ്ഞ ഏഴ് വർഷത്തിനിടെ തങ്ങളുടെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ വന്നെങ്കിലും ഇരുവരും ഒന്നിക്കുമ്പോൾ പഴയ കുട്ടിക്കാലത്തിലേക്ക് തിരികെ പോകുമെന്നും താരം പറഞ്ഞു.



## വമ്പൻമാരെ ഞെട്ടിച്ച് 'ഒബ്സെഷൻ' നേടിയത് 400 മില്യൺ ഡോളർ!

സിനിമാ ലോകത്തെ ഞെട്ടിച്ചുകൊണ്ട് ബോക്സ് ഓഫീസിൽ ചരിത്ര വിജയം സ്വന്തമാക്കി സംവിധായകൻ കറി ബാർക്കറുടെ സൈക്കോളജിക്കൽ ഹൊറർ-ത്രില്ലർ ചിത്രം 'ഒബ്സെഷൻ'.വെറും 750,000 ഡോളർ മാത്രം നിർമ്മാണച്ചെലവുള്ള ഈ ചിത്രം തീയേറ്ററുകളിലെത്തി രണ്ട് മാസം പിന്നിടുമ്പോൾ ലോകമെമ്പാടും നിന്ന് 400 മില്യൺ ഡോളറിലധികം വാരിക്കൂട്ടി ഈ വർഷത്തെ ഏറ്റവും വലിയ ഹിറ്റായി മാറി. 1 മില്യൺ ഡോളറിൽ താഴെ ബഡ്ജറ്റിൽ നിർമ്മിച്ച് ഏറ്റവും കൂടുതൽ കളക്ഷൻ നേടുന്ന ചിത്രമെന്ന റെക്കോർഡും ഇതോടെ 'ഒബ്സെഷൻ' സ്വന്തമാക്കി. യുഎസിൽ നിന്ന് മാത്രം 245 മില്യൺ ഡോളറും അന്താരാഷ്ട്ര വിപണിയിൽ നിന്ന് 157 മില്യൺ ഡോളറും ചിത്രം നേടി. പ്രശസ്ത നിർമ്മാണ കമ്പനിയായ ഫോക്കസ് ഫീച്ചേഴ്സ് 14 മില്യൺ ഡോളറിനാണ് ഈ ചിത്രത്തിന്റെ വിതരണാവകാശം വാങ്ങിയത്. കമ്പനിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന കളക്ഷൻ നേടുന്ന ചിത്രമായി 'ഒബ്സെഷൻ' മാറി. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ചിത്രത്തിന് ലഭിച്ച വൻ പ്രതികരണത്തിൽ പൂർണ്ണമായും അമ്പരന്നുപോയതായി സംവിധായകൻ കറി ബാർക്കർ പ്രതികരിച്ചു.

## LCU ഒരിക്കലും അവസാനിക്കില്ല, റോളക്സ്, കൈതി 2 അപ്ഡേറ്റുകളുമായി ലോകേഷ് കനകരാജ്!



തെന്നിന്ത്യൻ സിനിമാ ലോകത്ത് തരംഗം സൃഷ്ടിച്ച 'ലോകേഷ് സിനിമാറ്റിക് യൂണിവേഴ്സ്' ഉപേക്ഷിച്ചെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ പൂർണ്ണമായും തള്ളി സംവിധായകൻ ലോകേഷ് കനകരാജ്. എൽസിയു അവസാനിച്ചിട്ടില്ലെന്നും കൈതി 2, വിക്രം 2, റോളക്സ് എന്നിവയെല്ലാം തന്റെ മുൻഗണനയിലുള്ള പ്രൊജക്റ്റുകളാണെന്നും ലോകേഷ് വ്യക്തമാക്കി. ഒരു പൊതുപരിപാടിക്കിടെയാണ് താരം എൽസിയുവിന്റെ ഭാവി സംബന്ധിച്ച ആശങ്കകൾക്ക് വിരാമമിട്ടത്. ''എൽസിയു നിർത്തിയെന്ന തരത്തിൽ ചില വാർത്തകൾ എന്റെ ശ്രദ്ധയിൽപ്പെട്ടു. എന്റെ സ്വന്തം പ്രൊഡക്ഷൻ ബാനറായ ജി-സ്ക്വാഡ് വേണമെങ്കിൽ ഞാൻ നിർത്തിയേക്കാം, പക്ഷേ എൽസിയു എനിക്ക് നിർത്താനാകില്ല. ഒന്നാമതായി, ഈ പ്രപഞ്ചത്തിന് എൽസിയു എന്ന് പേരിട്ടത് ഞാനല്ല, ഓൺലൈനിലൂടെ ആരാധകർ നൽകിയ പേരാണത്. ഞാനത് ഏറ്റെടുത്തു എന്ന് മാത്രം. അതുകൊണ്ട് പെട്ടെന്നൊരു ദിവസം ഇനി എൽസിയു സിനിമകൾ ഇല്ല എന്ന് പറയാൻ എനിക്ക് കഴിയില്ല. അല്ലു അർജുൻന്റെ ചിത്രം പൂർത്തിയാക്കിയ ശേഷം ഞാൻ എൽസിയു സിനിമകളിലേക്ക് കടക്കും''. ലോകേഷ് പറഞ്ഞു.

## ദി ഒഡീസി' ലണ്ടൻ പ്രീമിയറിന് പിന്നാലെ മികച്ച പ്രതികരണങ്ങൾ, റോബർട്ട് പാറ്റിൻസൺ ഞെട്ടിച്ചെന്ന് നിരൂപകർ!



ലോകമെമ്പാടുമുള്ള ചലച്ചിത്ര പ്രേമികൾ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന വിഖ്യാത സംവിധായകൻ ക്രിസ്റ്റഫർ നോളന്റെ പുതിയ ചിത്രം 'ദി ഒഡീസി'ക്ക് ലണ്ടനിലെ വേൾഡ് പ്രീമിയറിന് പിന്നാലെ വൻ വരവേൽപ്പ്. നോളന്റെ കരിയറിലെ തന്നെ ഏറ്റവും മികച്ച ദൃശ്യവിരുന്നാണ് ചിത്രമെന്നാണ് ആദ്യ പ്രതികരണങ്ങൾ വ്യക്തമാക്കുന്നത്. ഹോമറിന്റെ പ്രശസ്തമായ ഇതിഹാസ കാവ്യത്തെ അതിന്റെ പൂർണ്ണമായ വ്യാപ്തിയിൽ, അസാധാരണമായ സ്കെയിലിൽ നോളൻ വെള്ളിത്തിരയിൽ എത്തിച്ചിട്ടുണ്ടെന്ന് പ്രമുഖ നിരൂപകർ അഭിപ്രായപ്പെട്ടു.ലണ്ടനിൽ നടന്ന പ്രീമിയർ ഷോയിൽ ക്രിസ്റ്റഫർ നോളനൊപ്പം ചിത്രത്തിലെ പ്രധാന താരങ്ങളും അണിയറപ്രവർത്തകരും പങ്കെടുത്തു. ഷോയ്ക്ക് പിന്നാലെ സോഷ്യൽ മീഡിയയിൽ ചിത്രത്തെക്കുറിച്ചുള്ള പ്രശംസകൾ നിറയുകയാണ്. നോളൻ ഇതുവരെ ചെയ്തതിൽ വെച്ച് ഏറ്റവും വലിയ സിനിമാറ്റിക് അനുഭവമാണിതെന്ന് റോട്ടൻ ടൊമാറ്റോസിന്റെ എറിക് ഡേവിസ് കുറിച്ചു.ഐമാക്സ് സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ നോളൻ ഇതിൽ ഉപയോഗിച്ചിട്ടുണ്ടെന്നും, ചിത്രത്തിലെ ആക്ഷൻ രംഗങ്ങളും പ്രൊഡക്ഷൻ ഡിസൈനും അതിശയിപ്പിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഹൊറർ ഘടകങ്ങളെ നോളൻ ചിത്രത്തിൽ മനോഹരമായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## സെൻസർ കുരുക്ക് അഴിയുന്നു! 'ജനനായകൻ' ജൂലൈയിൽ തിയേറ്ററുകളിലേക്ക്?

തമിഴ്നാട് മുഖ്യമന്ത്രി വിജയ് രാഷ്ട്രീയത്തിൽ പൂർണ്ണസമയ സജീവമാകുന്നതിന് മുൻപ് അഭിനയിച്ച അവസാന ചിത്രമായ 'ജനനായകൻ' ഈ മാസം തിയേറ്ററുകളിൽ എത്തിയേക്കുമെന്ന് റിപ്പോർട്ടുകൾ. ചിത്രത്തിന്റെ സെൻസർ ബോർഡ് അനുമതിയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പ്രതിസന്ധികൾ ഉടൻ പരിഹരിക്കപ്പെടുമെന്നും, ചിത്രം ജൂലൈയിൽ തന്നെ റിലീസ് ചെയ്യാൻ അണിയറപ്രവർത്തകർ ആലോചിക്കുന്നതായും സിനിമാ മേഖലയിലെ വിശ്വസനീയ കേന്ദ്രങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ റിലീസ് തീയതി സംബന്ധിച്ച് നിർമ്മാതാക്കളുടെ ഭാഗത്തുനിന്ന് ഇതുവരെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.എച്ച്. വിനോദ് സംവിധാനം ചെയ്യുന്ന ഈ ആക്ഷൻ എന്റർടെയ്നർ ചിത്രം ഈ വർഷം ജനുവരിയിൽ പൊങ്കൽ റിലീസ് ആയിട്ടായിരുന്നു ആദ്യം നിശ്ചയിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ ഡിസംബറിൽ സെൻസറിംഗിനായി സമർപ്പിച്ച ചിത്രത്തിന് ചില തടസ്സങ്ങൾ നേരിടുകയും, തുടർന്ന് സിനിമ 'സിനിമാ



റ്റോഗ്രാഫ് റൂൾ 24' പ്രകാരം റിവൈസിംഗ് കമ്മിറ്റിയുടെ പുനഃപരിശോധനയ്ക്ക് വിടുകയും ചെയ്തു. ഇതേത്തുടർന്നാണ് ചിത്രത്തിന്റെ റിലീസ് നീണ്ടുപോയത്. ജനുവരി 9-ന് നിശ്ചയിച്ചിരുന്ന റിലീസ് മാറ്റിവെച്ചുകൊണ്ട് നിർമ്മാതാക്കളായ കെ.വി.എൻ പ്രൊഡക്ഷൻസ് അന്ന് വ്യക്തമാക്കിയത് ഇങ്ങനെയായിരുന്നു: 'ഞങ്ങളുടെ നിയന്ത്രണത്തിനും അപ്പുറത്തുള്ള ചില അനിവാര്യമായ കാരണങ്ങളാലാണ് 'ജനനായകൻ' റിലീസ് മാറ്റിവെക്കുന്നത്.

CELEBRATING OUR
30TH ANNIVERSARY

# Chavara Matrimony.com

Connecting Hearts
since 1996

# ഹൃദയങ്ങൾ ഒന്നായ 30 വർഷങ്ങൾ



**Fr. Anil Philip CMI**, Director | **Johnson C Abraham**, Executive Director

## Groom

Knanaya Catholic,30,175 cm, Pharm D, Working as a Pharmacist in USA. Settled in USA. Father is a Businessman,. Looking well educated and settled in USA,UK or Itally. **ChavaraMatrimony ID: CM1195396 . Ph. +1 73273 77817**

Syrian Catholic,30,152cm, BDS,MPH,Worked as a Dentist in Kottayam. Now Doing MPH in USA. Native of Kottayam. Looking for well educated and employed preferably in USA **ChavaraMatrimony ID: CM1152017. Ph. +1 73273 77817**

Syrian Catholic, 26,155cm, B.Sc Nurse working in USA.Native of Kasargod, Upper middle class Family,Settled in USA. Looking for a well educated and employed partner in USA only.. **ChavaraMatrimony ID: CM1138479. Ph. +1 73273 77817**

Marthomite, 25, 158cm, MS CS, Working as a Data Scientist at a Bay Area company in USA. Upper Middle class Family, Born and brought up in USA. Looking for Groom Born and Brought up in US. **ChavaraMatrimony ID: CM1247219. Ph. +1 73273 77817**

Syrian Catholic,28,158cm, B.Sc. Pursuing Masters in Environment Science,Working as an Analyst in Canada. Upper middle class Family,settled in Canada. Looking for partner Born and Brought up in USA or Canada. **ChavaraMatrimony ID: CM1177459. Ph. +1 73273 77817**

Syrian Catholic,21,168cm, Bachelors in Urban Planning, Recently Graduated.Upper middle class family, US Citizen. Looking for a suitable partner in USA. **ChavaraMatrimony ID: CM1252731. Ph. +1 73273 77817.**

Syrian Catholic,26,171cm, Third year Medical Student at UT Southwestern University at Dallas. Upper middle class Family, Native of Thrissur, Settled in USA. Looking for well educated and employed in USA. **ChavaraMatrimony ID: CM1253026. Ph. +1 73273 77817.**

Latin Catholic,25,157cm,BS, Biological Science, Scientist /Researcher in USA. US citizen. Looking for a Suitable Partner. **ChavaraMatrimony ID: CM1255334. Ph. +1 73273 77817.**

Syrian Catholic,28,158cm,B.Com, B.Sc,Doing MBA in USA. Upper Middle class family, Native of Kottayam, settled in USA. Looking for a well educated and employed partner preferably in USA or India. **ChavaraMatrimony ID: CM1130498. Ph. +1 73273 77817.**

Malankara Catholic,29,152cm, Doctorate in Physical Therapy, Working as Physical Therapist in USA. Upper middle class family residing at USA. Looking for Medical or Paramedical professional in USA. **ChavaraMatrimony ID: CM1210481. Ph. +1 73273 77817.**

Celebrating 30 Years of Trust !

**2 LAKH** Weddings

**4 LAKH** Happy Families



## Bride

Latin Catholic,27,180 cm, BA Film Editing, Movie Editor & Photography., Working in Freelancer in USA. Father is Ayurveda Pharmacist,Native of Kollam.. Looking for a Suitable partner settled in USA **ChavaraMatrimony ID: CM1202346. Ph. +1 73273 77817**

Syrian Catholic,30,165cm, Masters inHealth Informatics ,Working as a Senior Operation Associate in USA. Native of Kottayam, Settled in USA. Looking for suitable partner.**ChavaraMatrimony ID: CM1104610. Ph. +1 73273 77817**

Knanaya Catholic, 31,180cm BS – CS, pursuing EMBA, Working as a Software Engineer in USA. Well settled family lives in USA. Looking for Suitable match from well settled families. **ChavaraMatrimony ID: CM997158. Ph. +1 73273 77817**

Latin Catholic,30,175cm,B.Sc (Hons), Working as an Administrative Professional in Canada. Upper middle class Family,settled in Canada., Native of Ernakulam. Looking for an educated,well settled and family oriented partner. **ChavaraMatrimony ID: CM1148193. Ph. +1 73273 77817**

Syrian Catholic,31,176cm, Business & Finance Major and Law Degree,Working as a Corporate Lawyer in USA. Upper middle class Family,Native of Pathanamthitta, settled in USA.Looking for a suitable partner preferably in USA, Canada, Australia, UAE. **ChavaraMatrimony ID: CM1251067. Ph. +1 73273 77817**

Latin Catholic,27,178cm,MS EE, Working as an Electrical Engineer in USA. Upper Middle class Family, Native of Gujarat. Looking for a Suitable partner. **ChavaraMatrimony ID: CM1203936. Ph. +1 73273 77817**

Syrian Catholic,27,178cm, B.Sc IT, Working as a Client Support Analyst in USA.Native of Kottayam,Residing in USA. Looking for an educated and employed partner in USA. **ChavaraMatrimony ID: CM1243012. Ph. +1 73273 77817**

Syrian Catholic.27,170cm, B.Tech, PG Diploma. Working as a IT Professional and pursuing a career in the technology industry in Canada.Native of Malappuram, Work permit in Canada. Looking for a Suitable Partner. **ChavaraMatrimony ID: CM1249251. Ph. +1 73273 77817**

Latin Catholic,32,170cm, PG Manufacturing Mgnt., Working as Project Manager-Canada.Native of TVM, Residing in Canada. Looking for well educ ated and employed partner. **ChavaraMatrimony ID: Cm1224256. Ph. +1 73273 77817**

Syrian Catholic,29,178cm Master of Information Systems Security Mgnt.,Working as a Business Development & IT Manager in Canada. UMC family, Native of Maharashtra, settled in Canada. Looking for a Suitable Partner. **ChavaraMatrimony ID: CM1249780. Ph. +1 73273 77817**

**Chavara Family Welfare Centre**
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു
H.O Chavara Cultural Centre, Kochi
99617 44444 | 0484 40 80 333 | 1800 103 4080

32 Branches in Kerala, Bangalore, Chennai, Mumbai, Delhi & USA

1000, Woodbridge Center Drive, Woodbridge, New Jersey, NJ 07095, USA
**NEW JERSEY, USA: +1 732 737 7817**
Call us — Ms. Simmy Elizabeth, USA Coordinator **+91 93499 10776**

Scan QR Code to Register Your Profile

# അഴിമതിയുടെ കൂമ്പാരമേഘങ്ങൾക്ക് താഴെ വിറച്ചും വിറങ്ങലിച്ചും

കേരളാ വിൻഡോ



ആന്റണി ചടയംമുറി



സി.പി.എമ്മിൽ രണ്ടാംനിര നേതാക്കളുടെ മണ്ണിടിച്ചിൽ ഭീഷണിയിൽ വിറങ്ങലിച്ച് പിണറായിയും ഗോവിന്ദനും. പാർട്ടിയുടെ 'റെഡ്ഫോർട്ടാ'യി അറിയപ്പെടുന്ന കണ്ണൂർ ജില്ലയിൽ അണികളുടെ കൂമ്പാരമേഘക്കസർത്ത്. പാർട്ടിയിലെ ഈ കൂട്ടപ്പൊരിച്ചിൽ മൂലം കൈകാലിട്ടടിക്കുന്ന ഒന്നാംനിര നേതാക്കളിൽ പലരും എപ്പോൾ വേണമെങ്കിലും പിണറായി-ഗോവിന്ദ ദ്വയങ്ങളെ കൈവിടുമെന്ന രീതിയിലാണ് കാര്യങ്ങൾ.

നിയമസഭയിൽ പ്രതിപക്ഷ നേതാവെന്ന നിലയിൽ പിണറായി ലോക തോൽവിയാണെന്നു നേതാക്കൾ മാത്രമല്ല അണികളും പറഞ്ഞുതുടങ്ങി. എല്ലാം 'വലതുപക്ഷ മാധ്യമങ്ങളുടെ പ്രചാരവേല' യെന്ന പിണറായിയുടെ നിയമസഭയിലെ ന്യായീകരണത്തിനു പിന്നാലെയാണ് കണ്ണൂർ ടി.വി. ചാനലിൽ എം.വി.ജയരാജന്റെ പ്രത്യേക അഭിമുഖം സംപ്രേഷണം ചെയ്തത്. പയ്യന്നൂരിലും തളിപ്പറമ്പിലും സ്ഥാനാർത്ഥി നിർണ്ണയത്തിൽ പാളിച്ച പറ്റിയെന്ന് പാർട്ടിയുടെ കണ്ണൂർ മുൻ ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ ഈ അഭിമുഖത്തിൽ ഏറ്റുപറഞ്ഞു.

ഇതോടൊപ്പം വിമതരായി പയ്യന്നൂരിൽ ജയിച്ച കെ.കുഞ്ഞിക്കൃഷ്ണനും തളിപ്പറമ്പിൽ ജയിച്ച ടി.കെ. ഗോവിന്ദനും തെറ്റ് തിരുത്തി പാർട്ടിയിലേക്ക് മടങ്ങിവരാമെന്ന ഓഫർ കൂടി ജയരാജൻ മുന്നോട്ടുവയ്ക്കുകയുണ്ടായി. ജയരാജന്റെ അഭിമുഖത്തിനു തൊട്ടു പിന്നാലെ പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ ചന്തി പൊള്ളിചാടിയെഴുന്നേറ്റ് മാധ്യമങ്ങൾക്ക് മുന്നിലെത്തി ജയരാജനെ തള്ളിപ്പറഞ്ഞു.

ഏതോപ്രാദേശിക ചാനലിൽ പറഞ്ഞതിനു മറുപടി പറയേണ്ട കാര്യം "എനക്കില്ലെങ്കിലും" ജയരാജന്റെ നിലപാടല്ല പാർട്ടിയുടെ ഔദ്യോഗിക നിലപാടെന്ന് ഗോവിന്ദൻ വെട്ടിത്തുറന്നു പറഞ്ഞു. 'വർഗവഞ്ചകർ' എന്ന സൂപ്പർലേറ്റീവ് ഡിഗ്രിയിൽ തന്നെയാണ് ഇപ്പോഴും വിമതരായി ജയിച്ച സുധാകരനും കുഞ്ഞിക്കൃഷ്ണനും ഗോവിന്ദനുമെന്നായിരുന്നു പാർട്ടി സെക്രട്ടറി മാധ്യമങ്ങളെ അറിയിച്ചത്.

## സൈദ്ധാന്തികനല്ല, പൊട്ടൻ!

"നിങ്ങൾ മാധ്യമങ്ങളാണ് ഗോവിന്ദനെ വലിയ സൈദ്ധാന്തികനാക്കുന്നത്. വെറും പൊട്ടനാണ് പാർട്ടി സെക്രട്ടറിയായ ഗോവിന്ദൻ. എം.വി.ജയരാജൻ ചാനൽ അഭിമുഖത്തിൽ എന്റെ പേര് പറയാതിരുന്നിട്ടും, എം.വി.ഗോവിന്ദൻ എന്റെ പേര് കൂടി മാധ്യമങ്ങൾക്കു മുമ്പിൽ ഉൾപ്പെടുത്തിയത് എന്തിനെന്ന് അറിയില്ല. ജയരാജൻ എന്റെ പേര് പറയുകയുണ്ടായില്ല. എന്നെ പാർട്ടി പുറത്താക്കിയതല്ല, ഞാൻ അംഗത്വം പുതുക്കാതെ പാർട്ടിവിട്ടു പോരുകയല്ലേ ചെയ്തത്? 'വർഗം' എന്താണെന്ന് അറിയാത്ത ഗോവിന്ദനാണ് ഞാനടക്കമുള്ളവരെ വർഗവഞ്ചകനെന്നു വിശേഷിപ്പിക്കുന്നത്! ഗോവിന്ദനെ ആ കേസരയിൽ നിന്ന് ചവിട്ടിപ്പുറത്താക്കണമെന്നാണ് എന്റെ അഭിപ്രായം." ഈ വാക്കുകളത്രയും ജി.സുധാകരന്റേതാണ്. സ്വന്തം സഹോദരൻ രക്തസാക്ഷിയായി മാറിയ കേസ് വാദിക്കാൻ പറമ്പിലെ പുളിമരം വെട്ടി വിറ്റ കുടുംബമാണ് സുധാകരന്റേത്. ഇത്തരം നേതാക്കളെ വർഗവഞ്ചകനെന്നെല്ലാം വിളിക്കുന്ന ഗോവിന്ദന് സാമാന്യ രാഷ്ട്രീയബോധം പോലുമില്ലേ?

ചില നേതാക്കളും അണികളും തനിക്ക് എതിരെ തിരിയാൻ പോകുന്നുവെന്ന ചിന്തയിലാണ് പിണറായി സ്വയരക്ഷയ്ക്കായി ഗോവിന്ദനെ കൂട്ടുപിടിച്ചത്. തളിപ്പറമ്പിൽ ജയിച്ച വിമത എം.എൽ.എ. ടി.കെ.ഗോവിന്ദൻ പിണറായിയുടെ അടുത്ത ബന്ധുവാണ്. ഏതായാലും പിണറായിയെ ചുറ്റുമുള്ള 'കോക്കസ്' കുഴിയിൽ ചാടിച്ചതാണെന്നാണ് ടി.കെ.ജി.യും മറ്റും വിശ്വസിക്കുന്നത്. ഈ ചതിയൻ ചന്തുമാരുടെ കൂട്ടത്തിൽ ഒന്നാമനാണ് പിണറായിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന പി.ശശിയെന്നും അവർ കരുതുന്നു.

എങ്ങനെയും പിണറായിയിൽ നിന്ന് ഗോവിന്ദനെ വേർപെടുത്തി 'ശത്രുസംഹാരം' നടത്താമെന്ന് ഒരിക്കൽ കണ്ണൂരിലെ വിമതർ ചിന്തിച്ചിരുന്നു. എന്നാൽ പാർട്ടിയിലെ ഇണപിരിയാത്ത സയാമീസ് ഇരട്ടകളാണിപ്പോൾ പിണറായിയും ഗോവിന്ദനും. പിണറായി ദേശീയ സെക്രട്ടറിയായി അവരോധിച്ച എം.എ. ബേബി പോലും ഇപ്പോൾ ഇരുവർക്കുമെതിരെ തിരിഞ്ഞുകഴിഞ്ഞു. 'ഇ.എം.സിന്റെ ലോക'മെന്ന ടൈറ്റിലിൽ നടത്തിവന്ന സെമിനാറുകളിലെല്ലാം തന്നെ വാക്കുകൾ കൊണ്ട് പരോക്ഷമായി സ്വരാജും ബേബിയുമെല്ലാം അരങ്ങിലെത്തിച്ചത് 'പിണറായി ഗോവിന്ദൻ വധം' ബാലെയാണ്.

## സഖാവേ, പിന്നെയും പിന്നെയും 'പണി' യോ

പിണറായി സർക്കാർ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്തുവെന്ന് സി.പി.ഐ.ക്കാരനായ അഡ്വ.ജയശങ്കർ പോലും ഇപ്പോഴും നവ മാധ്യമങ്ങളിൽ തള്ളുന്നുണ്ട്. എന്നാൽ ഓരോ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കുമ്പോഴും അതിന്റെ പിന്നിലെ അഴിമതിയുടെ അറ്റത്ത് ഒന്നും രണ്ടും പിണറായി സർക്കാരിന്റെ കരിങ്കോലങ്ങൾ കാണാൻ കഴിയുന്നുണ്ട്.

ഈയിടെ വയനാട്ടിലെ മെഡിക്കൽ കോളജിൽ മിന്നൽ സന്ദർശനത്തിനെത്തിയ ആരോഗ്യ വകുപ്പു മന്ത്രി കെ.മുരളീധരൻ സ്ഥിരമായി അടച്ചിട്ടിരുന്ന ചില മുറികൾ തുറന്നു കാണണമെന്ന് ശഠിച്ചു. 20 കോടിയോളം രൂപ വില വരുന്ന വില കൂടിയ സ്കാനറുകളും മറ്റും 'പെട്ടി പൊട്ടിക്കാത്ത' അവസ്ഥയിൽ ആ മുറികളിൽ സൂക്ഷിച്ചിരിക്കുകയാണ്! സർക്കാർ ആശുപത്രികളിൽ ഇല്ലാത്ത സൗകര്യം പുറത്തുള്ള സ്വകാര്യ ലാബുകളേ ലഭിക്കൂ. ഈ 'സ്വകാര്യ' ലാബുകൾ മിക്കവാറും ഏതെങ്കിലും പാർട്ടി അനുഭാവിയുടേതോ യൂണിയൻ നേതാക്കളുടെ ബന്ധുക്കളുടെയോ പേരിലാവാം. ആരോഗ്യവകുപ്പ് മന്ത്രിമാരായ ശൈലജ ടീച്ചറിനെയും വീണാ ജോർജ്ജിനെയുമെല്ലാം പ്രതിക്കൂട്ടിലാകാൻ സാധ്യതയുള്ള കണ്ടെത്തലുകൾ ഈ മുറികളിൽ നിന്ന് മന്ത്രിക്ക് ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. കോവിഡ് പർച്ചേയ്സുകളിലും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയതിലും അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ക്രമപ്രകാരമല്ലാത്ത ഇടപെടലുകൾ ഉണ്ടായതായി മുരളീധരൻ സൂചന നൽകിക്കഴിഞ്ഞു.

കണ്ണൂർ വിമാനത്താവളമെന്ന 'വിചിത്ര ശിശു'വും നികുതിപ്പണം കൊള്ളയടിച്ചതിൽ സാരമായ പങ്ക് വഹിച്ചിട്ടുണ്ട്. രേഖകളിൽ കണ്ണൂർ വിമാനത്താവളം സർക്കാർ സ്ഥാപനമാണ്. 87 കോടിയോളം രൂപ സർക്കാർ ഈ വിമാനത്താവള നടത്തിപ്പിനുവേണ്ടി നൽകിയെങ്കിലും ഈ സ്ഥാപനത്തിന്റെ ഓഡിറ്റ് ചെയ്യാൻ വിമാനത്താവള അധികൃതർ സന്നദ്ധരല്ല. കണ്ണൂർ വിമാനത്താവള സൊസൈറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്. പിണറായി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വിമാനത്താവളവുമായി ബന്ധപ്പെട്ട അഴിമതികളെക്കുറിച്ച് അന്വേഷിക്കാനുള്ള ഒരുക്കത്തിലാണ് പുതിയ സർക്കാർ.

## കണ്ണൂരിലെ 'ദിവ്യ'യും വിഴിഞ്ഞത്തെ 'ദിവ്യ'യും

മുൻമന്ത്രി ജി.കാർത്തികേയന്റെ മരുമകളും നേമത്ത് തോറ്റ കെ.എസ്.ശബരീനാഥിന്റെ ഭാര്യയുമായ ദിവ്യ എസ്. അയ്യർ പിണറായിയുടെ മാത്രമല്ല, മുൻ മുഖ്യന്റെ സെക്രട്ടറിയായ കെ.കെ.രഗേഷിന്റെയും പ്രധാന 'ആളാ' യിരുന്നു. അദാനി വിഴിഞ്ഞത്തെ ഓഹരികൾ എം.എൻ.സി.ക്ക് വിൽക്കാൻ പോകുന്ന കാര്യം പിണറായിക്കും ദിവ്യയ്ക്കുമറിയാമായിരുന്നു. ഈകരാർ സംബന്ധിച്ച വാർത്ത പാർട്ടി പത്രത്തിൽ 2026 ജൂൺ 5ന് പ്രസിദ്ധീകരിച്ചിരുന്നു. ബുധനാഴ്ച വിഴിഞ്ഞം കരാറിന്റെ പേരിൽ തന്നെ അദാനി പക്ഷക്കാരനായി മുദ്ര കുത്താനുള്ള ദേശാഭിമാനി ലേഖകന്റെ തത്രപ്പാടിൽ മുഖ്യമന്ത്രി സതീശൻ ഈ 'കള്ളക്കളി' മാധ്യമങ്ങൾക്കു മുമ്പിൽ പൊളിച്ചു.

പുതിയ സർക്കാർ പോലും അറിയാത്ത കരാറിനെപ്പറ്റി ദേശാഭിമാനിക്ക് എങ്ങനെ വിവരം കിട്ടിയെന്ന ചോദ്യത്തിന് മറുപടി നൽകാൻ ദേശാഭിമാനി ലേഖകന് കഴിഞ്ഞില്ല. അദാനി വിഴിഞ്ഞം പദ്ധതി നടത്തിപ്പുകാർ മാത്രമാണെന്നും തുറമുഖത്തിന്റെ സമ്പൂർണ്ണ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിനാണെന്നും സതീശൻ പറഞ്ഞു. ഇതോടെ വിഴിഞ്ഞം തുറമുഖത്തിന്റെ ആഴങ്ങളിലും രണ്ടാം പിണറായി സർക്കാർ വക അഴിമതിയുടെ അസ്ഥികൂടങ്ങൾ കിടപ്പുണ്ടാവുമെന്ന സന്ദേഹത്തിലാണ് മാധ്യമങ്ങൾ.

## നുണകളുടെ തുരങ്കം തീർത്തവർ...

വയനാട്ടിലെ മണ്ണിടിച്ചിൽ പുതിയ ഭരണകൂടത്തിന്റെ തലയിൽ കെട്ടിയേൽപ്പിക്കാൻ സി.പി.എമ്മിന്റെ സൈബർ പോരാളികൾ നിരന്തരം ശ്രമിച്ചുവരികയാണ്. എത്രത്തോളം ഈ പ്രശ്നത്തിൽ യു.ഡി.എഫിനെ പ്രതിക്കൂട്ടിലാക്കാൻ വേണ്ടി ഇടതുപക്ഷം ശ്രമിച്ചുവോ, അതിന്റെ ഇരട്ടി ശക്തിയിലാണ് ഭരണപക്ഷം സഖാക്കളെ കുഴിയിൽ വീഴ്ത്തുന്നത്. പരിസ്ഥിതി സംബന്ധിച്ചും, അവിടെ വസിക്കുന്നവരെ സംബന്ധിച്ചുമുള്ള നുണകൾ കേന്ദ്രത്തിനു മുമ്പിലും സുപ്രീം കോടതിക്കു മുമ്പിലും ഇടതു സർക്കാർ അവതരിപ്പിച്ചുവെന്നത് ഇപ്പോൾ വാർത്തയായിക്കഴിഞ്ഞു.

അപകടമുണ്ടായ പ്രദേശം 2018ൽ ഉരുൾ പൊട്ടലുണ്ടായ പുത്തുമലയിൽ നിന്ന് വെറും 800 മീറ്റർ മാത്രം അകലെയാണ്. 5 കിലോമീറ്റർ ചുറ്റളവിലുള്ള പരിസ്ഥിതി ദുർബല മേഖലയ്ക്കുള്ളിലാണ് കള്ളാടിയും. 2022 മേയിൽ ഈ പ്രദേശം പരിസ്ഥിതി ലോല പട്ടികയിൽ പെടില്ലെന്ന് ഇടതു സർക്കാർ കേന്ദ്രത്തിന് എഴുതി നൽകിയതാണ്. ഇരട്ട തുരങ്കപ്പാതയുടെ മുമ്പിലെ 60 മീറ്റർ വ്യാസമുള്ള ഭാഗത്തുനിന്നാണ് ഇപ്പോൾ മണ്ണെടുത്തിട്ടുള്ളത്. തുരങ്കപ്പാത നിർമ്മിക്കുന്ന ദേശത്തെ മുകൾപ്പരപ്പിൽ 32 ആദിവാസി ഊരുകളുണ്ട്. 1960 മുതൽ ഈ പ്രദേശം പൂർണ്ണമായും 'പരിസ്ഥിതിലോല' മെന്ന് ജിയോളജി വകുപ്പ് രേഖാമൂലം സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ് ഈ സ്ഥലം. അന്നത്തെ മുഖ്യമന്ത്രിയും പി.ഡ.ബ്ലി.യു.ഡി. മന്ത്രിയും ചേർന്ന് 'പച്ച നുണ' പറഞ്ഞാണ് കേന്ദ്രസർക്കാരിൽ നിന്ന് തുരങ്ക നിർമ്മാണത്തിനുള്ള അനുമതി നേടിയത്.

ഇരട്ടതുരങ്കപ്പാത നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ 60 ഇന ഉപാധികൾ മുന്നോട്ടുവച്ചിരുന്നു. ഇതൊന്നും പാലിച്ചില്ലെന്നത് പിണറായി സർക്കാരിന്റെ വീഴ്ചയാണ്. ഏതായാലും കേന്ദ്ര സർക്കാരിന്റെ മുമ്പിലും സുപ്രീംകോടതിക്കു മുമ്പിലും വസ്തുതകൾ മറച്ചുവെച്ച കാര്യവും ഇപ്പോൾ യു.ഡി.എഫ്. സർക്കാർ അന്വേഷിക്കുവാൻ ഒരുങ്ങുകയാണ്. വിശദമായ പഠനങ്ങൾക്ക് ശേഷമേ തുരങ്കപ്പാത നിർമ്മാണം പുനരാരംഭിക്കുകയുള്ളുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു.

നവോത്ഥന നായകൻ, വികസന നായകൻ, ഇരട്ട ചങ്കൻ തുടങ്ങിയ കോമള പദാവലികൾ കൊണ്ടുള്ള കിരീടങ്ങൾ ഓരോന്നായി കളർ പോയി വികൃതമാകുമ്പോൾ, സി.പി.എമ്മിനെ ഇപ്പോഴും നെഞ്ചേറ്റുന്ന സഖാക്കൾ അമ്പരന്നു നിൽക്കുന്നു. എവിടെ അഴിമതിയുണ്ടോ, അവിടെ ഞങ്ങളുടെ സഖാക്കളുണ്ടെന്ന മട്ടിൽ കാര്യങ്ങൾ കൈവിട്ടുപോകുന്നതു നോക്കി വണ്ടറടിച്ച് നിൽക്കുകയാണ് ഇടതുപക്ഷ ചിന്താഗതി ഇനിയും കൈമോശം വരാത്ത എല്ലാവരും തന്നെ'.





# പിടിച്ചതിലും വലുത് അളയിൽ..!

## ഡൽഹി ഡെർബാർ

അയോധ്യയിലെ രാമക്ഷേത്രത്തിലെ സംഭാവനക്കൊള്ളയെക്കുറിച്ച് പറയും മുമ്പ് 1980കളിലേക്കൊന്ന് കണ്ണോടിക്കാം. ആക്കാലത്ത് വിശ്വഹിന്ദു പരിഷത്ത് രാജ്യത്തെമ്പാടുമുള്ള വിശ്വാസികളോട് ആവശ്യപ്പെട്ടത്, നിങ്ങളുടെ ഏറ്റവും കുറഞ്ഞ സംഭാവന ഒന്നേകാൽ രൂപയും ഒരു ചുടുകട്ടയുമായിരുന്നു. അങ്ങിനെ കോടിക്കണക്കിന് ഭക്തരുടെ അചഞ്ചലമായ ഭക്തിയുടെയും കഠിനാധ്വാനത്തിന്റെയും ഫലമായാണ് അയോധ്യയിൽ രാമക്ഷേത്രം ഉയർന്നുവന്നു..!

തുടർന്ന് പതിനായിരിക്കണക്കായ വിശ്വാസികൾ ദർശനത്തിനെത്താനും തുടങ്ങി. എന്നാൽ അയോധ്യ ക്ഷേത്രം തുറന്നു മൂന്നു സംവത്സരം പിന്നിടുന്നതിനു മുമ്പേ കോടിക്കണക്കിന് പണത്തിന്റെ വെട്ടിപ്പും തട്ടിപ്പുമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സംഘപരിവാർ മാത്രമല്ല, ഇന്നത്തെ ഭരണകൂടത്തിനുപോലും അവമതിപ്പുണ്ടാക്കുന്ന വിശ്വാസവഞ്ചനയുടെ കഥകൾ ഒന്നിനു പിറകെ മറ്റൊന്നായി വന്നുകൊണ്ടിരിക്കുന്നു.




1980ലാണ് ആർ.എസ്.എസ് രാമജന്മഭൂമിപ്രക്ഷോഭത്തിന്റെ ചുക്കാൻ വി.എച്ച്.പിയെ ഏൽപ്പിക്കുന്നത്. ഈ വിഷയത്തിന്റെ വൈകാരീക വശം നന്നായി മനസിലാക്കി രാഷ്ട്രീയ മൂലലാഭം കൊയ്യാൻ ഭാരതീയ ജനതാ പാർട്ടി രാമജന്മഭൂമി പ്രക്ഷോഭത്തിന്റെ മുൻനിരയിലേക്ക് ഇടിച്ചു കയറുകയായിരുന്നു. 1989ൽ ഹിമാചലിലെ പാലംപൂരിൽ തല്ലിപ്പിടച്ച് പ്രമേയും എങ്ങിനേയും പാസാക്കിയെടുത്തുള്ള ആ വരവിന്റെ വേഗത ആരേയും അമ്പരപ്പിക്കുന്ന തരത്തിലായിരുന്നല്ലോ..! 1990ൽ എൽ.കെ. അദ്ധ്വാനിയുടെ രഥയാത്ര ബീഹാറിലെ സംമസ്തപ്പൂരിൽ എത്തിയതോടെ അദ്ധ്വാനി അറസ്റ്റിലാകുന്നു. അതോടെ വി.പി. സിങ്ങ് മന്ത്രിസഭയക്ക് പുറത്തുനിന്നു നൽകിയിരുന്ന പിന്തുണ ബി.ജെ.പി പിൻവലിക്കുന്നു. മണ്ഡൽ രാഷ്ട്രീയത്തെ അയോദ്ധ്യപ്രക്ഷോഭത്തിലൂടെ മറികടക്കാമെന്നു ബി.ജെ.പി കരുതുകയും ചെയ്തു.

പാർലമെന്റിൽ രാമഭക്തരെക്കൊണ്ട് നിറയ്ക്കണമെന്നായിരുന്നു 1991ലെ തിരഞ്ഞെടുപ്പുകാലത്തെ ബി.ജെ.പിയുടേയും ആർ.എസ്.എസിന്റെയും മുദ്യാവാക്യം തന്നെ. 1984ൽ കേവലം രണ്ട് ലോക്സഭാസിറ്റിൽ തുടങ്ങി 1989ൽ 85 സീറ്റും 1991ൽ 120 സീറ്റ് എന്ന തലത്തിലേക്ക്ക്കും ബലത്തിലേക്കും ബി.ജെ.പി ഉയർന്നു. പല സംസ്ഥാനങ്ങളിലും ബി.ജെ.പി ഭരണം പിടിച്ചെടുക്കുകയും ചെയ്തു. ഇപ്പോഴത് ജനാധിപത്യത്തെ ചോദ്യം ചെയ്യുന്ന തരത്തിൽ അല്ലെങ്കിൽ ജനാധിപത്യത്തെ വെറും നോക്കുകുത്തി ആക്കിക്കൊണ്ട് പണത്തിന്റെ ബലത്തിൽ എം.എൽ.എ മാരേയും എം.പിമാരേയും കൂട്ടത്തോടെ വാങ്ങിയെടുക്കുന്ന വിചിത്രമായ കലാപരിപാടിയിൽ എത്തിനിൽക്കന്നു.

രസകരമായ ഒരു വസ്തുത അയോദ്ധ്യയിൽ അമ്പലവാസികളായ പ്രബലന്മാർ അവിടെ കൈയിട്ടുവാരലും കളവും നടത്തുകയാണെന്നു സാധാരണക്കാരായ ജനത്തിന് നന്നായി മനസിലായി. അതിനവർ പ്രതികരിച്ചത് ഇതിനെല്ലാം സപ്പോർട്ടു നൽകുന്ന ബി.ജെ.പിയെ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ അയോദ്ധ്യ ഉൾപ്പെടെ ഉള്ള മണ്ഡലങ്ങളിൽ അമ്പേ പരാജയപ്പെടുത്തി. അയോദ്ധ്യയിൽ ഈ ക്ഷേത്രം ഇത്രമനോഹരമായി ഉണ്ടാക്കിയെടുത്തത് പ്രധാനമന്ത്രി നരേന്ദ്രമോദിയാണെന്നു തുടരെതുടരെ പ്രചരിപ്പിച്ചു. എന്നിട്ടും ബി.ജെ.പി തോറ്റമ്പിയത് അവിടെയുള്ള ജനതയുടെ പ്രതികാരമായിരുന്നു.

ഒരു ട്രസ്റ്റാണിതിന്റെ ഭരണച്ചുമതല നിർവഹിക്കുന്നത് എന്നു പറയുമ്പോഴും വി.എച്ച്.പിക്കായിരുന്നു ക്ഷേത്രനടത്തിപ്പിന്റെ നിയന്ത്രണം എന്നറിയാത്തവരാരുമില്ല. അങ്ങിനെ ഒരു ക്ഷേത്രനടത്തിപ്പും സംവിധാനവും കേന്ദ്രം ഭരിക്കുന്ന സർക്കാർ അനുവദിച്ചതിന്റെ പിന്നിലെ ഗുട്ടൻസ് ഇപ്പോൾ എല്ലാവർക്കും മനസിലായിരിക്കുന്നു. അയോദ്ധ്യാ ക്ഷേത്രത്തിലെ പണം എണ്ണുന്ന കേന്ദ്രത്തിൽ നിന്ന് ജീവനക്കാർ നോട്ടുകളും നാണയങ്ങളും വസ്ത്രങ്ങളിലും കാലുറകളിലും ഒളിപ്പിച്ച് കടത്തുന്നതിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ പുറത്തുവന്നതോടെയാണ് ഈ പെരും തട്ടിപ്പ് പുറംലോകം അറിയുന്നത്.

പണം എണ്ണുന്നതിനിടയിൽ പ്രതികൾ നോട്ടുകെട്ടുകളും മറ്റും ഉടുതുണിയിലും ചാക്കുകളിലും ഒളിപ്പിച്ച് കടത്തുകയായിരുന്നു സ്ഥിരം പതിവ്. ഈ കേസുമായി ബന്ധപ്പെട്ട് എട്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു. പ്രതികളിൽ അവിനാശ് ശുക്ല, കരുണേഷ് പാണ്ഡെ തുടങ്ങിയവരുടെ വീടുകളിൽ നടത്തിയ പരിശോധനയിൽ ലക്ഷക്കണക്കിന് രൂപയും അനധികൃത സ്വത്തുക്കളും പോലീസ് പിടിച്ചെടുത്തു.

തട്ടിപ്പ് പുറത്തുവന്നതിനെ തുടർന്ന് ട്രസ്റ്റ് സുരക്ഷ ശക്തമാക്കുകയും, പണം എണ്ണുന്ന ജീവനക്കാർക്ക് കീശകളില്ലാത്ത പ്രത്യേക യൂണിഫോം തയിച്ചുകൊടുത്ത് പ്രശ്നം ലഘൂകരിക്കാനും ശ്രമം നടത്തിയിരുന്നു.

ഇതിനിടെ അയോദ്ധ്യ രാമക്ഷേത്രത്തിലെ സംഭാവനപ്പെട്ടികളിൽ നിന്ന് മോഷ്ടിച്ച പണമുപയോഗിച്ച് കുടുംബാംഗങ്ങൾക്കും കാമുകിക്കും സുഹൃത്തുക്കൾക്കും ആഢംബര വസ്തുക്കൾ വാങ്ങിനൽകിയതായി പ്രതി തന്നെപറയുന്നു. മോഷ്ടിച്ച പണമുപയോഗിച്ച് അവിനാഷ് സഹോദരന്റെ ആഡംബര വിവാഹവും നടത്തി. വിവാഹത്തിനായി ഏകദേശം ആറ് ലക്ഷം രൂപയാണ് ചെലവഴിച്ചത്. മറ്റൊരു സഹോദരന് ആറ് ലക്ഷം രൂപയും നൽകി.

കൂടാതെ പ്രതി കാമുകിക്ക് ഒരു ഐഫോൺ സമ്മാനമായി കൊടുക്കുകയും 2.5 ലക്ഷം രൂപ തന്ത്രപരമായി കൈമാറുകയും ചെയ്തുകളഞ്ഞു. കലികാലം എന്നല്ലാതെന്തുപറയാൻ..!

ശ്രീ രാമജന്മഭൂമി തീർഥ ക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ്, ട്രസ്റ്റ് അംഗമായ അനിൽ മിശ്രയ്ക്ക് ഭരണകാര്യങ്ങളിൽ ‘ പരമാധികാരം’ നൽകിയിരുന്നുവെന്ന് അന്വേഷണത്തിൽ വ്യക്തമായി. അപ്പോൾ കള്ളൻ കപ്പലിൽ തന്നെയന്നു പറഞ്ഞ് കാര്യങ്ങളുടെ ഗൗരവും കുറക്കരുതെന്നെ പറയാനുള്ളു.

***എമ എൽസ എൽവിൻ***



# 'ലോകകപ്പ് റൊണാൾഡോയെ മിസ്സ് ചെയ്യും, റൊണാൾഡോ ലോകകപ്പിനെയും'; സ്ലാറ്റൻ ഇബ്രാഹിമോവിച്ച്



ലോകകപ്പ് ഫുട്ബോൾ ചരിത്രത്തിൽ ഇനി ക്രിസ്റ്റ്യാനോ റൊണാൾഡോ ഉണ്ടാകില്ലെന്ന യാഥാർത്ഥ്യത്തോട് പ്രതികരിച്ച് മുൻ സ്വീഡിഷ് ഇതിഹാസ താരം സ്ലാറ്റൻ ഇബ്രാഹിമോവിച്ച്. ഫിഫ ലോകകപ്പിന് ഇനി റൊണാൾഡോയെയും, റൊണാൾഡോയ്ക്ക് ലോകകപ്പിനെയും പരസ്പരം നഷ്ടമാകുമെന്ന് സ്ലാറ്റൻ പറഞ്ഞു.

ലോകകപ്പ് നേടുക എന്നത് ലോകത്തിലെ ഏറ്റവും പ്രയാസമേറിയ കാര്യമാണെന്നും, പങ്കെടുത്ത എല്ലാ ടൂർണമെന്റുകളിലും കിരീടം മാത്രം ലക്ഷ്യമിട്ട് ഇറങ്ങിയ ഒരു കളിക്കാരന് അത് നേടാനാകാതെ പോകുന്നത് ഹൃദയഭേദകമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഫൊക്സ് സ്പോർട്സിനോട് സംസാരിക്കുകയായിരുന്നു സ്ലാറ്റൻ. 'അദ്ദേഹം ഫുട്ബോളിനായി ചെയ്ത എല്ലാ കാര്യങ്ങളോടും ഞാൻ പൂർണ്ണമായി ബഹുമാനിക്കുന്നു. ലോകകപ്പിന് അദ്ദേഹത്തെയും അദ്ദേഹത്തിന് ലോകകപ്പിനെയും തീർച്ചയായും നഷ്ടമാകും. ലോകകപ്പ് നേടാനാണ് അദ്ദേഹം പരമാവധി ശ്രമിച്ചത്. എന്നാൽ ജയിക്കുക എന്നത് ഏറ്റവും പ്രയാസമേറിയ കാര്യമാണ്. ചെയ്യുന്ന എല്ലാ കാര്യങ്ങളിലും വിജയിക്കുക എന്നതാണ് അദ്ദേഹത്തിന്റെ മാനസികാവസ്ഥ. എന്തായാലും ലോകം അദ്ദേഹത്തെ മിസ്സ് ചെയ്യും. എന്നാൽ താൻ ദേശീയ ടീമിൽ നിന്ന് വിരമിച്ചതായി അദ്ദേഹം പറഞ്ഞിട്ടില്ല,' സ്ലാറ്റൻ ഇബ്രാഹിമോവിച്ച് വ്യക്തമാക്കി.

# ഇംഗ്ലണ്ടിനെതിരെ സഞ്ജു കളിക്കും? സൂചന നൽകി ഗംഭീർ



ഇംഗ്ലണ്ടിനെതിരായ മൂന്നാം ടി20 മത്സരത്തിൽ 125 റൺസിന്റെ നാണംകെട്ട തോൽവി ഏറ്റുവാങ്ങിയതിന് പിന്നാലെ ഇന്ത്യൻ ക്രിക്കറ്റിൽ സെലക്ഷൻ വിവാദം കത്തുന്നു. ടി20 ചരിത്രത്തിൽ റൺസ് അടിസ്ഥാനത്തിൽ ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ തോൽവിയാണിത്. മത്സരത്തിൽ ഇംഗ്ലണ്ട് ഉയർത്തിയ 202 റൺസ് പിൻതുടർന്ന ഇന്ത്യ വെറും 76 റൺസിന് തകർന്നടിയുകയായിരുന്നു.ഇതോടെ അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഹാരി ബ്രൂക്കിന്റെ ഇംഗ്ലണ്ട് 2-0 ന് മുന്നിലെത്തി. ശ്രേയസ് അയ്യരുടെ ക്യാപ്റ്റൻസിക്ക് കീഴിൽ കളിച്ച അഞ്ച് മത്സരങ്ങളിൽ നാലിലും തോറ്റ ഇന്ത്യ, പരിശീലകൻ ഗൗതം ഗംഭീറിന് കീഴിൽ കടുത്ത പ്രതിസന്ധിയിലാണ്.എന്നാൽ ഈ കളിയിലെ തോൽവിയേക്കാൾ വലിയ ചർച്ചയാകുന്നത് മലയാളി താരം സഞ്ജു സാംസണെ പ്ലേയിങ് ഇലവനിൽ നിന്ന് തുടർച്ചയായി ഒഴിവാക്കുന്നതാണ്. ഇന്ത്യ ടി20 ലോകകപ്പ് കിരീടം നിലനിർത്തിയപ്പോൾ ടൂർണമെന്റിലെ മികച്ച താരമായി തെരഞ്ഞെടുക്കപ്പെട്ടത് സഞ്ജു ആയിരുന്നു. എന്നിട്ടും ഗംഭീർ-ശ്രേയസ് സഖ്യം സഞ്ജുവിന് എന്തുകൊണ്ട് അവസരം നൽകുന്നില്ല എന്ന ചോദ്യം ആരാധകരും മുൻ താരങ്ങളും ഉന്നയിച്ചു കഴിഞ്ഞു.സഞ്ജു സാംസണെ പ്ലേയിങ് ഇലവനിൽ നിന്ന് ഒഴിവാക്കിയതിനെക്കുറിച്ച് കോച്ച് ഗൗതം ഗംഭീർ മറുപടി നൽകി. സഞ്ജുവിനെ ടീമിന്റെ പ്ലാനുകളിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കിയിട്ടില്ലെന്ന് ഗംഭീർ വ്യക്തമാക്കി.'സഞ്ജു സാംസണ് ടീമിലെ തന്റെ സ്ഥാനത്തെക്കുറിച്ച് ആവശ്യമായിരുന്ന വ്യക്തത എന്റെ ഭാഗത്തുനിന്ന് നൽകിയിട്ടുണ്ട്. അത് കോച്ചും കളിക്കാരനും തമ്മിൽ മാത്രം നടക്കേണ്ട സ്വകാര്യ സംഭാഷണമാണ്, അത് പുറത്തുപറയാൻ കഴിയില്ല.ഈ പരമ്പരയിൽ സഞ്ജുവിന് ഇനി തിരിച്ചുവരാൻ കഴിയില്ല എന്ന് ഒരിടത്തും എഴുതിവെച്ചിട്ടില്ല.' ടീം സെലക്ഷനിലെ തന്റെ കടുത്ത നിലപാട് ആവർത്തിച്ചുകൊണ്ട് ഗംഭീർ പറഞ്ഞു.

# 'ഈ ലോകകപ്പ് അർജന്റീനയ്ക്കായി ഫിക്സ് ചെയ്തത്'; ഒത്തുകളി ആരോപണം ഉന്നയിച്ച് ഈജിപ്ത് താരം മുസ്തഫ സിക്കോ



ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടറിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീനയോട് 3-2 ന് തോറ്റ് പുറത്തായതിന് പിന്നാലെ ഫുട്ബോൾ ലോകത്തെ പിടിച്ചുലയ്ക്കുന്ന ഗുരുതര ആരോപണങ്ങളുമായി ഈജിപ്ഷ്യൻ താരം മുസ്തഫ സിക്കോ . ഈ ലോകകപ്പ് ടൂർണമെന്റ് മുഴുവൻ മുൻകൂട്ടി നിശ്ചയിച്ചതാണെന്നും അർജന്റീനയ്ക്ക് വീണ്ടും കിരീടം നൽകാനായി റഫറിമാരെ ഉപയോഗിച്ച് ടൂർണമെന്റ് നിയന്ത്രിക്കുകയാണെന്നും സിക്കോ ആരോപിച്ചു. കളിക്ക് ശേഷം മാധ്യമങ്ങൾക്ക് മുന്നിൽ കണ്ണീരടക്കാനാവാതെയാണ് ഈജിപ്ത് താരം ഈ ഒത്തുകളി ആരോപണങ്ങൾ ഉന്നയിച്ചത്.മത്സരത്തിൽ 79-ാം മിനിറ്റ് വരെ അർജന്റീനയ്ക്കെതിരെ ഈജിപ്ത് 2-0 ന് മുന്നിലായിരുന്നു. എന്നാൽ അവസാന നിമിഷങ്ങളിൽ റഫറിയുടെ വിവാദ തീരുമാനങ്ങളുടെ പിൻബലത്തിൽ അർജന്റീന മൂന്ന് ഗോളുകൾ തിരിച്ചടിച്ച് ജയിക്കുകയായിരുന്നു. മത്സരത്തിൽ ഈജിപ്തിനായി രണ്ടാമത്തെ ഗോൾ നേടുകയും, വാറിലൂടെ മറ്റൊരു ഗോൾ നിഷേധിക്കപ്പെടുകയും ചെയ്ത മുസ്തഫ സിക്കോ റഫറിയുടെ പക്ഷപാതിത്വപരമായ തീരുമാനങ്ങൾക്കെതിരെ കടുത്ത ഭാഷയിലാണ് പ്രതികരിച്ചത്.'റഫറി തികച്ചും ഏകപക്ഷീയമായാണ് പെരുമാറിയത്. ഇത് പകൽവെളിച്ചത്തിൽ നടന്ന വ്യക്തമായ അനീതിയാണ്. ഒരു രാജ്യത്തിന്റെ മുഴുവൻ അധ്വാനമാണ് ആ റഫറി ഒറ്റയടിക്ക് ഇല്ലാതാക്കിയത്. മത്സരത്തിന്റെ തുടക്കം മുതൽ അയാൾ ഞങ്ങൾക്ക് എതിരായിരുന്നു. ഈ ടൂർണമെന്റ് മുഴുവൻ മുൻകൂട്ടി എഴുതിയ തിരക്കഥയാണ്. ഞങ്ങൾക്ക് അല്ലാഹു മാത്രം മതി, അവനാണ് ഏറ്റവും മികച്ച സംരക്ഷകൻ. ഞാൻ ഈജിപ്ഷ്യൻ ആരാധകരോട് ക്ഷമ ചോദിക്കുന്നു. ഞങ്ങൾക്ക് അവരെ സന്തോഷിപ്പിക്കണം എന്നുണ്ടായിരുന്നു, പക്ഷേ സാധിച്ചില്ല'' സിക്കോ പറഞ്ഞു.

# പെനാൽറ്റി നഷ്ടമാക്കിയതിലെ നിരാശ തുറന്നുപറഞ്ഞ് മെസി 'ഞാൻ കാരണം ടീം തോൽക്കുമെന്ന് ഭയന്നു'



അറ്റ്ലാൻറ: ലോകകപ്പ് പ്രീ ക്വാർട്ടറിലെ ആവേശപ്പോരാട്ടത്തിൽ ഈജിപ്തിനെ 3-2 ന് തകർത്ത് അർജൻറീന ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചതിന് പിന്നാലെ മത്സരത്തിൽ പെനാൽറ്റി നഷ്ടമാക്കിയതിലെ നിരാശ തുറന്നു പറഞ്ഞ് അർജൻറീന നായകൻ ലയണൽ മെസി. മത്സരത്തിൻറെ ആദ്യ പകുതിയിൽ പെനൽറ്റി നഷ്ടപ്പെടുത്തിയത് തന്നെ കടുത്ത നിരാശയിലാഴ്ത്തിയെന്നും, ഒരു നിർണായക ഘട്ടത്തിൽ താൻ ടീമിനെ വഞ്ചിച്ചതായി തോന്നിയെന്നും മെസി തുറന്നുപറഞ്ഞു. എന്നാൽ കളി അവസാനിക്കാൻ മിനിറ്റുകൾ മാത്രം ബാക്കിനിൽക്കെ ദൈവം തനിക്കായി ഒരു പ്രത്യേക നിമിഷം മാറ്റിവെച്ചിട്ടുണ്ടായിരുന്നുവെന്ന് മത്സരശേഷം മെസി കൂട്ടിച്ചേർത്തു.മത്സരത്തിൻറെ 79-ാം മിനിറ്റ് വരെ 2-0 ന് പുറകിലായിരുന്ന അർജൻറീന, വെറും 13 മിനിറ്റുകളുടെ ഇടവേളയിലാണ് മൂന്ന് ഗോളുകൾ അടിച്ചുകൂട്ടി ലോകത്തെ ഞെട്ടിച്ച നാടകീയ തിരിച്ചുവരവ് നടത്തിയത്. സത്യം പറഞ്ഞാൽ ഇത് വലിയൊരു ആശ്വാസമാണ്, ഞങ്ങൾക്കെല്ലാവർക്കും. ആ പെനൽറ്റി നഷ്ടപ്പെടുത്തിയ രീതിയിൽ എനിക്ക് എന്നോട് തന്നെ കടുത്ത ദേഷ്യം തോന്നിയിരുന്നു.വളരെ നിർണായകമായ ഒരു നിമിഷത്തിൽ ഞാൻ എൻറെ സഹതാരങ്ങളെ വഞ്ചിച്ചുവെന്നാണ് എനിക്ക് തോന്നിയത്. ഞാൻ കാരണം ടീം തോൽക്കുമെന്ന് ഭയന്നു. എന്നാൽ ഭാഗ്യവശാൽ, ദൈവം എനിക്കായി മത്സരത്തിൻറെ അവസാനത്തിൽ ഒരു പ്രത്യേക സമ്മാനം കാത്തുവെച്ചിട്ടുണ്ടായിരുന്നു. എനിക്ക് സമനില ഗോൾ നേടാൻ കഴിഞ്ഞു.ഈ ടീം എപ്പോഴും പോരാടുന്നവരാണ്, അവർ ഒരിക്കലും കൈകൾ താഴെയിട്ടില്ല-മെസി പറഞ്ഞു.

# സെമി കാണാതെ മടങ്ങുമോ സി.പി.എം?




സ്വന്തം ഘടക കക്ഷിയും മുന്നണിയിലെ കൊച്ചനുജനുമായ സി.പി.ഐയുമായുള്ള മത്സരം ഒരു വശത്ത്. സ്വന്തം പാർട്ടിക്കുള്ളിൽ വിമത ജഴ്സി അണിഞ്ഞ് സെൽഫ് ഗോൾ അടിക്കാൻ വെമ്പുന്നവർ മറുവശത്ത്. ഫുട്ബോൾ മാമാങ്ക കാലത്ത് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പതനം വർണ്ണിക്കാൻ, ബ്രസീൽ ലോകകപ്പ് മത്സരത്തിൽനിന്ന് വിടവാങ്ങിയ പോലെ സി.പി.എം കേരള രാഷ്ട്രീയത്തിൽനിന്ന് വിടവാങ്ങുമെന്ന് പ്രവചിക്കുന്ന പി.കെ. ശശിമാർ.

തെരഞ്ഞെടുപ്പ് തോൽവിക്ക് ശേഷമുള്ള ഇടിമുഴക്കങ്ങൾ അവസാനിക്കുന്നില്ല. പാർട്ടിയെ വിമർശിക്കുന്ന പി.കെ. ശശി മുതൽ പാർട്ടിയെ വെട്ടിലാക്കുന്ന വെള്ളനാട് ശശിമാർ വരെ തലങ്ങും വിലങ്ങും പന്തടിക്കുമ്പോൾ നിലം തൊടാതെ ഓടുന്ന ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെയാണ് കേരള രാഷ്ട്രീയത്തിന്റെ ബിഗ് സ്ക്രീനിൽ ഇപ്പോൾ കാണുന്നത്.

സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദനെയും പി.കെ. ശശി ഉന്നമിട്ടു. 'ഒന്ന് തോറ്റാൽ തോൽവി അംഗീകരിക്കാൻ തയ്യാറാകേണ്ടേ. എന്നാലും ധിക്കാരം പോകുന്നില്ല' ശശിയുടെ വിമർശനം ഒറ്റപ്പെട്ടതല്ലെന്ന് സഖാക്കൾ പോലും കരുതുന്നു.

എം.വി. ഗോവിന്ദനെതിരായ ജി. സുധാകരന്റെ വിമർശനത്തിന് പിന്നാലെയാണ് പി.കെ. ശശിയുടെയും വിമർശനം. സി.പി.എം സംസ്ഥാന സെക്രട്ടറി സ്ഥാനത്ത് ഇരിക്കാൻ എം.വി. ഗോവിന്ദൻ യോഗ്യനല്ലെന്നും പാർട്ടിക്കെതിരെ പ്രവർത്തിക്കുന്നയാളാണ് അദ്ദേഹമെന്നുമായിരുന്നു ജി. സുധാകരന്റെ വിമർശനം. വർഗമോ വർഗവഞ്ചകനോ എന്താണെന്ന് ഗോവിന്ദന് അറിയില്ല. ഒന്നുകിൽ സംസ്ഥാന സെക്രട്ടറി സ്ഥാനം ഗോവിന്ദൻ ഒഴിയണം, അല്ലെങ്കിൽ പാർട്ടി പുറത്താക്കണം.

സ്വന്തം ജില്ലയായ കണ്ണൂരിലെ അഞ്ച് സീറ്റിൽ യു.ഡി.എഫ് വിജയിച്ചിട്ടും ഗോവിന്ദന് ഉളുപ്പോ വിഷമമോ ഇല്ലെന്നും ജി. സുധാകരൻ പറഞ്ഞു.

## അരികിൽ ഒരു കസേര

നന്നായി തോറ്റ ശേഷം തിരികെ നിയമസഭയിൽ പ്രതിപക്ഷ ബെഞ്ചിലേക്ക് എത്തിയ ഇടതുപക്ഷത്തിന് പ്രതിപക്ഷ നേതാവിന്റെ പദവിയിലേക്കും പിണറായി വിജയൻ അല്ലാതെ മറ്റൊരാളെ ചിന്തിക്കാൻ പോലും കഴിഞ്ഞില്ല. അപ്പോഴാണ് വല്യേട്ടനരികിൽ ഒരു ഉപനേതാവായി ഇരിക്കാൻ സി.പി.ഐ ആഗ്രഹം പ്രകടിപ്പിച്ചത്.

പ്രതിപക്ഷ നിര 35ലേക്ക് ചുരുങ്ങിയ അതേ അവസരത്തിൽ തന്നെയാണ് പ്രതിപക്ഷ ഉപനേതാവ് പദവി വേണമെന്ന ആവശ്യം സി.പി.ഐ ശക്തമാക്കിയത്. ഇക്കാര്യത്തിൽ പാർട്ടി മുന്നണി വേദികളിൽ പറയാതെ പരസ്യ പ്രതികരണം നടത്തിയ സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തിന്റെ നിലപാടിനോട് സി.പി.എം നേതൃത്വത്തിന് പ്രകടമായ നീരസവും ഉണ്ടായിരുന്നു.

അമ്മാതിരി ആഗ്രഹങ്ങളൊന്നും വേണ്ടെന്ന് പിണറായി കയ്യോടെ പറഞ്ഞു. അത്തരം ഒരു ശൈലി മുൻപ് ഉണ്ടായിട്ടില്ല. ഇപ്പോൾ അങ്ങനെ ആഗ്രഹിക്കേണ്ടതില്ല. പ്രതിപക്ഷ ഉപനേതാവ് കാര്യത്തിൽ പിണറായി വിജയൻ പറഞ്ഞത് സി.പി.എമ്മിന്റെ അഭിപ്രായമണോ അതോ സ്വന്തം തീരുമാനമാണോ എന്നായിരുന്നു സി.പി.ഐയുടെ മറുചോദ്യം. പ്രതികരണത്തിനെതിരെ സി.പി.ഐ പരസ്യമായി രംഗത്ത് വന്നു. പ്രതിപക്ഷ ഉപനേതാവ് പദവി വേണമെന്ന നിലപാടിൽ പിന്നോട്ടില്ലെന്ന് സി.പി.ഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി പി.പി. സുനീർ വ്യക്തമാക്കി. തെരഞ്ഞെടുപ്പിന് ശേഷം ഒരൊറ്റ തവണയാണ് ഇടതുമുന്നണി ചേർന്നത്. നിയമസഭാ കക്ഷിയോഗം പോലും ചേരാനാകാത്ത സ്ഥിതിയുമുണ്ട്. കൺവീനറുടെ അസൗകര്യമെന്നാണ് പിണറായി വിജയൻ വിശദീകരിച്ചത്.

ഇലക്ഷൻ റിസൾട്ട് വന്നു രണ്ടുമാസമായിട്ടും എൽ.ഡി.എഫ് നേതൃയോഗവും സി.പി.എമ്മിന്റെ പ്ലീനവും കൂടാത്തത് പിണറായിയെ മാറ്റണമെന്ന ചർച്ച അവിടെ ഉണ്ടാകും എന്നതുകൊണ്ടാണ് എന്ന് വിമർശിക്കുന്നവരും കുറവല്ല. ഗോവിന്ദൻ മാറില്ല; പിണറായി അത്ര കൂടി മാറില്ല എന്ന് ചിന്തിക്കുന്നവർ പാർട്ടിയിലും കൂടി വരികയാണ്.

## ഇനിയൊരു പടയൊരുക്കം

പിണറായി ദുർബലനായിരിക്കുന്നു. പി.ബിയിൽ പോലും എതിർ സ്വരങ്ങൾ. എം.എ .ബേബിയുടെ പഴയ കൂട്ടുകെട്ട്, ബേബി ഐസക്ക് അച്ചുതണ്ട് എന്ന് പണ്ട് വിളിച്ചിരുന്ന ആ ഉൾപ്പാർട്ടി നീക്കം വീണ്ടും ഉയർത്തെഴുന്നേറ്റ് വരുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കൊല്ലത്ത് പാർട്ടി വിട്ടു യു.ഡി.എഫ് ക്യാമ്പിൽ എത്തിയ എൻ.കെ. പ്രേമചന്ദ്രന് എതിരെ മത്സരിക്കാൻ 2014 ൽ ഒരു പടക്കുതിരയെ പോലെ പാർട്ടി അയച്ചത് സാക്ഷാൽ എം.എ. ബേബിയെയാണ്. പിണറായി വിജയനായിരുന്നു ആ തീരുമാനത്തിന് പിന്നിൽ. മത്സരം മുറുകിയ വേളയിൽ എതിർസ്ഥാനാർത്ഥിക്ക് എതിരെ പിണറായി വിജയൻ പരനാറി പ്രയോഗം നടത്തി. ഒന്നല്ല പലവട്ടം. ആ തെരഞ്ഞെടുപ്പിൽ പ്രേമചന്ദ്രൻ ബേബിയെ തൂത്തെറിഞ്ഞു. തോൽവിക്ക് ഒരൊറ്റ കാരണമേ ഉണ്ടായിരുന്നുള്ളൂ. അത് പിണറായി ബോധപൂർവ്വം നടത്തിയ ആ പരനാറി പ്രയോഗം തന്നെ. അക്കാര്യം മറ്റാരെക്കാളും വ്യക്തമായി അറിയാവുന്ന ആളാണ് ഇപ്പോൾ പാർട്ടിയുടെ പരമോന്നത പദവിയിൽ എത്തിയിരിക്കുന്ന ബേബി സഖാവ്. പാർട്ടിക്കുള്ളിൽ ആ പ്രയോഗം ഇനി ആവർത്തിക്കരുത് എന്ന് പലരും അടക്കം പറഞ്ഞെങ്കിലും പിണറായി അത് ചെവിക്കൊണ്ടില്ല.

ഇനി ബേബിക്ക് ഒന്നും നഷ്ടപ്പെടാനില്ല. 2028 ലെ പാർട്ടി കോൺഗ്രസ് ആവുമ്പോഴേക്കും 72 കാരനായ ബേബി പ്രായപരിധിയായ 75ൽ എത്തിയിരിക്കും. ഇളവ് നൽകി ബേബിയെ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ആനയിക്കാൻ അന്ന് ആരുണ്ടാവും? ഇത് തന്റെ ലാസ്റ്റ് ബസ് ആണെന്ന് മറ്റാരെക്കാളും തിരിച്ചറിവുള്ള നേതാവാണ് നന്നേ ചെറുപ്പത്തിലെ പാർട്ടിയിലെത്തിയ ഈ കൊല്ലം പ്രാക്കുളംകാരൻ.

അതിനുള്ള അണിയറ നീക്കങ്ങൾ ബേബിയും സ്വരാജും ബാലഗോപാലനും കണ്ണൂരിലെ ജയരാജന്മാരും തുടങ്ങി കഴിഞ്ഞുവോ?

## ഇതെല്ലാം കൂടി പാർട്ടിയെ എവിടെ കൊണ്ടെത്തിക്കും?

പ്രതിപക്ഷനേതാവ് എന്ന നിലയിൽ പിണറായിയുടെ പ്രകടനം പോരാ എന്ന് നിയമസഭാ നടപടിക്രമങ്ങൾ ലൈവ് ആയി കാണുന്ന ആർക്കും ബോധ്യപ്പെടും. എഴുതിക്കൊടുക്കാതെ നേരാംവണ്ണം ഒന്നും പറയാൻ ഇപ്പോഴത്തെ ആരോഗ്യസ്ഥിതിയിൽ പിണറായിക്ക് കഴിയില്ല. മകളും മരുമകനും താനും ഉൾപ്പെടുന്ന നിരവധിയായ അഴിമതി കേസുകളുടെ വരുംവരായ്കകൾ മനസ്സിൽ ഓടുന്ന ഒരു മനുഷ്യന്റെ വാർദ്ധക്യ സഹജമായ നിസ്സഹായതയാണ് നമ്മൾ തിരിച്ചറിയേണ്ടത്. ആഞ്ഞടിക്കാൻ ഒരു പ്രതിപക്ഷ ഉപ നേതാവ് കൂടി ആയിക്കോട്ടെ എന്ന് കരുതാൻ ആ വൃദ്ധ മനസ്സ് ഇപ്പോഴും സമ്മതിക്കാത്തതും അതുകൊണ്ടുതന്നെ. കമ്മ്യൂണിസ്റ്റ് ഏകാധിപതിയായിരുന്ന ജോസഫ് സ്റ്റാലിൻ പടുത്തുയർത്തിയ ഉരുക്കുകോട്ടയിൽ വിള്ളലിട്ട് സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്ക് തന്നെ കാരണക്കാരനായ ഒരു ഗോർബച്ചേവ് ചരിത്രത്തിൽ ഉള്ളപ്പോൾ, ഇവിടെ സി.പി.എം എന്ന പ്രസ്ഥാനത്തിന്റെ ഉരുക്കു കോട്ടയിൽ വിള്ളൽ വീണു തുടങ്ങിയെങ്കിൽ അതിന് ഉത്തരവാദി ആര് എന്ന് കാലം വിധിയെഴുതട്ടെ.

◗ *പ്രിജിത്ത് രാജ്*



# ഫോൺ വിളിക്കുന്നതുപോലെ എഐയോട് സംസാരിക്കാം! ഒരേസമയം കേൾക്കുകയും പറയുകയും ചെയ്യുന്ന 'ജിപിടി–ലൈവ്' എത്തി

സാങ്കേതികവിദ്യയുടെ ലോകത്ത് വീണ്ടുമൊരു വിപ്ലവത്തിന് തിരികൊളുത്തിയിരിക്കുകയാണ് പ്രമുഖ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കമ്പനിയായ ഓപ്പൺ എഐ. നമ്മളോട് സംസാരിക്കുകയും, ഒരേസമയം നമ്മൾ പറയുന്നത് കേൾക്കുകയും ചെയ്യുന്ന 'ജിപിടിലൈവ്' എന്ന പുത്തൻ വോയിസ് മോഡലുകളാണ് കമ്പനി ഇപ്പോൾ ആഗോളതലത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

മുമ്പുണ്ടായിരുന്ന വോയിസ് അസിസ്റ്റന്റുകളിൽ നിന്ന് വ്യത്യസ്തമായി, തികച്ചും ഒരു മനുഷ്യനോട് സംസാരിക്കുന്ന അതേ അനുഭവമാണ് ജിപിടിലൈവ് സമ്മാനിക്കുന്നത്. ഒരു ടെക് ജേണലിസ്റ്റ് എന്ന നിലയിൽ ഈ സാങ്കേതികവിദ്യയെ വിലയിരുത്തുമ്പോൾ, ഇത് സാധാരണക്കാരായ മനുഷ്യരുടെ ദൈനംദിന ജീവിതം എത്രത്തോളം ലളിതമാക്കുമെന്നത് അത്ഭുതപ്പെടുത്തുന്ന കാര്യമാണ്.



## എന്താണ് ജിപിടി–ലൈവ്?

സാധാരണയായി ഗൂഗിൾ അസിസ്റ്റന്റോ സിരിയോ ഒക്കെ ഉപയോഗിക്കുമ്പോൾ, നമ്മൾ പറഞ്ഞു നിർത്തിയതിന് ശേഷം മാത്രമേ എഐ മറുപടി പറയാറുള്ളൂ. എന്നാൽ ജിപിടി-ലൈവ് പ്രവർത്തിക്കുന്നത് 'ഫുൾഡ്യൂപ്ലെക്സ്' ആർക്കിടെക്ചറിലാണ്. അതായത്, ഇതിന് ഒരേസമയം സംസാരിക്കാനും നമ്മൾ പറയുന്നത് കേൾക്കാനും സാധിക്കും.

- **ഇടയ്ക്ക് കയറി സംസാരിക്കാം:** എഐ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നമുക്ക് അതിനെ തടസ്സപ്പെടുത്തി പുതിയ ചോദ്യങ്ങൾ ചോദിക്കാം.
- **മനുഷ്യസഹജമായ പ്രതികരണങ്ങൾ:** നമ്മൾ സംസാരിക്കുമ്പോൾ ശ്രദ്ധിക്കുന്നുണ്ടെന്ന് കാണിക്കാൻ 'മ്ഹം' (mhmm), 'ശരി' (yeah) തുടങ്ങിയ മറുപടികൾ ഇത് തനിയെ നൽകും.
- **പശ്ചാത്തല പ്രവർത്തനങ്ങൾ:** ഗൗരവമേറിയതോ ഇന്റർനെറ്റിൽ തിരയേണ്ടതോ ആയ ചോദ്യങ്ങൾ വരുമ്പോൾ, ഇത് പശ്ചാത്തലത്തിൽ ഓപ്പൺഎഐയുടെ ഏറ്റവും പുതിയ 'GPT-5.5' മോഡലിലേക്ക് കണക്ട് ചെയ്ത് വിവരങ്ങൾ ശേഖരിക്കും. എന്നാൽ ഈ സമയം മുഴുവൻ നിങ്ങളോടുള്ള സംഭാഷണം മുടങ്ങാതെ കൊണ്ടുപോകാനും ഇതിന് സാധിക്കും.

പെയിഡ് ഉപയോക്താക്കൾക്ക് GPT-Live-1 മോഡലും, സൗജന്യ ഉപയോക്താക്കൾക്ക് GPT-Live-1 mini മോഡലുമാണ് നിലവിൽ ലഭ്യമാക്കിയിട്ടുള്ളത്.

## സാധാരണക്കാരുടെ ജീവിതം ഇത് എങ്ങനെ എളുപ്പമാക്കും?

ഈ സാങ്കേതികവിദ്യ വെറുമൊരു ആഡംബരമല്ല, മറിച്ച് സാധാരണക്കാരുടെ നിത്യജീവിതത്തിലെ പല ബുദ്ധിമുട്ടുകളും പരിഹരിക്കാൻ പോകുന്ന ഒന്നാണ്. ചില ഉദാഹരണങ്ങൾ നോക്കാം:

1. **തത്സമയ ഭാഷാ പരിഭാഷകൻ:** നിങ്ങൾ അന്യഭാഷ സംസാരിക്കുന്ന ഒരാളോട് സംസാരിക്കുകയാണെങ്കിൽ, ഫോണിലെ ജിപിടിലൈവ് ഓൺ ചെയ്തു വെച്ചാൽ മതി. ഇരുവർക്കും തടസ്സമില്ലാതെ സ്വന്തം ഭാഷയിൽ സംസാരിക്കാം; എഐ അത് തത്സമയം പരിഭാഷപ്പെടുത്തി നൽകും.
2. **വീട്ടമ്മമാർക്കും പാചകക്കാർക്കും ഒരു സഹായി:** അടുക്കളയിൽ ജോലി ചെയ്യുമ്പോൾ കൈകൾ തിരക്കിലായിരിക്കുമല്ലോ. റെസിപ്പി ചോദിക്കാനും, അടുത്ത സ്റ്റെപ്പിലേക്ക് കടക്കാൻ ആവശ്യപ്പെടാനും, വേഗത കുറച്ച് പറഞ്ഞുതരാൻ പറയാനും വെറുതെ സംസാരിച്ചാൽ മാത്രം മതി.
3. **പഠനവും ഹോംവർക്കുകളും എളുപ്പമാക്കുന്നു:** കുട്ടികൾക്ക് സംശയങ്ങൾ ചോദിക്കാനും, കഥകൾ കേൾക്കാനും, ഒരു സ്വകാര്യ ട്യൂട്ടറെപ്പോലെ ഇതിനെ ഉപയോഗിക്കാം.
4. **സാങ്കേതികവിദ്യ അറിയാത്തവർക്കും ഡിജിറ്റൽ സഹായം:** സ്മാർട്ട്ഫോണുകൾ ഉപയോഗിക്കാൻ ബുദ്ധിമുട്ടുന്ന പ്രായമായവർക്ക് പോലും ലളിതമായി സംസാരിച്ച് കാര്യങ്ങൾ മനസ്സിലാക്കാനും കാലാവസ്ഥ, സ്പോർട്സ് വിവരങ്ങൾ എന്നിവ വിഷ്വൽ കാർഡുകളിലൂടെ സ്ക്രീനിൽ കാണാനും സാധിക്കും.

## ജിപിടിലൈവ് എങ്ങനെ ഉപയോഗിക്കാം?

നിങ്ങളുടെ ആൻഡ്രോയിഡ് അല്ലെങ്കിൽ ഐഫോണിൽ ഈ ഫീച്ചർ എങ്ങനെ ഉപയോഗിക്കാമെന്ന് താഴെ പറയുന്ന സ്റ്റെപ്പുകളിലൂടെ മനസ്സിലാക്കാം:

### സ്റ്റെപ്പ് 1: ആപ്പ് ഡൗൺലോഡ് ചെയ്യുക

നിങ്ങളുടെ ഫോണിലെ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പിൾ ആപ്പ് സ്റ്റോറിൽ നിന്നോ ഔദ്യോഗിക ചാറ്റ് ജിപിടി ആപ്പ് ഡൗൺലോഡ് ചെയ്യുക (ആപ്പ് ഉള്ളവർ അത് ഏറ്റവും പുതിയ പതിപ്പിലേക്ക് അപ്ഡേറ്റ് ചെയ്യുക).

### സ്റ്റെപ്പ് 2: വോയിസ് മോഡ് ഓൺ ചെയ്യുക

ആപ്പ് ഓപ്പൺ ചെയ്ത ശേഷം, താഴെ വലത് കോണിലായി കാണുന്ന 'Microphone/Voice' ഐക്കണിൽ ക്ലിക്ക് ചെയ്യുക.

### സ്റ്റെപ്പ് 3: സെറ്റിങ്സ് പരിശോധിക്കുക

ആദ്യമായി ഉപയോഗിക്കുമ്പോൾ, ആപ്പിലെ Settings – Voice എന്ന ഓപ്ഷനിൽ പോയി 'Live' എന്നത് സെലക്ട് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. ഇവിടെ നിങ്ങൾക്ക് ഇഷ്ടമുള്ള ശബ്ദം (9 വ്യത്യസ്ത ശബ്ദങ്ങൾ ലഭ്യമാണ്) തിരഞ്ഞെടുക്കാവുന്നതാണ്.

### സ്റ്റെപ്പ് 4: സംസാരിച്ചു തുടങ്ങുക

ഇനി സാധാരണ ഒരു സുഹൃത്തിനോട് സംസാരിക്കുന്നതുപോലെ സംസാരിക്കാം. എഐ സംസാരിക്കുമ്പോൾ തന്നെ നിങ്ങൾക്ക് ആവശ്യാനുസരണം അതിനെ തിരുത്തുകയോ, വേഗത കുറയ്ക്കാൻ ആവശ്യപ്പെടുകയോ ചെയ്യാം.

**ഒരു പ്രധാന ടിപ്പ്:** കൂടുതൽ വ്യക്തതയുള്ള സംഭാഷണങ്ങൾക്ക് ഹെഡ്ഫോൺ ഉപയോഗിക്കുന്നത് നന്നായിരിക്കും. ഐഫോൺ ഉപയോക്താക്കൾക്ക് ഫോണിലെ Cotnrol Cent-ല്യ തുറന്ന് Mic Modeൽ 'Voice Isolation' ഓൺ ചെയ്യുന്നത് വഴി പശ്ചാത്തല ശബ്ദങ്ങൾ ഒഴിവാക്കി കൂടുതൽ മികച്ച അനുഭവം നേടാം.




◗ *റോബിൻസ് ആന്റണി*

# പുത്തൻ ഡിസൈനിലുള്ള മടക്കാവുന്ന ഫോണുകളുമായി ഗാലക്സി അൺപാക്ക്ഡ് ഇവന്റ്



ആഗോള സ്മാർട്ട്ഫോൺ വിപണിയിലെ രണ്ട് വമ്പന്മാരായ ആപ്പിളും സാംസങ്ങും തമ്മിലുള്ള പോരാട്ടം പുതിയ തലത്തിലേക്ക് നീങ്ങുന്നു. തങ്ങളുടെ ആദ്യത്തെ ഫോൾഡബിൾ ഐഫോൺ പുറത്തിറക്കാൻ ആപ്പിൾ തയ്യാറെടുക്കുന്നതിനിടയിൽ വിപണിയിൽ വ്യക്തമായ മേധാവിത്വം നേടാനായി സാംസങ് പുതിയ ഫോൾഡബിൾ സ്മാർട്ട്ഫോണുകൾ അവതരിപ്പിക്കാൻ ഒരുങ്ങുകയാണ്. ഇതിന്റെ ഭാഗമായി സാംസങ്ങിന്റെ ഏറ്റവും പുതിയ ഗാലക്സി അൺപാക്ക്ഡ് ഇവന്റ് ഈ മാസം ഇരുപത്തിരണ്ടിന് ലണ്ടനിൽ വെച്ച് നടക്കുമെന്ന് കമ്പനി ഔദ്യോഗികമായി അറിയിച്ചു.

മടക്കാവുന്ന ഫോണുകളുടെ വിപണി ആദ്യമായി തുറന്നുകൊടുത്ത സാംസങ് തങ്ങളുടെ സ്ഥാനം കൂടുതൽ ശക്തമാക്കാനാണ് പുതിയ മോഡലുകളിലൂടെ ലക്ഷ്യമിടുന്നത്. ആപ്പിൾ തങ്ങളുടെ ഫോൾഡബിൾ ഐഫോൺ വിപണിയിൽ എത്തിക്കുന്നതിന് മുൻപ് തന്നെ ഉപയോക്താക്കളെ ആകർഷിക്കുക എന്നതാണ് ഈ അടിയന്തര നീക്കത്തിന് പിന്നിലെ പ്രധാന ഉദ്ദേശം. പുതിയ രൂപത്തിലും അത്യാധുനിക സാങ്കേതിക വിദ്യകളിലും അധിഷ്ഠിതമായ ഫോണുകളാണ് ലണ്ടൻ ഇവന്റിൽ അവതരിപ്പിക്കുക എന്നാണ് സൂചന.

ഗാലക്സി ഇക്കോസിസ്റ്റത്തിലെ പുതിയ സ്മാർട്ട്ഫോണുകളായ ഗാലക്സി ഇസഡ് ഫോൾഡ് 8, ഗാലക്സി ഇസഡ് ഫ്ളിപ്പ് 8 എന്നിവയാണ് ഈ ചടങ്ങിലെ പ്രധാന ആകർഷണങ്ങൾ. കൂടുതൽ വീതിയുള്ളതും എന്നാൽ നീളം കുറഞ്ഞതുമായ പുതിയ പാസ്പോർട്ട് ഡിസൈനിലുള്ള മൂന്നാമതൊരു ഫോൾഡബിൾ ഫോണും ഇത്തവണ സാംസങ് നിരയിൽ കാണാൻ സാധിക്കുമെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വീഡിയോകൾ കാണുന്നതിനും ഒരേസമയം ഒന്നിലധികം ആപ്പുകൾ ഉപയോഗിക്കുന്നതിനും ഈ പുതിയ ഡിസൈൻ ഏറെ സഹായകരമാകും.

എഐ സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ആധുനിക ഫീച്ചറുകൾ പുതിയ ഫോൾഡബിൾ ഫോണുകളിൽ പ്രധാന പങ്കുവഹിക്കും. വലിയ സ്ക്രീനുകളിൽ കൂടുതൽ കാര്യക്ഷമമായി ജോലികൾ ചെയ്യാനും മൾട്ടിടാസ്കിങ് സുഗമമാക്കാനും ഗാലക്സി എഐ ഫീച്ചറുകൾ ഉപയോക്താക്കളെ സഹായിക്കും. സ്മാർട്ട്ഫോണുകൾക്ക് പുറമെ പുതിയ സ്മാർട്ട് വാച്ചുകളും വെയറബിൾ ഗാഡ്ജറ്റുകളും ഈ ചടങ്ങിൽ വെച്ച് കമ്പനി ഔദ്യോഗികമായി പുറത്തിറക്കും.

ഫോൾഡബിൾ സ്മാർട്ട്ഫോൺ രംഗത്തെ ഈ പുതിയ മത്സരം പ്രീമിയം ഫോൺ വിപണിയിൽ വലിയ മാറ്റങ്ങൾക്ക് വഴിതുറക്കുമെന്നാണ് സാങ്കേതിക വിദഗ്ധർ വിലയിരുത്തുന്നത്. ഗൂഗിൾ തങ്ങളുടെ പുതിയ പിക്സൽ ഫോണുകൾ അടുത്ത മാസം അവതരിപ്പിക്കാൻ ഒരുങ്ങുന്ന പശ്ചാത്തലത്തിലാണ് സാംസങ് ഈ തന്ത്രപരമായ മുന്നേറ്റം നടത്തുന്നത്. ഇന്ത്യ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വിപണികളിൽ ഈ പുത്തൻ ഫോണുകൾക്കായുള്ള പ്രീബുക്കിംഗ് സംവിധാനങ്ങൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

# ആൻഡ്രോയിഡ് ഉപയോക്താക്കൾക്ക് ഗൂഗിളിന്റെ കടുത്ത പ്രഹരം: സൗജന്യ 15ജിബി സ്റ്റോറേജ് ഇനി പെട്ടെന്ന് തീരും




ആൻഡ്രോയിഡ് സ്മാർട്ട്ഫോൺ ഉപയോഗിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളെ നേരിട്ട് ബാധിക്കുന്ന വൻ സുപ്രധാന മാറ്റവുമായി സെർച്ച് ഭീമന്മാരായ ഗൂഗിൾ രംഗത്തെത്തിയിരിക്കുകയാണ്. നിങ്ങളുടെ ഫോണിലെ പ്രധാനപ്പെട്ട വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്ന ആൻഡ്രോയിഡ് ബാക്കപ്പ് സംവിധാനത്തിന്റെ നിയമാവലികളാണ് കമ്പനി ഇപ്പോൾ പൂർണ്ണമായി പരിഷ്കരിച്ചിരിക്കുന്നത്. പുതിയ സ്റ്റോറേജ് നയം നിലവിൽ വരുന്നതോടെ ഉപയോക്താക്കൾക്ക് ഗൂഗിൾ അക്കൗണ്ടിനൊപ്പം സൗജന്യമായി ലഭിക്കുന്ന പതിനഞ്ച് ജിബി ക്ലൗഡ് സ്പേസ് വളരെ വേഗത്തിൽ തീർന്നുപോകാൻ സാധ്യതയുണ്ടെന്നാണ് പുതിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

ഇതുവരെ നിങ്ങളുടെ ഫോണിലെ കോൺടാക്റ്റുകൾ, കോൾ ഹിസ്റ്ററി, എസ്എംഎസ് സന്ദേശങ്ങൾ, ഡിവൈസ് സെറ്റിങ്സുകൾ തുടങ്ങിയവയുടെ ബാക്കപ്പ് ഡാറ്റ ഗൂഗിളിന്റെ സൗജന്യ പതിനഞ്ച് ജിബി പരിധിയിൽ ഉൾപ്പെടുത്തിയിരുന്നില്ല. മുൻപ് ഗൂഗിൾ ഫോട്ടോസിലേക്ക് അപ്ലോഡ് ചെയ്യുന്ന ചിത്രങ്ങളും ഡ്രൈവ് ഫയലുകളും മാത്രമാണ് ഈ സൗജന്യ ക്ലൗഡ് സ്റ്റോറേജിൽ കണക്കാക്കിയിരുന്നത്. എന്നാൽ പുതിയ പരിഷ്കരണത്തോടെ ഫോണിലെ മുഴുവൻ സിസ്റ്റം ബാക്കപ്പ് വിവരങ്ങളും ഈ സൗജന്യ സ്റ്റോറേജ് പരിധിയിലേക്ക് തന്നെ കൂട്ടിച്ചേർക്കാനാണ് ഗൂഗിൾ തീരുമാനിച്ചിരിക്കുന്നത്.

ആഗോളതലത്തിൽ പുതിയ ആൻഡ്രോയിഡ് ബാക്കപ്പ് അക്കൗണ്ട് ആരംഭിക്കുന്ന ആളുകൾക്ക് ഈ നിയന്ത്രണം ഉടനടി ബാധകമായി തുടങ്ങിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള പഴയ ഉപയോക്താക്കൾക്ക് വരും മാസങ്ങളിൽ ഘട്ടങ്ങളായി മാത്രമായിരിക്കും ഈ പുതിയ സ്റ്റോറേജ് പോളിസി നടപ്പിലാക്കുക. പുതിയ മാറ്റങ്ങൾ വലിയ രീതിയിൽ ഡാറ്റാ സ്പേസ് നഷ്ടപ്പെടുത്തില്ലെന്നും ശരാശരി ഒരു ഉപയോക്താവിന് നാൽപ്പത് എംബി വരെ മാത്രമായിരിക്കും അധികമായി വരികയെന്നും ഗൂഗിൾ വക്താക്കൾ ഔദ്യോഗികമായി വിശദീകരിക്കുന്നുണ്ട്.

എങ്കിലും നിലവിൽ തന്നെ തങ്ങളുടെ പതിനഞ്ച് ജിബി സൗജന്യ പരിധി പൂർണ്ണമായി തീരാറായ ഉപയോക്താക്കൾക്ക് ഈ ചെറിയ മാറ്റം പോലും വലിയ പ്രതിസന്ധി സൃഷ്ടിച്ചേക്കാം. ഇതിനകം തന്നെ ജിമെയിൽ സന്ദേശങ്ങളും വാട്സാപ്പ് ബാക്കപ്പുകളും വലിയ രീതിയിൽ ഗൂഗിൾ സ്റ്റോറേജ് ഉപയോഗിക്കുന്നുണ്ട്. സ്റ്റോറേജ് പരിധി കഴിഞ്ഞാൽ പുതിയ ഇമെയിലുകൾ വരുന്നതും ഫയലുകൾ സേവ് ചെയ്യുന്നതും പൂർണ്ണമായി തടസ്സപ്പെടും.

ഈ പ്രതിസന്ധി മറികടക്കാൻ ഉപയോക്താക്കൾക്കായി പുതിയ ബാക്കപ്പ് കൺട്രോൾ സംവിധാനങ്ങളും ഗൂഗിൾ തങ്ങളുടെ ക്രമീകരണങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉപയോക്താക്കൾക്ക് തങ്ങളുടെ ഫോൺ സെറ്റിങ്സിൽ പോയി ഏതൊക്കെ ആപ്പുകളുടെ ഡാറ്റയാണ് ബാക്കപ്പ് ചെയ്യേണ്ടതെന്ന് ഇനി മുതൽ സ്വയം തീരുമാനിക്കാൻ സാധിക്കും. ആവശ്യമില്ലാത്ത ആപ്പുകളുടെ ബാക്കപ്പ് ഓഫ് ചെയ്യുന്നതിലൂടെ വലിയ രീതിയിൽ ക്ലൗഡ് സ്പേസ് ലാഭിക്കാൻ സാധിക്കും.

കൂടുതൽ സുതാര്യത ഉറപ്പാക്കാനാണ് ഈ പുതിയ മാറ്റങ്ങൾ കൊണ്ടുവരുന്നതെന്നാണ് ഗൂഗിൾ വ്യക്തമാക്കുന്നത്. കൂടുതൽ ഫയലുകൾ സൂക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് പണം നൽകി ഗൂഗിൾ വൺ സബ്സ്ക്രിപ്ഷൻ സ്വന്തമാക്കാവുന്നതാണ്. ഇന്ത്യയിൽ പ്രതിമാസം അൻപത്തിയൊൻപത് രൂപ നിരക്കിൽ മുപ്പത് ജിബി വരെയുള്ള പ്ലാനുകൾ ലഭ്യമാണ്. സ്മാർട്ട്ഫോൺ വിപണിയിലെ തങ്ങളുടെ കുത്തക നിലനിർത്തുന്നതിനൊപ്പം കൂടുതൽ വരുമാനം കണ്ടെത്താനും ഗൂഗിൾ ഈ സാങ്കേതിക മാറ്റത്തിലൂടെ ലക്ഷ്യമിടുന്നുണ്ട്.

# മാരകമായ മിസൈൽ വർഷവുമായി ഇറാൻ: ഗൾഫിൽ യുദ്ധം പ്രഖ്യാപിച്ച് റെവല്യൂഷണറി ഗാർഡ്സ്

പശ്ചിമേഷ്യൻ ആകാശത്തെ യുദ്ധക്കോളുകൾ അതീവ ഗുരുതരമായ ഘട്ടത്തിലേക്ക് എത്തിച്ചുകൊണ്ട് അമേരിക്കൻ സൈനിക താവളങ്ങൾക്ക് നേരെ ശക്തമായ വ്യോമാക്രമണം നടത്തി ഇറാൻ. ഗൾഫ് രാജ്യങ്ങളിൽ വിന്യസിച്ചിട്ടുള്ള എല്ലാ യുഎസ് കമാൻഡ് സെന്ററുകളും തങ്ങളുടെ മിസൈലുകളുടെയും അത്യാധുനിക ഡ്രോണുകളുടെയും പ്രഹരപരിധിയിലാണെന്ന് ഇറാന്റെ റെവല്യൂഷണറി ഗാർഡ്സ് ഔദ്യോഗികമായി മുന്നറിയിപ്പ് നൽകി. കഴിഞ്ഞ ഏതാനും മണിക്കൂറുകൾക്കുള്ളിൽ കുവൈറ്റിലെയും ബഹ്റൈനിലെയും പ്രധാന യുഎസ് താവളങ്ങൾക്ക് നേരെ വൻതോതിൽ മിസൈലുകൾ പതിച്ചതായാണ് പുതിയ അന്താരാഷ്ട്ര റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.ഹോർമുസ് കടലിടുക്കിൽ വെച്ച് മൂന്ന് ചരക്കുകപ്പലുകൾക്ക് നേരെ ആക്രമണമുണ്ടായെന്ന് ആരോപിച്ച് അമേരിക്കൻ വ്യോമസേന ദക്ഷിണ ഇറാനിൽ അതിശക്തമായ ബോംബാക്രമണം നടത്തിയിരുന്നു. ഇറാന്റെ വ്യോമ പ്രതിരോധ സംവിധാനങ്ങളെയും റഡാർ നിലയങ്ങളെയും ലക്ഷ്യമിട്ട് എൺപതിലധികം ബോംബുകളാണ് അമേരിക്കൻ യുദ്ധവിമാനങ്ങൾ വർഷിച്ചത്. ഈ കടുത്ത വ്യോമാക്രമണത്തിന് തൊട്ടുപിന്നാലെയാണ് കനത്ത പ്രതികാരവുമായി ഇറാൻ റെവല്യൂഷണറി ഗാർഡ്സ് രംഗത്തെത്തിയത്.അമേരിക്ക നടത്തിയ വെടിനിർത്തൽ ലംഘനത്തിന് ഭീകരമായ വില നൽകേണ്ടി വരുമെന്ന് ഇറാൻ വ്യക്തമാക്കി.





## പാകിസ്ഥാനെ നടുക്കി ബലൂച് വിമതർ: രണ്ട് ദിവസത്തിനിടെ നാല്പതിലധികം പാക് സൈനികർ കൊല്ലപ്പെട്ടു

പാകിസ്ഥാനിലെ തന്ത്രപ്രധാനമായ ബലൂചിസ്ഥാൻ പ്രവിശ്യയിൽ പാക് സുരക്ഷാ സേനയ്ക്ക് നേരെ വിഘടനവാദികൾ നടത്തിയ വ്യത്യസ്തമായ ആക്രമണങ്ങളിൽ നാല്പതിലധികം സൈനികർ കൊല്ലപ്പെട്ടതായി ഔദ്യോഗിക സ്ഥിരീകരണം. നിരോധിത സംഘടനയായ ബലൂചിസ്ഥാൻ ലിബറേഷൻ ആർമി നടത്തിയ ആസൂത്രിതമായ ഈ ഒളിപ്പോരാട്ടത്തിൽ നിരവധി സൈനികർക്ക് കടുത്ത പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഈ ആഴ്ചയുടെ തുടക്കത്തിൽ ബലൂചിസ്ഥാന്റെ വിവിധ ഭാഗങ്ങളിലായി ഉണ്ടായ സ്ഫോടനങ്ങളുടെയും വെടിവെപ്പുകളുടെയും കൃത്യമായ വിവരങ്ങൾ പാകിസ്ഥാൻ ആഭ്യന്തര മന്ത്രാലയം ഒടുവിൽ പുറത്തുവിടുകയായിരുന്നു.പ്രവിശ്യയിലെ പ്രധാനപ്പെട്ട സൈനിക ക്യാമ്പുകളെയും സുരക്ഷാ ചെക്ക് പോസ്റ്റുകളെയും ലക്ഷ്യമിട്ടാണ് വിമതർ അത്യാധുനിക ആയുധങ്ങളുമായി ഒരേസമയം ആക്രമണം അഴിച്ചുവിട്ടത്.

## നാറ്റോ നേതാക്കൾക്ക് പേരെഴുതിയ തോക്കുകൾ നൽകി ഉർദുഗാൻ: നിയമക്കുരുക്കിൽ പെട്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി

തുർക്കി തലസ്ഥാനമായ അങ്കാറയിൽ സമാപിച്ച നാറ്റോ ഉച്ചകോടിക്ക് പിന്നാലെ ലോകനേതാക്കൾക്ക് അപ്രതീക്ഷിത സമ്മാനം നൽകി തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് ഉർദുഗാൻ. ഉച്ചകോടിയിൽ പങ്കെടുത്ത എല്ലാ ആഗോള നേതാക്കൾക്കും അവരുടെ പേര് കൊത്തിയ അത്യാധുനിക പിസ്റ്റളുകളും ഒപ്പം തത്സമയ വെടിയുണ്ടകളുമാണ് അദ്ദേഹം സമ്മാനമായി നൽകിയത്. എന്നാൽ തുർക്കി പ്രസിഡന്റിന്റെ ഈ അപൂർവ്വമായ ആയുധ സമ്മാനം സ്വീകരിച്ച നേതാക്കളിൽ പലരും സ്വന്തം രാജ്യങ്ങളിലെ കർശനമായ ആയുധ നിയമങ്ങൾ കാരണം വലിയ രീതിയിലുള്ള പ്രതിസന്ധിയിലാണ് ചെന്നുപെട്ടത്.ബ്രിട്ടീഷ് പ്രധാനമന്ത്രി കിർ സ്റ്റാർമറാണ് ഈ രസകരമായ വിവരം ലണ്ടനിലേക്കുള്ള യാത്രാമധ്യേ മാധ്യമപ്രവർത്തകരുമായി പങ്കുവെച്ചത്. തന്റെ പേരെഴുതിയ ആ വമ്പൻ സമ്മാനം യുകെയിലേക്ക് കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ അങ്കാറയിൽ തന്നെ ഉപേക്ഷിക്കേണ്ടി വന്നതായി അദ്ദേഹം വെളിപ്പെടുത്തി. ബ്രിട്ടനിലെ കർശനമായ തോക്ക് വിരുദ്ധ നിയമങ്ങൾ പ്രകാരം ഇത്തരം ആയുധങ്ങൾ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായും നിയമവിരുദ്ധമായതിനാലാണ് അദ്ദേഹം ഈ കടുത്ത തീരുമാനമെടുത്തത്.



# കടലിടുക്കിലെ സ്ഫോടനങ്ങളും അടുക്കളയിലെ വിലക്കയറ്റവും: ഇന്ത്യയിൽ സിഎൻജി, പാചകവാതക നിരക്കുകൾ ഉയരാൻ സാധ്യത



സാധാരണക്കാരന്റെ അടുക്കള ബജറ്റിനെയും യാത്രാ ചിലവുകളെയും ഒരുപോലെ ആശങ്കയിലാഴ്ത്തിക്കൊണ്ട് ഇന്ധന വിപണിയിൽ നിന്ന് കടുത്ത വാർത്തകളാണ് പുറത്തുവരുന്നത്. തുർക്കിയിലെ അങ്കാറയിൽ വെച്ച് നടക്കുന്ന നാറ്റോ ഉച്ചകോടിക്കിടെ യുഎസ്-ഇറാൻ സമാധാന ചർച്ചകൾ തകർന്നതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചതിന് പിന്നാലെ, ഹോർമുസ് കടലിടുക്കിൽ രൂപപ്പെട്ട പുതിയ യുദ്ധസമാനമായ അന്തരീക്ഷം ആഗോള ഊർജ്ജ വിപണിയെ വല്ലാതെ ഉലച്ചിരിക്കുകയാണ്. ഇതിന്റെ നേരിട്ടുള്ള പ്രതിഫലനമെന്നോണം യൂറോപ്പിലെയും ഏഷ്യയിലെയും പ്രകൃതിവാതക വില കുതിച്ചുയരുകയും, ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ സിഎൻജി, എൽപിജി നിരക്കുകൾ വീണ്ടും വർദ്ധിക്കാനുള്ള സാധ്യതകൾ ഏറുകയും ചെയ്തിരിക്കുന്നു.

ആഗോളതലത്തിലെ ഈ കപ്പൽപ്പാത തർക്കങ്ങൾ എങ്ങനെയാണ് ഇന്ത്യയിലെ സാധാരണക്കാരന്റെ പോക്കറ്റിനെ ബാധിക്കാൻ പോകുന്നതെന്നതിനെക്കുറിച്ചുള്ള അവലോകനം താഴെ നൽകുന്നു:

ലോകത്ത്ഉൽപ്പാദിപ്പിക്കപ്പെടുന്നദ്രവീകൃത പ്രകൃതിവാതകത്തിന്റെ (എൽ.എൻ.ജി) അഞ്ചിലൊന്നും കടന്നുപോകുന്ന അതീവ തന്ത്രപ്രധാനമായ പാതയാണ് ഹോർമുസ് കടലിടുക്ക്. ഖത്തർ, യുഎഇ തുടങ്ങിയ പ്രമുഖ കയറ്റുമതി രാജ്യങ്ങളിൽ നിന്നുള്ള എൽഎൻജി കപ്പലുകൾ ഈ വഴിയിലൂടെയാണ് ഇന്ത്യയിലേക്കും യൂറോപ്പിലേക്കും സഞ്ചരിക്കുന്നത്. കഴിഞ്ഞ ദിവസം ഒമാൻ തീരത്ത് വെച്ച് ഒരു വാതകക്കപ്പലിന് നേരെ ഉണ്ടായ ആക്രമണവും, അതിനെത്തുടർന്ന് യുഎസ് സൈന്യം ഇറാന്റെ ഡ്രോൺ കേന്ദ്രങ്ങൾക്ക് നേരെ നടത്തിയതിരിച്ചടിയുംകപ്പൽകമ്പനികളെവല്ലാതെ ഭയപ്പെടുത്തിയിട്ടുണ്ട്. ഈ ഭീതിയാണ് ആഗോള വാതക വിപണിയിൽ പെട്ടെന്നുള്ള വിലക്കയറ്റത്തിന് കാരണമായത്.

### 1. ആഗോള വാതക വിപണിയിലെ വൻ കുതിച്ചുചാട്ടവും പുതിയ നിരക്കുകളും

ഹോർമുസ് കടലിടുക്കിലെ പുതിയ സൈനിക നീക്കങ്ങൾ അന്താരാഷ്ട്ര വിപണിയിലെ വാതക വില ഒറ്റയടിക്ക് വർദ്ധിപ്പിച്ചു.

**യൂറോപ്യൻ ബെഞ്ച്മാർക്കിലെ വർദ്ധനവ്:** യൂറോപ്പിലെപ്രകൃതിവാതക വിലയുടെ മാനദണ്ഡമായ ഡച്ച് ടിടിഎഫ് നിരക്കുകൾ ഇന്ന് ഒറ്റയടിക്ക് 4.5 ശതമാനത്തിലധികം വർദ്ധിച്ച് മെഗാവാട്ട് അവറിന് 46 യൂറോയ്ക്ക്മുകളിലെത്തി.ബ്രിട്ടനിലെഗ്യാസ് കോൺട്രാക്റ്റുകളിലും 5.4 ശതമാനത്തിന്റെ വൻ വർദ്ധനവാണ് രേഖപ്പെടുത്തിയത്.

**ക്രൂഡ് ഓയിൽ വിലയിലെ അസ്ഥിരത:** വാതകവിലയ്ക്കൊപ്പംരാജ്യാന്തരവിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വിലയും മൂന്ന് ശതമാനത്തിലധികം വർദ്ധിച്ച് ബാരലിന് 74 ഡോളറിന് മുകളിലെത്തിയിട്ടുണ്ട്. ഇത് ആഗോള ഇന്ധന വിപണിയിൽ വലിയൊരു പണപ്പെരുപ്പ ഭീഷണി ഉയർത്തുന്നു.

**കപ്പൽ ഇൻഷുറൻസ് നിരക്കുകൾ കുതിച്ചുയരുന്നു:** യുദ്ധമേഖലയിലൂടെ സഞ്ചരിക്കുന്ന കപ്പലുകളുടെ ഇൻഷുറൻസ് പ്രീമിയം തുക കമ്പനികൾ കുത്തനെ കൂട്ടിയതും വിതരണ ചിലവ് വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. ഇത് സ്വാഭാവികമായും ഉപഭോക്താക്കളുടെ തലയിലാണ് വന്നു പതിക്കുക.

### 2. ഇന്ത്യൻ സാധാരണക്കാരന്റെ പോക്കറ്റിന് ഏൽക്കാൻ പോകുന്ന ആഘാതങ്ങൾ

ആഗോളതലത്തിലുണ്ടാകുന്ന ഈ വാതക വിലക്കയറ്റം ഇന്ത്യയിലെ ഇന്ധനപാചക മേഖലകളെ നേരിട്ട് ബാധിക്കും.

**സിഎൻജി നിരക്കുകളിലെ വർദ്ധനവ്:** അന്താരാഷ്ട്ര വിപണിയിൽ ഇറക്കുമതി ചിലവ് കൂടിയതോടെ രാജ്യതലസ്ഥാനമായ ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിൽ സിഎൻജി വില ഇതിനകം തന്നെ കിലോഗ്രാമിന് 80 രൂപ കടന്നിരിക്കുകയാണ്. വരും ദിവസങ്ങളിൽ മുംബൈ, കൊച്ചി തുടങ്ങിയ നഗരങ്ങളിലും സിഎൻജി നിരക്കുകൾ വീണ്ടും വർദ്ധിച്ചേക്കും.

**പാചകവാതക വിലയിലെ ആശങ്ക:** ഇന്ത്യ തങ്ങൾക്ക് ആവശ്യമുള്ള എൽപിജിയുടെ വലിയൊരു പങ്കും ഇറക്കുമതി ചെയ്യുന്നത് ഖത്തർ പോലുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്നാണ്. ഹോർമുസ് പാത തടസ്സപ്പെടുകയോ വില ഉയരുകയോ ചെയ്താൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള എൽപിജി സിലിണ്ടറുകളുടെ വില വീണ്ടും വർദ്ധിക്കാൻ ഇത് കാരണമാകും.

**യാത്രാ ചിലവുകളും ചരക്കുകൂലിയും കൂടും:** സിഎൻജി വില വർദ്ധിക്കുന്നതോടെ ഓട്ടോ, ടാക്സി, ബസ് നിരക്കുകൾ ഉയരുകയും അത് സാധാരണക്കാരുടെ ദൈനംദിന ബജറ്റിനെ ബാധിക്കുകയും ചെയ്യും. ചരക്കുകടത്ത് ചിലവ് കൂടുന്നത് വിപണിയിൽ പച്ചക്കറികളുടെയും മറ്റ് അവശ്യസാധനങ്ങളുടെയും വിലക്കയറ്റത്തിന് കാരണമാകും.

### 3. മുൻകാല അനുഭവങ്ങളും ഇന്ത്യയുടെ തന്ത്രപരമായ പ്രതിരോധങ്ങളും

ഈ വർഷം ഫെബ്രുവരിയിൽ ഉണ്ടായ വലിയ എണ്ണ പ്രതിസന്ധിയെ ഇന്ത്യ നേരിട്ട രീതി ഏറെ ശ്രദ്ധേയമായിരുന്നു.

**വിലക്കയറ്റം തടഞ്ഞുനിർത്തിയ തന്ത്രം:** ഫെബ്രുവരിയിൽ ഹോർമുസ് കടലിടുക്ക് താൽക്കാലികമായി അടഞ്ഞപ്പോൾ ലോകമെമ്പാടും ഇന്ധനവില 40 മുതൽ 80 ശതമാനം വരെ ഉയർന്നപ്പോഴും ഇന്ത്യയിൽ പെട്രോൾ വിലയിൽ വെറും 7.8 ശതമാനത്തിന്റെ വർദ്ധനവ് മാത്രമാണ് ഉണ്ടായത്. വിപണിയിലെ തകർച്ചയുടെ ഭാരം പൊതുമേഖലാ എണ്ണക്കമ്പനികൾ സ്വയം ഏറ്റെടുത്തതുകൊണ്ടാണ് അന്ന് സാധാരണക്കാരന് വലിയ ആശ്വാസം ലഭിച്ചത്.

**ഭീമമായ വിദേശനാണ്യ ശേഖരം:** പ്രതിസന്ധി ഘട്ടങ്ങളിലും ഇന്ത്യയുടെ ഫോറെക്സ് റിസർവ് എക്കാലത്തെയും ഉയർന്ന നിരക്കായ 728 ബില്യൺ ഡോളറിൽ സുരക്ഷിതമായിരുന്നു. ഇത് സാമ്പത്തിക അസ്ഥിരതകളെ ചെറുക്കാൻ രാജ്യത്തിന് വലിയ കരുത്ത് നൽകുന്നുണ്ട്.

**തന്ത്രപരമായ എണ്ണ ശേഖരം കൂട്ടാനുള്ള നീക്കം:** ഇത്തരം ആവർത്തിക്കുന്ന പശ്ചിമേഷ്യൻ പ്രതിസന്ധികളെ നേരിടാൻ ഇന്ത്യ തങ്ങളുടെ സ്ട്രാറ്റജിക് പെട്രോളിയം റിസർവ് ശേഷി മൂന്നിരട്ടിയാക്കണമെന്നാണ് ഊർജ്ജ വിദഗ്ധർ ഇപ്പോൾ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

### 4. ആഗോള രാഷ്ട്രീയവും അന്താരാഷ്ട്ര പ്രതികരണങ്ങളും

അമേരിക്കയും ഇറാനും തമ്മിലുള്ള ഈ വടംവലി ലോകത്തെ മറ്റ് വൻശക്തികളെയും കടുത്ത നടപടികളിലേക്ക് പ്രേരിപ്പിക്കുന്നുണ്ട്.

**കാനഡയുടെ പുതിയ ഊർജ്ജ നയങ്ങൾ:** കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് യൂറോപ്പിലേക്കുള്ള എൽഎൻജി കയറ്റുമതി വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. പശ്ചിമേഷ്യയെ ആശ്രയിക്കുന്നത് കുറയ്ക്കാൻ കാനഡ തങ്ങളുടെ ആഭ്യന്തര ഉൽപ്പാദനം കൂട്ടുകയാണെന്ന് ഒട്ടാവ വ്യക്തമാക്കി.

**യൂറോപ്യൻ രാജ്യങ്ങളുടെ ആശങ്ക:** ശീതകാലം വരാനിരിക്കുന്ന പശ്ചാത്തലത്തിൽ വാതക വില ഉയരുന്നത് യൂറോപ്യൻ രാജ്യങ്ങളിലെ വൈദ്യുതി നിരക്കുകൾ കുത്തനെ കൂട്ടാൻ കാരണമാകുമെന്ന ഭീതിയിലാണ് അവിടുത്തെ ഭരണാധികാരികൾ.





TONY VARKICHAN ACHAYANS GROUP
SINCE 2005
22 Year Legacy of Trust & Quality
50+ BRANCHES
അച്ചായൻസിൽ സ്വർണ്ണം വിൽക്കാം
ഇരട്ടി
വിശ്വാസത്തോടെ
നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.
ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്നവിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.
OPENING SOON IN DUBAI
KERALA'S NO.1 GOLD BUYER
അച്ചായൻസ് ഗോൾഡ് 916
എറണാകുളം, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട
ഇടുക്കി, കൊല്ലം, ദുബായ്, ഷാർജ
90613 50 916 | 85900 46 916
FREE GIFT
വിദേശ പഠനം / ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
എല്ലാ ബ്രാഞ്ചുകളിലും സ്തുത്യർഹമായ സേവനം ഉറപ്പുനൽകുന്നു.
www.achayansgold.in
FOR SPECIAL NRI SERVICES
Contact:
MR. SHINIL KURIAN
90723 88 173
ചെങ്ങന്നൂർ, തിരുവല്ല, കോഴഞ്ചേരി, ചങ്ങനാശ്ശേരി, കടുവാക്കുളം, ചിങ്ങവനം, സംക്രാന്തി, ഏറ്റുമാനൂർ, പാലാ, നീണ്ടൂർ, പേരൂർ, വാഗമൺ, ഉഴവൂർ, കുത്താട്ടുകുളം, കരിങ്കുന്നം, വാഴക്കുളം, പാമ്പാടി,
മുണ്ടക്കയം, കട്ടപ്പന, കടുത്തുരുത്തി, ചേർത്തല, മരട്, കടവന്ത്ര, മണർകാട്, മുട്ടം, പള്ളിക്കത്തോട്, കറുകച്ചാൽ, കുമരകം, മല്ലപ്പള്ളി, പത്തനംതിട്ട, റാന്നി, മാവേലിക്കര, അടൂർ, കാവാലം, തൊടുപുഴ

# Coming home is the ultimate luxury. PalmCare awaits you.

The PalmCare Groves is an elegantly crafted, nature-embraced **senior living** community rising in Kothamangalam, the serene gateway to Munnar. Thoughtfully designed to foster comfort, wellbeing, and meaningful living, the project is nestled within six acres of lush green surroundings, complemented by green courtyards within the campus, offering a tranquil and harmonious living environment.






Our Team – Leadership



**Mr. Babu Joseph**
Chairman & Managing Director
PalmCare Senior Living Pvt. Ltd.



**Ms. Limi Rose Tom**
Director & Co-Founder
PalmCare Senior Living Pvt. Ltd.

PalmCare GROVES SENIOR LIVING

**PalmCare Senior Living Pvt. Ltd.**
Kothamangalam, Kerala, India.
www.palmcareseniorliving.com

info@palmcareseniorliving.com
+91 85909 84731
+91 80756 55504